ധനകാര്യം

2013–14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച (തുടർച്ച)

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, 2014–15 വർഷത്തെ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു. പാവപ്പെട്ടവന്റെ തലയിൽ ഭാരം കെട്ടിവയ്ക്കാതെ വിഭവ സമാഹരണത്തിനും പാവപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിനുംവേണ്ടി നിശ്ചയദാർഢ്യത്തോടുകൂടി പുതിയ തീരുമാനങ്ങളെടുത്ത് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച പ്രിയപ്പെട്ട മാണിസാറിനെ അഭിനന്ദിക്കുന്നു. നമ്മുടെ രാജ്യം സാമ്പത്തികമാന്ദ്യം നേരിടുന്ന അവസരത്തിൽ പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്തെ 8% വളർച്ചാനിരക്ക് പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്തും നിലനിർത്താൻ കഴിയുന്നത് വളരെ സന്തോഷകരമായ കാര്യമാണ്. കേരളമൊരു കാർഷിക സംസ്ഥാനമാണ്. കേരളത്തിലെ കർഷകരെ സംരക്ഷിക്കാൻ യു.ഡി.എഫ്. സർക്കാരിന് മാത്രമേ കഴിയൂ എന്ന് മാണിസാർ ഈ ബഡ്ജറ്റിൽകൂടി തെളിയിച്ചിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയും അതോടൊപ്പം കാർഷികപ്രതിസന്ധിയും നേരിട്ടുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ കർഷകന്റെ പ്രതിസന്ധികൾ മനസ്സിലാക്കിക്കൊണ്ടാണ് മാണിസാർ ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. കാലാവസ്ഥയുടെ വ്യതിയാനവും ഉത്പാദനച്ചെലവ് വർദ്ധിച്ചതും അതുപോലെ ഉത്പന്നങ്ങളുടെ വിലത്തകർച്ചയും കാലവർഷക്കെടുതിയും സാധാരണക്കാരായ കർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. നാടിന്റെ നിലനിൽപ്പ് കർഷകരാണെന്ന് മനസ്സിലാക്കിക്കൊണ്ട് കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി വളരെ സമഗ്രമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ശ്രീ. കെ. എം.

മാണി അവതരിപ്പിച്ച ബഡ്ജറ്റിൽ പദ്ധതികളില്ലെന്ന തരത്തിൽ അപ്പുറത്തുള്ള ചില ആളുകൾ സംസാരിച്ചു. ഈ ബഡ്ജറ്റെടുത്ത് പരിശോധിച്ചാൽ സാധാരണക്കാരായ കർഷകർക്ക് ആവശ്യമായ കാർഷികമേഖലയിലുള്ള ഒട്ടനവധി പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളതായി കാണാനാകും. ഇൻകം ഗ്യാരന്റി സ്കീമിനുവേണ്ടി 50 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. കർഷകർക്ക് പ്രതിസന്ധിയുണ്ടാകുമ്പോൾ അവർക്ക് ഒരു താങ്ങായി പ്രധാനപ്പെട്ട ഇരുപത്തിയഞ്ചിന വിളകളാണ് ഇൻഷ്വർ ചെയ്യുന്നത്. ഇത്തരം പദ്ധതികൾ സാധാരണക്കാരായ കർഷകർ സ്വാഗതം ചെയ്യുമ്പോൾ അപ്പുറത്തിരിക്കുന്ന ആളുകൾ അതിനെ പ്രഹസനമായി കാണുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. മാത്രമല്ല ഇതിന്റെ 90 ശതമാനം പ്രീമിയംതുക സർക്കാർ വഹിക്കുകയാണ്. 10 ശതമാനം മാത്രമാണ് സാധാരണക്കാരായ കർഷകർ വഹിക്കേണ്ടത്. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തുന്നതെന്ന് സാധാരണക്കാരായ ജനങ്ങൾക്ക് ബോധ്യപ്പെട്ടുകഴിഞ്ഞു. അങ്ങനെ കാലവർഷക്കെടുതിയിൽ നിന്നും മറ്റു നാശനഷ്ടങ്ങളിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ കഴിയുമെന്നാണ് ഒരു കർഷക കുടുംബത്തിൽ ജനിച്ചു വളർന്ന വ്യക്തി എന്ന നിലയ്ക്ക് ഞാൻ മനസ്സിലാക്കുന്നത്. കർഷകരുടെ പ്രയാസങ്ങൾ മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ കർഷകസമൂഹത്തെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുടെ ആരോഗ്യനില സംരക്ഷിച്ചുകൊണ്ട് കുടുംബത്തിനും സ്വത്തിനും സംരക്ഷണം കൊടുത്തുകൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഈ സർക്കാർ പ്രഖ്യാപിച്ചു. 50 കോടി രൂപയാണ് അതിനുവേണ്ടി മാറ്റിവച്ചിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശയ്ക്ക് ലോൺ എടുക്കുന്നതിനും അവർക്ക് ആവശ്യമായ സേവന

ങ്ങൾക്ക് മറ്റ് ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെടുന്നതിനും അഗ്രി കാർഡുൾപ്പെടെയുള്ള സംവിധാനങ്ങൾ കൊണ്ടു വന്നത് ഈ ഗവൺമെന്റാണ്. ഞാൻ മാണി സാറിനെ അഭിനന്ദിക്കുന്നു. അത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരളത്തിലെ സാധാരണക്കാരായ കർഷകർ വിലയിരുത്തുന്നു എന്നതാണ് യാഥാർത്ഥ്യം. ഹൈടെക്ക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 200 കോടി രൂപയാണ് മാറ്റി വച്ചത്. കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രതിസന്ധിയും കൊണ്ട് കാർഷിക മേഖല തകരുമ്പോൾ കാർഷിക മേഖലയിൽ ഒരു പുത്തൻ ദീർഘവീക്ഷണമാണ് മാണി സാർ കൊണ്ടു വന്നിട്ടുള്ളത്. ഹൈടെക്ക് കൃഷി രീതിയിലൂടെ ഫാമുകളിലെ ശാസ്ത്രീയമായ സംവിധാനങ്ങളിലൂടെ ഉൽപ്പാദനം നടത്തി സാധാരണക്കാരുടെയിടയിൽ എത്തിക്കുന്നതിനുള്ള 200 കോടി രൂപയുടെ കാർഷിക മേഖലാ പദ്ധതിയാണ്. സാമ്പത്തിക സഹായം, ഉൽപ്പന്ന വിപണനം-നമ്മുടെ നാട്ടിൽ ചെറുപ്പക്കാർ കൂട്ട് കൃഷി ചെയ്യാറുണ്ട്. സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് പലയിനം കൃഷികളും കൂട്ടുകൃഷിയായി തുടങ്ങാറുണ്ട്. യുവജനങ്ങൾക്ക് കൂട്ടുകൃഷി സമ്പ്രദായത്തിന് വേണ്ടി പലിശ രഹിതവായ്പയായി 5 ലക്ഷം രൂപ വരെ ലോൺ കൊടുക്കുന്ന രീതി ചരിത്രത്തിലാദ്യമായിട്ടാണ് കൊണ്ടുവന്നത്. ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിലെ ചെറുപ്പക്കാർ, യുവജനങ്ങൾ ഉൾപ്പെടെയുള്ള വ്യക്തികൾ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുമ്പോൾ അപ്പുറത്തുള്ള യുവജനങ്ങളായ എം.എൽ.എ മാർ ഇതിനെ എതിർക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. ഗൃഹനാഥൻ മരണപ്പെട്ടാൽ 50,000 രൂപ വരെയുള്ള കാർഷിക ലോണുകളുടെ പകുതി ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചു. ഭൂമിയുടെ രേഖ തിരിച്ചു

കിട്ടുമോയെന്ന് ആശങ്കപ്പെട്ടിരിക്കുന്ന വീട്ടമ്മമാരെ ആശ്വസിപ്പിക്കുന്നതിന് വേണ്ടിയാണ് മാണി സാർ ഈ പദ്ധതി പ്രഖ്യാപിച്ചത്. ഇതൊരു കാരുണ്യ പദ്ധതിയായി മാറുന്നു. 50,000 രൂപ വരെയുള്ള കാർഷിക കടത്തിന്റെ പകുതി യെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. അത് 50,000 രൂപയാക്കി മാറ്റണ മെന്ന് ബഹുമാനപ്പെട്ട മാണിസാറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇങ്ങ നെയുള്ള ഒട്ടനവധി പദ്ധതികളാണ് ഈ ഗവൺമെന്റ് ബഡ്ജറ്റിൽ കൂടി കൊണ്ടു വന്നത്. കേരളത്തിലെ കർഷകരെ സഹായിക്കാൻ ഇത്രയേറെ പദ്ധ തികൾ ബഡ്ജറ്റിൽ കൊണ്ടു വന്ന യു.ഡി.എഫ്. ഗവൺമെന്റിനെയും ധന കാര്യ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി 14 ജില്ലകളിൽ ജനസമ്പർക്ക പരിപാടി കൾ നടത്തിയപ്പോൾ അവിടെ കാണാൻ കഴിഞ്ഞത് പതിനായിരങ്ങൾ അവ രുടെ വിഷമ കഥകൾ പറഞ്ഞുകൊണ്ട് പ്രയാസങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി എത്തുന്നതാണ്. ഭക്ഷണം പോലും കഴിക്കാതെ ബഹുമാനപ്പെട്ട മുഖ്യ മന്ത്രി സാധാരണക്കാരുടെ പരാതികൾ കേട്ട് പരാതിക്ക് പരിഹാരമു ണ്ടാക്കിക്കൊണ്ട് കാൻസർ, കിഡ്നി രോഗങ്ങൾ, തളർവാതം, ഹൃദ്രോഗം തുടങ്ങിയ രോഗമുള്ളവർക്ക് അദ്ദേഹം ധനസഹായം വിതരണം ചെയ്യുമ്പോൾ അതൊക്കെ പ്രഹസനമായി കണ്ടുകൊണ്ട് ജനസമ്പർക്ക പരിപാടിയുടെ പന്ത ലിന്റെ മുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ച ചില കക്ഷികളെ തിരിച്ചറിയേണ്ടി യിരിക്കുന്നു. ബഹുമാനപ്പെട്ട മാണി സാറിനോട് ഒരു കാര്യം സൂചിപ്പിക്കാനു ണ്ട്. വയനാട് ജില്ലയിൽ കാലാകാലം കാർഷിക പ്രതിസന്ധി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. 1998–99 കാലഘട്ടം മുതൽ വരൾച്ച ശക്ത മായിക്കൊണ്ടിരിക്കുകയാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ളർ പുൽപ്പ

ളളിയും, മുളളംകൊല്ലിയും വയനാട് ജില്ലയിലെ വിവിധ മേഖലകളും സന്ദർശിച്ചു. കാർഷികവൃത്തിയെ മാത്രം ആശ്രയിച്ചുകഴിയുന്ന കർഷകർക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത ലോണുകൾപോലും തിരിച്ചട യ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. അവിടത്തെ കണക്കുകൾ പരിശോധിച്ചപ്പോൾ മുതൽ കൂടാതെ പലിശയും കൂട്ടുപലിശയുമടക്കം 200 കോടിയിൽ താഴെ രൂപയാണുളളത്. അത്തരം പലിശയും കൂട്ടുപലിശയും ഒഴി വാക്കിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ സംവിധാനം കൊണ്ടുവന്നു സഹാ യിച്ചാൽ ഒരുപാട് കുടുംബങ്ങൾക്ക് അത് പ്രയോജനം ചെയ്യും. ജലസമൃദ്ധ കേരളം പദ്ധതി– കടുത്ത വരൾച്ച നേരിടുന്ന സാഹചര്യത്തിൽ 100 കോടി രൂപയാണ് ഇതിലേക്കായി മാറ്റി വച്ചിട്ടുളളത്. ചെറുപുഴ കളിലും തോടുകളിലും നീർച്ചാലുകളിലും കുളങ്ങളിലും തടയണകൾ നിർമ്മിച്ചു കടുത്ത വരൾച്ച നേരിടുമ്പോൾ ജലം സാധാരണക്കാരായ ജനങ്ങൾ ഉപയോ ഗിക്കുന്ന കിണറുകളിൽ റീചാർജ് ചെയ്യുന്നതിന് വേണ്ടിയുളള സാഹചര്യം ഉണ്ടാകണം. പുഴകളിൽ നിന്നും തോടുകളിൽ നിന്നും ജലം ഒഴുകി മറ്റ് സ്റ്റേറ്റു കളിലേക്ക് പോകുമ്പോൾ ആ വെളളം സംഭരിക്കാനുളള സാഹചര്യം ഉണ്ടാ ക്കുന്നതിനു വേണ്ടി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിന് വേണ്ടിയുളള പദ്ധ തികൾക്ക് മുൻഗണന കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മാണിസാറിനോട് അപേക്ഷിക്കുകയാണ്. കാർഷിക മേഖലയിൽ ഉൽപ്പാദനം, വിതരണം, സംഭ രണം ഇവ കാര്യക്ഷമമാക്കുന്നതിന് വേണ്ടി 964.82 കോടി രൂപയാണ് മാറ്റി വച്ചിട്ടുളളത്. നെല്ല് സംഭരണം കൊണ്ടു വന്നതുപോലെ കാപ്പിയും കുരുമു ളകും സംഭരിക്കുന്നതു പോലെ കർഷകന്റെ ഉൽപ്പന്നങ്ങൾ സംഭരിച്ചുകൊണ്ട്, അവർക്ക് ന്യായമായ വിലകൊടുത്തുകൊണ്ട് കർഷക കുടുംബങ്ങളെ സംര

ക്ഷിക്കുന്ന ഒരു സാഹചര്യം ഈ പദ്ധതിയിൽ ഉണ്ടാകണം. മാണി സാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഗവേഷണ കേന്ദ്രങ്ങൾക്ക് മുൻഗണന കൊടുത്തിരിക്കുകയാണ്. അമ്പലവയൽ, കുമരകം, മണ്ണുത്തി, വെള്ളായണി, പട്ടാമ്പി തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 3.5 കോടി രൂപ മാറ്റി വച്ചിരിക്കുന്നു. അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം എന്റെ നിയോജക മണ്ഡലത്തിലാണ്. 250 ഏക്കറിൽ സ്ഥിതി ചെയ്യുന്ന കാർഷിക ഗവേഷണ കേന്ദ്രം. ഇത്തരം ഗവേഷണ കേന്ദ്രങ്ങൾക്ക് അനുവദിച്ച സംഖ്യ വർദ്ധിപ്പിച്ചുകൊണ്ട് വർദ്ധനവ് സാധാരണക്കാരായ കർഷകരിലേക്ക് എത്തിക്കുന്നതിന് വേണ്ടി പത്ത് കോടി രൂപയെങ്കിലും ഈ മേഖലയ്ക്കുവേണ്ടി മാറ്റി വയ്ക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വനം, വന്യ ജീവി മേഖലയിലെ പ്രവർത്തനങ്ങൾക്ക് 150 കോടി രൂപ വകയിരുത്തുന്നു. എന്റെ പ്രിയ സുഹൃത്ത് ശ്രീ. എം.വി. ശ്രേയാംസ് കുമാർ ഇവിടെ സബ്മിഷൻ ഉന്നയിച്ചു. വയനാട്ടിൽ വന്യമൃഗങ്ങളെക്കൊണ്ട് വീർപ്പുമുട്ടിയിരിക്കുകയാണ്. ആന, കാട്ടുപോത്ത്, കരടി, കടുവ, കുരങ്ങ് ഉൾപ്പെടെയുള്ള വന്യജീവികളുടെ ശല്യം വർദ്ധിച്ചു വരികയാണ്. വന്യജീവികൾ മനുഷ്യനെ ആക്രമിച്ച് കൊലപ്പെടുത്തിക്കഴിഞ്ഞാൽ ആ കുടുംബത്തിന് മൂന്ന് ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകിക്കൊണ്ടിരുന്നത്. അത് അഞ്ചു ലക്ഷം രൂപയായി ഉയർത്തണമെന്ന് അപേക്ഷിക്കുകയാണ്. ഫെൻസിംഗിന്, വൈദ്യുത ലൈനുകൾ കൊടുക്കുന്നതിനെക്കാൾ മുൻതൂക്കം കൊടുക്കേണ്ടത് കൽമതിലുകൾക്കാണ്. കൽമതിൽ നിർമ്മിച്ചു കഴിഞ്ഞാൽ വനവും ജനവാസവും വേർതിരിച്ചുകൊണ്ട് വനത്തിലുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിലേക്ക് ഇറങ്ങാത്ത സാഹചര്യം ഉണ്ടാക്കിയെടുക്കാൻ കഴിയും. വയനാട് ജില്ല

യിൽ നബാർഡിന്റെ സ്കീം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇപ്പോഴും കൽമതിലുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. അത് സുരക്ഷിതമായ സംവിധാനമാണ്. അതുകൊണ്ട് ഈ മേഖലയിൽ കൽമതിലുകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുള്ള പദ്ധതിയാണ് ....

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, നമ്മുടെ രണ്ടുപേരുടെയും ജില്ല ഏകദേശം ഒരേ സ്വഭാവത്തിൽപ്പെട്ടതാണ്. വനമേഖലകളിൽ മനുഷ്യനെ വേട്ടയാടുന്ന വന്യ മൃഗങ്ങളെ ഓടിക്കുവാനുള്ള അവകാശം നമുക്ക് വേണം എന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, തീർച്ചയായും ഒന്നാംഘട്ടം വന്യ മൃഗങ്ങളെ ഓടിക്കലല്ല. വനവും ജനങ്ങളും തമ്മിൽ വേർതിരിച്ചുകൊണ്ടുള്ള സംവിധാനമാണ് വേണ്ടത്. മൃഗങ്ങളെ ഓടിക്കാൻ എല്ലാ ഘട്ടത്തിലും നമുക്ക് കഴിയുകയില്ല. അതുകൊണ്ടാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൽമതിലുകൾ നിർമ്മിക്കണമെന്ന് ഞാൻ പറയുന്നത്. കൽമതിലുകൾ പണിതാൽ ജനവാസകേന്ദ്രങ്ങളിലേക്കുള്ള വന്യ മൃഗങ്ങളുടെ കടന്നുകയറ്റം ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' ഈ ഗവൺമെന്റിന്റെ സ്വപ്ന പദ്ധതിയാണ്. ഈ പദ്ധതിക്ക് തുടക്കം കുറിക്കുന്ന അവസരത്തിൽ, പല ആശയകുഴപ്പങ്ങളും ഉണ്ടായെങ്കിലും അത് സമഗ്രമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ തല ചായ്ക്കാൻ ഒരു സെന്റ് ഭൂമി പോലുമില്ലാത്ത പാവങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമടക്കം മുൻകൈയെടുത്തുകൊണ്ട് അവരെ സംരക്ഷിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ചത് സ്വാഗതാർഹമാണ്. ഇതിനായി 10 കോടി രൂപയാണ് മാറ്റി വച്ചിട്ടുള്ളത്.

ഇത്തരം പദ്ധതികൾ പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്ന പദ്ധതിയാണ്. പാവങ്ങൾ രണ്ട് കയ്യും നീട്ടി സ്വീകരിക്കുന്ന പദ്ധതിയാണ്. 1.1.1977– ന് മുമ്പ് കൈവശം വച്ചിരിക്കുന്ന ഭൂമികൾക്ക് പട്ടയം നൽകുക എന്നത് വയനാടിനെ സംബന്ധിച്ച് വലിയ നേട്ടമുള്ള കാര്യമാണ്. സാധാരണക്കാരായ ആളുകൾ കൈവശം വച്ചിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിക്കുമെന്ന് പറയുമ്പോൾ അവരുടെ ചിരകാല സ്വപ്നം അവിടെ പൂവണിയുകയാണ്. ഇങ്ങനെയുള്ള ഒരുപാട് നല്ല പദ്ധതികളാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. എ. കെ. ബാലൻ: സർ, ഭൂമി വാങ്ങാൻ പത്ത് കോടി രൂപ നീക്കി വച്ചത് നല്ല കാര്യം. കഴിഞ്ഞ എൽ.ഡി.എഫിന്റെ കാലത്ത് 50 കോടി രൂപ ആദിവാസികൾക്ക് ഭൂമി വാങ്ങാൻ വേണ്ടി നീക്കി വച്ചിട്ട് ഇതുവരെ പത്ത് പൈസ അതിൽ നിന്ന് ചെലവഴിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നിങ്ങളുടെ ഗവൺമെന്റുള്ള സമയത്ത് നടപടിയെടുക്കാൻ കഴിഞ്ഞില്ലല്ലോ. ഈ ഗവൺമെന്റ് വന്ന് രണ്ടര വർഷം പൂർത്തീകരിക്കാൻ പോകുകയാണ്. ഈ ഗവൺമെന്റ് നടപടിയെടുത്തു. പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി കുമാരി പി.കെ. ജയലക്ഷ്മി വളരെ വ്യക്തമായി ഇവിടെ മറുപടി പറഞ്ഞു. അതിന്റെ നടപടിക്രമങ്ങൾ പൂർണ്ണമായിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിനെക്കുറിച്ചു പറയുകയാണെങ്കിൽ, കേരളത്തിലെ മുഴുവൻ റോഡുകളും സഞ്ചാരയോഗ്യമാക്കിയ ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ടു മാസമായപ്പോൾ ചുരം റോഡ് സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വയനാട്ടിൽ ഡി.വൈ.എഫ്.ഐ.–കാർ സമരം നടത്തി. കഴിഞ്ഞ അഞ്ചുവർഷം ഇടതു

പക്ഷ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ ചുരം റോഡിന്റെ സംരക്ഷണം എന്ന സ്വപ്നം പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാൻ കഴിയാതിരുന്നവർ ഈ ഗവൺമെന്റ് വന്ന് രണ്ടുമാസം കഴിയുമ്പോൾ ചുരം റോഡ് സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു യാത്ര സംഘടിപ്പിക്കുകയുണ്ടായി. യു.ഡി.എഫ്. ഗവൺമെന്റ് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കുമെന്നു മുൻകൂട്ടി കണ്ടുകൊണ്ട്, ഇടതുപക്ഷപാർട്ടികളുടെ സമരത്തിന്റെ ഭാഗമായിട്ടാണ് ചുരം റോഡിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് പറയിക്കുന്നതിനുവേണ്ടിയാണിത്. ഇത്തരം സമരങ്ങളെ പ്രഹസനമായിട്ടാണ് ഞങ്ങൾ കണ്ടത്. ഈ ഗവൺമെന്റിന്റെ ഒരു ആശയമാണ് ബദൽ റോഡ്. തീർച്ചയായും ചുരം റോഡ് സംരക്ഷിക്കുന്നതോടൊപ്പംതന്നെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ബദൽ റോഡ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി കൂടിയുണ്ടാകണം. ഈ ബഡ്ജറ്റിൽ തന്നെ അത് കൊണ്ടുവരാനുള്ള തീരുമാനമുണ്ടാകണം. വയനാട് ജില്ലയിൽ റെയിൽവേ എന്നത് ഞങ്ങളുടെ ചിരകാല സ്വപ്നമാണ്. ഞങ്ങൾക്ക് ട്രെയിൻ കാണണമെങ്കിലോ ട്രെയിനിൽ യാത്ര ചെയ്യണമെങ്കിലോ കണ്ണൂരിലോ വടകരയിലോ കോഴിക്കോടോ പോകണം. ഞങ്ങളുടെ ഏറെക്കാലത്തെ സ്വപ്നം പൂവണിയാൻ പോകുകയാണ്. വയനാടിലെ ജനതയ്ക്കു വേണ്ടി ഞാൻ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. നിലമ്പൂർ-നഞ്ചൻകോഡ് റെയിൽവേ തുടങ്ങുന്നതിനുവേണ്ടി 5 കോടി രൂപയാണ് ഈ പദ്ധതിയിൽ മാറ്റിവച്ചിട്ടുള്ളത്. തീർച്ചയായും ഇത് യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. വയനാടിലെ ജനങ്ങൾക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും അഭിനന്ദിക്കാൻ ആഗ്രഹിക്കുന്നു. വിനോദസഞ്ചാര മേഖലയിൽ ഒട്ടനവധി

മാറ്റങ്ങൾ വയനാടിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വീരപഴശ്ശി തമ്പുരാൻ ബ്രിട്ടീഷ് പടയാളികളുടെ വെടിയുണ്ടയ്ക്ക് ഇരയായി പിടഞ്ഞ് വീണ മണ്ണാണ് മാവിലാന്തോട്. അവിടെ അദ്ദേഹത്തിന്റെ മ്യൂസിയം പണിയാൻ കഴിഞ്ഞ ഗവൺമെന്റിന് കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം മുഖ്യമന്ത്രിയും ടൂറിസം വകുപ്പുമന്ത്രിയും മാവിലാന്തോട് പുൽപ്പള്ളി മേഖലയിൽ സന്ദർശനം നടത്തി. അവിടെ വിനോദസഞ്ചാര വകുപ്പ് 75 ലക്ഷം രൂപ മുടക്കി പഴശ്ശിരാജയുടെ നാമത്തിൽ മ്യൂസിയത്തിന്റെ പണി നട ന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ നിരവധി ദീർഘവീക്ഷണമുള്ള പദ്ധതി കൾ കൊണ്ടുവന്ന് വയനാട് ജില്ല ഉൾപ്പെടെയുള്ള കേരളത്തിലെ സമസ്ത ജില്ലകളിലും ഒട്ടനവധി മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഗവൺമെന്റാണി ത്. ഞങ്ങളുടെയൊക്കെ ഏറെകാലത്തെ ആഗ്രഹമാണ് വയനാട് ജില്ലയിൽ ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജുണ്ടാകുക എന്നുള്ളത്. രണ്ടു മണി ക്കൂർ യാത്ര ചെയ്താൽ മാത്രമേ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു രോഗിയെ എത്തിക്കാൻ കഴിയുകയുള്ളൂ. അത് കഴിഞ്ഞ ബഡ്ജറ്റിൽ മാണി സാർ പ്രഖ്യാപിച്ചു. അതിന്റെ തറക്കല്ലിടൽ 22-ന് മുഖ്യമന്ത്രി നടത്താൻ പോകുകയാണ്. പ്രിയപ്പെട്ട എം. വി. ശ്രേയാംസ് കുമാർ എം.എൽ.എ.-യുടെ കുടുംബത്തിൽ നിന്ന് ഇതിനുവേണ്ടി 50 ഏക്കർ സ്ഥലം സൗജന്യമായി വിട്ടു കൊടുത്തിരിക്കുകയാണ്. ഇത്തരത്തിൽ ഒട്ടനവധി പദ്ധതികൾ നടത്തിക്കൊ ണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിനെ കാരുണ്യ ഗവൺമെന്റ് എന്ന് ഞാൻ വിശേഷിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാരുണ്യ ലോട്ടറിയും മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പാവപ്പെട്ട രോഗികൾക്ക് അവരുടെ രോഗനിവാരണത്തിനാവശ്യമായ മരുന്നുകൾ വാങ്ങി ചികിത്സ നടത്തുന്നതി

നുവേണ്ടി നിരവധി പദ്ധതികൾക്ക് ഈ ഗവൺമെന്റ് രൂപം കൊടുത്തു കൊണ്ടിരിക്കുകയാണ്. പട്ടികവർഗ്ഗ മേഖലയിലും പട്ടികജാതി മേഖലയിലും മോഡൽ കോളനികൾ ഉൾപ്പെടെ ഒട്ടനവധി പദ്ധതികൾക്ക് രൂപം കൊടുത്തു കൊണ്ടിരിക്കുകയാണ്. തീർച്ചയായും ഈ ഗവൺമെന്റിനെ ഞാൻ അഭിനന്ദി ക്കുന്നു. പട്ടികവർഗ്ഗക്കാരുടെ 50,000 രൂപ വരെയുള്ള കടം എഴുതിത്തള്ളുന്ന തിന് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ പട്ടികവർഗ്ഗ ക്കാർ ഈ ബഡ്ജറ്റിനെ അംഗീകരിച്ചു കഴിഞ്ഞു. അങ്ങനെ നിരവധി പദ്ധതി കൾക്ക് സാക്ഷ്യം വഹിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന ഈ ഗവൺമെന്റിനെ പരസ്യമായി എതിർക്കുന്ന......,

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, 2012-ൽ കേരളത്തിലെ പട്ടികജാതി ക്കാരുടെ 50,000 രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുമെന്ന് ബഹുമാ നപ്പെട്ട പട്ടികജാതി വകുപ്പുമന്ത്രി പ്രഖ്യാപിച്ചതാണ്. 2014 ആയിട്ടും ഇതേ വരെ അതിന് ഗവൺമെന്റ് ഓർഡർ ഇറക്കാൻ കഴിഞ്ഞിട്ടില്ല. അത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ നിന്ന് സംസാരിക്കാതെ ധനകാര്യ സ്ഥാപനങ്ങളിൽ ചെന്ന് പട്ടികജാതിക്കാ രുടെ കണക്ക് എടുത്ത് പരിശോധിക്കാൻ തയ്യാറാകണം. ഗവൺമെന്റ് ഓർഡർ ഇറങ്ങിക്കഴിഞ്ഞു, ആ നടപടിക്രമം തുടങ്ങിയിരിക്കുകയാണ്. അത് അങ്ങ് പരിശോധിക്കണം.

വയനാട് ജില്ലയിൽ 2011 മുതൽ കടുത്ത കാലവർഷക്കെടുതിയുണ്ടായി. 3500 കർഷകർക്ക് 12,42,70,890 രൂപ നഷ്ടപരിഹാരം കൊടുക്കാനുണ്ട്. ഈ നഷ്ടപരിഹാരത്തുക എത്രയും പെട്ടെന്ന് കൊടുക്കാൻ നടപടി സ്വീകരിക്ക

ണം. കേരളത്തിലെ അംഗൻവാടി വർക്കർമാർക്ക് ഈ ഗവൺമെന്റിലാണ് പ്രതീക്ഷ. ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ടു ബഡ്ജറ്റുകളിലും അവരുടെ ഓണറേറിയം വർദ്ധിപ്പിച്ചു. ഈ ബഡ്ജറ്റിൽ 200 രൂപയാണ് വർദ്ധിപ്പിച്ചത്. 1000 രൂപയെങ്കിലും വർദ്ധിപ്പിക്കാനുള്ള സാഹചര്യമുണ്ടാക ണം. അതുപോലെ മുൻകാല പ്രാബല്യത്തോടു കൂടി സർക്കാർ കോൺട്രാ ക്ടർമാർക്ക് കോമ്പൗണ്ടിംഗ് നികുതി ഓപ്റ്റ് ചെയ്യുന്നതിനുള്ള സാഹചര്യമു ണ്ടാക്കണം.

സി.പി.ഐ.(എം)-ന്റെയും നേതാക്കളുടെയും മുഖത്ത് ചോരക്കറ പുര ണ്ടിരിക്കുന്നു. കാലത്തിനു പോലും മായ്ച്ചുകളയാൻ സാധിക്കാത്ത ചോര പ്പാടുകൾ. സ്വന്തം പ്രവർത്തകരെ കൊല ചെയ്യാൻ നേതൃത്വം കൊടുക്കുന്ന ക്രിമിനലുകളെപ്പോലും പാർട്ടിയിലേയ്ക്ക് കൊണ്ടുവന്ന് രക്തഹാരം ചാർത്തു ന്നു. രക്തസാക്ഷികൾക്ക് ശവക്കല്ലറയിൽപ്പോലും സമാധാനം നൽകാത്ത പാർട്ടി. നരേന്ദ്ര മോഡിക്ക് അധികാരത്തിലെത്താനുള്ള താമരയിതളുകൾ വിതറാൻ രൂപീകരിച്ച നമോവിചാർ മഞ്ച് സി.പി.ഐ.(എം)-ൽ ലയിച്ചിരിക്കു ന്നു. കോൺഗ്രസ്സിനെ തോൽപ്പിക്കാൻ ഏത് ചെകുത്താനുമായും കൂട്ടുകൂടും എന്ന് നിങ്ങൾ വീണ്ടും തെളിയിച്ചിരിക്കുന്നു. ഈ ബഡ്ജറ്റിനെ പൂർണ്ണ മായും പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കു കയാണ്. പെട്രോളിനും ഡീസലിനും ഗ്യാസിനും വൈദ്യുതിക്കും അരിക്കും ഗോതമ്പിനും മണ്ണെണ്ണയ്ക്കും ക്രമാതീതമായി വില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുമ്പോഴും വൻകുത്തകൾക്ക് ഒന്നേകാൽ ലക്ഷം കോടി രൂപ

യുടെ നികുതിയിളവ് നൽകാനും നികുതി എഴുതിത്തള്ളാനും തയ്യാറാകുന്ന കേന്ദ്ര സർക്കാരിനെപ്പോലെ തന്നെ വമ്പിച്ച വിലക്കയറ്റത്തിന് ഇടനൽകുന്ന വിധം ബഡ്ജറ്റ് നിർദ്ദേശങ്ങൾ വയ്ക്കുമ്പോഴും വൻകിടക്കാർ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട പതിനായിരം കോടി രൂപയുടെ നികുതി ഈ ഗവൺമെന്റ് കണ്ടില്ലെന്ന് നടിക്കുകയാണ്. സ്വർണ്ണ കച്ചവടക്കാരെയും കോഴി കച്ചവടക്കാരെയും വാത്സല്യപൂർവ്വം തഴുകുന്ന സംസ്ഥാന ബഡ്ജറ്റ് പാവപ്പെട്ട സ്ത്രീകളുടെ അടുക്കള ബഡ്ജറ്റ് തകർക്കുകയാണ്. എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിപ്പിച്ചിരിക്കുന്നു. സാധാരണക്കാരന്റെ പിച്ചച്ചട്ടിയിൽ കയ്യിട്ട് വാരുകയാണ് മാണി സാർ ചെയ്യുന്നത്. ഒന്നാമത്തെ കൊല്ലം 615 കോടി രൂപയുടെ നികുതികൾ അടിച്ചേൽപ്പിച്ചു, രണ്ടാമത്തെ കൊല്ലം 1512 കോടി രൂപയുടെ പുതിയ നികുതികൾ വന്നു, മൂന്നാമത്തെ കൊല്ലം 1138 കോടി രൂപയുടെ പുതിയ നികുതികൾ വന്നു, ഇപ്പോൾ പുതിയ ബഡ്ജറ്റിൽ 1556 കോടി രൂപയുടെ നികുതികളാണ് അടിച്ചേൽപ്പിക്കുന്നത്. ഈ ഗവൺമെന്റിന്റെ അഞ്ചാമത്തെ വർഷമാകുമ്പോൾ എത്ര കോടി രൂപയുടെ നികുതിഭാരം ജനങ്ങൾ പേറേണ്ടി വരുമെന്ന് പറയാനാകില്ല. ഈ ബഡ്ജറ്റിൽ പ്രതിപക്ഷ അംഗങ്ങളുടെ മണ്ഡലങ്ങൾക്ക് യാതൊന്നും നൽകിയിട്ടില്ല. ഇത്രയധികം കക്ഷി-രാഷ്ട്രീയ വിവേചനം കാണിച്ചു കൊണ്ടുള്ള ഒരു ബഡ്ജറ്റ് ഒരു ധനമന്ത്രിയും അവതരിപ്പിച്ചിട്ടില്ല. വേലികെട്ടാനുള്ള ഒരു പദ്ധതിപോലും എന്റെ മണ്ഡലത്തിലില്ല. കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ യാതൊന്നും തന്നെ കുന്നംകുളം മണ്ഡലത്തിന് നൽകിയിട്ടില്ല. കഴിഞ്ഞ വർഷം ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു മുമ്പ് എന്നോട് യു.ഡി.എഫ്-ലെ പല സുഹൃത്തുക്കളും സ്വകാര്യമായും പരസ്യമായും പറഞ്ഞത്, ഞങ്ങൾ

ലിസ്റ്റ് കണ്ടു, കുന്നംകുളം താലൂക്കുണ്ട്, ഉറപ്പാണ് എന്നാണ്. എന്നാൽ പ്രഖ്യാപനം വന്നപ്പോൾ 74 വില്ലേജുകളുള്ള കേരളത്തിലെ ഏറ്റവും വലിയ താലൂക്കായ കുന്നംകുളം പുറത്തായി. 21 വില്ലേജ് മാത്രമുള്ള പത്തനാപുരം താലൂക്ക് വിഭജിച്ച് രണ്ടാക്കി. ഇതിനേക്കാൾ വലിയ പക്ഷപാതിത്വം, വിവേചനം വേറെ ചൂണ്ടിക്കാണിക്കാനുണ്ടോ? അക്കൊല്ലത്തെ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. കെ. ബാബുവിനുമെതിരെ ഞാൻ അഴിമതി ആരോപണമുന്നയിച്ചതിന്റെ പ്രതികാരം തീർത്തതാണ് ഈ താലൂക്ക് തള്ളിപ്പോകാൻ കാരണമെന്ന് എന്റെ അപ്പുറത്തെ സുഹൃത്തുക്കൾ പിന്നീട് പറയുകയുണ്ടായി. അവിടെ കക്ഷി രാഷ്ട്രീയത്തിനതീതമായി വമ്പിച്ച പ്രതിഷേധ പ്രകടനങ്ങളും ഹർത്താലും പൊതുയോഗങ്ങളും നടന്നു. ജനങ്ങൾ വലിയ രോഷത്തിലാണ്. അതിനുശേഷം ഒരു കൊല്ലത്തിനുള്ളിൽ നടന്ന രണ്ട് ഉപതെരഞ്ഞെടുപ്പുകളിലും യു.ഡി.എഫ്. പരാജയപ്പെട്ടു. യു.ഡി.എഫ്. വമ്പിച്ച ഭൂരിപക്ഷത്തിൽ, 140-ഉം 146-ഉം വോട്ടുകൾ നേടി ജയിച്ച സീറ്റുകളിൽ 250-ൽപ്പരം വോട്ടുകൾക്ക് ദയനീയമായി തോൽക്കുന്ന സ്ഥിതിയുണ്ടായി. ജനങ്ങളുടെ രോഷമാണ് അത് കാണിക്കുന്നത്. നിങ്ങൾ കാണിക്കുന്ന തെമ്മാടിത്തരങ്ങളും, വിവേചനങ്ങളും, പക്ഷപാതിത്തരങ്ങളുമെല്ലാം ജനങ്ങൾ കാണുന്നുണ്ടെന്ന കാര്യം മനസ്സിലാക്കണം. ഇപ്പോൾ ഞങ്ങളുടെ മണ്ഡലങ്ങളിൽ കാണിച്ച അവഗണനയ്ക്ക് വരാനിരിക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ, തലപ്പള്ളി താലൂക്കിൽ മൂന്ന് അസംബ്ലി മണ്ഡലങ്ങളുണ്ട് അവിടെ അമ്പതിനായിരം വോട്ടിനെങ്കിലും നിങ്ങൾ പുറകിലേയ്ക്ക് പോകുമെന്ന കാര്യത്തിൽ സംശയമില്ല. അത്രയേറെ പ്രതിഷേധത്തിലാണ് ജനങ്ങൾ നിൽക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഒരു മീറ്റർ

റോഡുപോലും എന്റെ മണ്ഡലത്തിൽ പണിതിട്ടില്ല. പി.ഡബ്ല്യൂ.ഡി. മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അനുമതി തന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എ.എസ്. കിട്ടിയ വർക്കുകൾ മാത്രമാണ് ഇപ്പോൾ നടക്കുന്നതും നടന്നുകഴിഞ്ഞതും. അതല്ലാതെ വേറെയൊന്നും ആ മണ്ഡലത്തിൽ നടന്നില്ല. ഇത്രയും പക്ഷപാതപരമായി പ്രവർത്തിക്കുന്ന ഒരു പി.ഡബ്ള്യൂ.ഡി. മന്ത്രിയെ ഞാൻ ഇതിനുമുമ്പ് കണ്ടിട്ടില്ല. ഞാൻ അദ്ദേഹത്തെ ഒരിക്കൽ ഈ സഭയിൽവച്ച് പുകഴ്ത്തിയതാണ്. അനുഭവത്തിന്റെ വെളിച്ചത്തിലാണ് പറയുന്നത്. കഴിഞ്ഞ എൽ.ഡി.എഫിന്റെ കാലത്ത് കുന്നംകുളത്തിന് അനുവദിച്ച പോളിടെക്നിക്കിൽ ഏഴ് കോടി രൂപയുടെ കെട്ടിടങ്ങളാണ് പണിതത്. അതിൽ ലാബ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ലേഡീസ് ഹോസ്റ്റൽ, ഓഡിറ്റോറിയം തുടങ്ങിയവയുടെ പണികളെല്ലാം 2012 ലാണ് പൂർത്തിയായത്. എന്നാൽ 2014 ജനുവരിയായിട്ടും ഇതുവരെയും ഉദ്ഘാടനം നടത്താൻ സാധിച്ചിട്ടില്ല. കാരണം അവിടെ കറന്റ് കണക്ഷൻ കിട്ടണമെങ്കിൽ ട്രാൻസ്ഫോർമർ വേണം. ആ മണ്ഡലത്തിലേയ്ക്ക് ട്രാൻസ്ഫോർമർ അനുവദിക്കാൻ പോലും ഈ ഗവൺമെന്റ് തയ്യാറായില്ല. ആ കെട്ടിടങ്ങളെല്ലാം അവിടെ നോക്കുകുത്തികളായി നിൽക്കുകയാണ്. അത്രയ്ക്ക് അവഗണനയാണ് എന്റെ മണ്ഡലത്തോട് കാണിക്കുന്നത്. ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ ഒരു വർക്കിനുപോലും എ.എസ്. തന്നിട്ടില്ല. ഒരു റോഡ് ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് എഴുതി കൊടുത്തപ്പോൾ ഫിനാൻസിൽ നിന്ന് എൽ.എസ്.ജി.ഡി.യുടെ സെക്രട്ടറിക്ക് എഴുതി ചോദിച്ചിരിക്കുന്നത് എം.എൽ.എ. നിർദ്ദേശിച്ച റോഡ് ആവശ്യമുള്ളതാണോയെന്നും അതിന് പ്രസക്തിയുണ്ടോയെന്നുമാണ്. ഞാൻ നിർദ്ദേശിച്ച റോഡിന് പ്രസ

ക്തിയുണ്ടോയെന്ന് എൽ.എസ്.ജി.ഡിപ്പാർട്ടുമെന്റിലേയ്ക്കാണോ എഴുതി ചോദിക്കുന്നത്. ഇതിനേക്കാൾ വലിയ അവഗണന വേറെ എന്താണുള്ളത്. ഈ നിമിഷം വരെയും ഒരു വർക്കിനുപോലും എ.എസ്. തന്നിട്ടില്ല. രണ്ടു കോടി ഭക്തർ യാത്രചെയ്യുന്ന കുന്നംകുളം – ഗുരുവായൂർ റോഡ് തകർന്ന് തരിപ്പണമായി കിടക്കുകയാണ്. വർക്ക് നടത്തുന്നതിനുവേണ്ടി പണം അനുവദിക്കുന്നില്ല. ഈ രീതിയിൽ വലിയ അവഗണനയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെയെല്ലാം ഫലം നിങ്ങൾ അനുഭവിക്കാൻ പോവുകയാണ്. അങ്ങയുടെ പഴയ ശിഷ്യൻ ധനകാര്യ വകുപ്പുമന്ത്രിയെ അപമാനിക്കുകയാണ് ചെയ്തത്. സ്വന്തം പാർട്ടിയിൽ പിളർന്നും വളർന്നും പുഷ്പിച്ചും മുടിചൂടാമന്നനായി വിലസുന്ന അങ്ങയെ പഴയ ശിഷ്യനായ ശ്രീ. ശക്തൻ നാടാർ അദ്ദേഹത്തിന്റെ മുങ്ങാൻ പോകുന്ന കപ്പലിലേയ്ക്ക് മഹാസമുദ്രത്തിലെ ഉപ്പുവെള്ളത്തിന്റെ ഒരുതുള്ളിയാകാൻ ക്ഷണിച്ചത് അപമാനിക്കാനല്ലേ. അങ്ങ് ആരാണ്? ഭേദിക്കാൻ എളുപ്പമല്ലാത്ത റെക്കോർഡ് സ്ഥാപിച്ച് ജ്വലിച്ചുനിൽക്കുന്ന പാർട്ടിയുടെ അനിഷേധ്യ നേതാവല്ലേ. ശ്രീ. ശക്തൻ നാടാർ ക്ഷണിക്കുന്ന പാർട്ടിയുടെ നേതാവ് ആരാണ്? പോലീസ് ജീപ്പിന്റെ മുകളിലേയ്ക്ക് ചാടിക്കയറുന്ന കോമാളിയല്ലേ ശ്രീ. ശക്തന്റെ നേതാവ്. അദ്ദേഹം ഇന്ത്യാ രാജ്യത്ത് അറിയപ്പെടുന്നത് എങ്ങനെയാണ്? ടൈംസ് ന്യൂ–വിലെ അർണോൾഡ് ഗോസ്വാമിയുമായുള്ള രാഹുൽഗാന്ധിയുടെ അഭിമുഖം ഫെയ്സ് ബുക്കിലും യു–ട്യൂബിലും തകർക്കുകയാണ്. ഇന്ത്യയെ നയിക്കാൻ കോൺഗ്രസ് കരുതിവച്ച പൊയ്മുഖം ജനങ്ങളിപ്പോൾ കാണുകയാണ്. ആ അഭിമുഖം നിങ്ങളും കണ്ടിട്ടുണ്ടാകും. പ്രീ–പോളുകൾ മുഴുവൻ പറയുന്നത് വരുന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഏറ്റവും മോശമാകുമെന്നാണ് അർണോൾഡ് ചോദിച്ചപ്പോൾ, അതെ വമ്പിച്ച ജനപങ്കാളിത്തത്തോടെ അത് സംഭവിക്കുമെന്നായി

രുന്നു രാഹുൽ ഗാന്ധി മറുപടി പറഞ്ഞത്. ശ്രീ. നരേന്ദ്ര മോദിയുമായി ഒരു ഡിബേറ്റിന് തയ്യാറുണ്ടോയെന്ന് ചോദിച്ചപ്പോൾ, ഞങ്ങൾ പഞ്ചായത്ത് രാജിൽ വിശ്വസിക്കുന്നുവെന്നാണ് പറഞ്ഞത്. വിലക്കയറ്റത്തെക്കുറിച്ച് എന്തുപറയുന്നുവെന്ന് ചോദിച്ചപ്പോൾ, എന്റെ അമ്മാമ്മ മരിച്ചു, അച്ഛൻ മരിച്ചു, അച്ഛാച്ചൻ മരിച്ചു, ഞാൻ എല്ലാം കണ്ടുവളർന്നുവന്നതാണെന്ന് പറഞ്ഞു. നിങ്ങളുടെ പാർട്ടിയിലെ അഴിമതിയെക്കുറിച്ച് എന്തുപറയുന്നുവെന്ന് ചോദിച്ചപ്പോൾ, സ്ത്രീകൾ ശക്തിപ്പെടണം, യുവജനങ്ങൾ വരണം, ആർ.കെ.വി.വൈ ഞങ്ങൾ കൊണ്ടുവന്നതാണെന്നാണ് മറുപടി പറഞ്ഞത്. രാജയുടെ 2ജി അഴിമതിയെക്കുറിച്ച് എന്തുപറയുന്നുവെന്ന് ചോദിച്ചപ്പോൾ, അതാണ് ഞാൻ പറഞ്ഞത് സ്ത്രീകൾ ശക്തിപ്പെടണം സ്ത്രീകളെ നമ്മൾ ശക്തിപ്പെടുത്തണമെന്ന്. കോമൺവെൽത്ത് അഴിമതിയെപ്പറ്റിയും കൽമാഡിയയുടെ അഴിമതിയെപ്പറ്റിയും എന്തുപറയുന്നുവെന്ന് ചോദിച്ചപ്പോൾ, എന്റെ അമ്മാമ്മ മരിച്ചു, അച്ഛാച്ചൻ മരിച്ചു, അച്ഛൻ മരിച്ചു ഞാൻ എല്ലാ കണ്ടുവളർന്നുവന്നതാണെന്ന്. മോദിയുമായി ഒരു  ചർച്ചയ്ക്ക് തയ്യാറാണോ എന്ന അർണോൾഡിന്റെ ചോദ്യത്തിന്, എന്റെ അമ്മാമ്മ മരിച്ചു, അച്ഛാച്ചൻ മരിച്ചു, അച്ഛൻ മരിച്ചു ഞാൻ എല്ലാ കണ്ടുവളർന്നുവന്നതാണെന്നാണ് രാഹുലിന്റെ മറുപടി. അവസാനം ഗതികെട്ട് ഒരു ചായ എടുക്കട്ടെയെന്ന് ചോദിച്ചപ്പോൾ, അപ്പോഴും പറയുന്നത് എന്റെ അമ്മാമ്മ മരിച്ചു, അച്ഛാച്ചൻ മരിച്ചു, എന്റെ അച്ഛൻ മരിച്ചു ഞാൻ എല്ലാം കണ്ടുവളർന്നവനാണെന്ന് പറഞ്ഞത്. ഇലക്ഷന് തയ്യാറല്ലേയെന്ന് ചോദിച്ചപ്പോൾ, സ്ത്രീകൾ മുന്നോട്ട് വരണം, എന്റെ അമ്മാമ്മ മരിച്ചു, എന്റെ അച്ഛൻ മരിച്ചു, അച്ചാച്ചൻ മരിച്ചു ഞാൻ എല്ലാം കണ്ടുവളർന്നവനാണെന്ന മറുപടിയാണ് ശ്രീ. രാഹുൽ ഗാന്ധി നൽകിയത്. ഇതല്ലേ പുതിയ നേതാവ്. ഈ നേതാവിനെവച്ചുകൊണ്ട് പാർലമെന്റ് തെരഞ്ഞെടുപ്പിൽ നിങ്ങൾ

റിക്കോർഡ് സൃഷ്ടിക്കുമെന്ന കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. യു.പി.എ.യും യു.ഡി.എഫും. തകരുകയാണ്. പലരും അവിടെനിന്ന് ജീവനും കൊണ്ടോടുകയാണ്. ജനങ്ങൾ യു.ഡി.എഫി.നെ വെറുക്കുന്ന വിവരം ഘടക ക്ഷികൾ തിരിച്ചറിയുന്നുണ്ട്. അധികാര കസേരകളിൽ അമർന്നിരിക്കുന്നവർ മാത്രം താൽക്കാലികമായി മിണ്ടാതിരിക്കുകയാണ്. ജെ.എസ്.എസ്. യു.ഡി. എഫ്. വിട്ടു. അവരിപ്പോൾ കേരള രക്ഷാ മാർച്ചിന്റെ സ്വാഗത സംഘത്തിന്റെ കമാനങ്ങൾ വയ്ക്കുകയാണ്. സി.എം.പി. പകുതി ദൂരം പിന്നിട്ടുകഴിഞ്ഞു. ഒട്ടുംവൈകാതെ അവരും സ്ഥലം കാലിയാക്കും. സ്വന്തം മാധ്യമങ്ങൾ വഴിയും നേരിട്ടും നിരന്തരമായി കുപ്രചരണങ്ങൾ നടത്തിയിട്ടും എൽ.ഡി.എഫ്.ന്റെ ജനവിശ്വാസം തകർക്കാൻ കഴിയുന്നില്ല. വിവിധ മേഖലക ളിൽ നിന്ന് ആയിരക്കണക്കിന് ആളുകൾ എൽ.ഡി.എഫ്.ലേയ്ക്ക് കക്ഷിക ളായി കക്ഷികളിലേയ്ക്ക് ഒഴുകി വരുകയാണ്. ഈ ബഡ്ജറ്റ് സ്വർണ്ണ കച്ചവട ക്കാരനും കോഴി കച്ചവടക്കാരനുമുള്ളതാണ്. അവർ നേരത്തേ വേണ്ടത് ചെയ്ത് തടി ശുദ്ധമാക്കി. തുണിക്കച്ചവടക്കാരും എം.സാന്റുകാരും കരിങ്കൽ ക്വാറിക്കാരും നിയമസഭയ്ക്ക് ചുറ്റും നടക്കുന്നുണ്ട്. അവരും തടി ശുദ്ധമാ ക്കും. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ പാവപ്പെട്ട ഓട്ടോ റിക്ഷക്കാരന് അമ്പത് രൂപയിൽ കൂടുതൽ സംഭാവന തരാൻ കഴിയില്ല. അതി നാൽ അവന്റെ പിടലിക്ക് പിടിച്ച് ടാക്സ് കൂട്ടി. പാവപ്പെട്ടവന് സഞ്ചരിക്കാൻ കഴിയുന്ന ഏക വാഹനമായ ഓട്ടോറിക്ഷയും അന്യമാക്കി. പാചകവാതക ത്തിന്റെ വിലകൂട്ടിയപ്പോൾ സാധാരണക്കാരന് ഹോട്ടലുകളെല്ലാം അന്യമായി കഴിഞ്ഞതാണ്. ഭക്ഷ്യഎണ്ണയുടെ വില ഒരു ശതമാനത്തിൽ നിന്നും അഞ്ച് ശതമാനമാക്കിയപ്പോൾ അത് പൂർണ്ണമായി. ചായയ്ക്കിപ്പോൾ 11 മുതൽ 12

രൂപവരെ വിലയുണ്ട്. സിവിൽ സപ്ലൈസ് എന്ന വാക്കുതന്നെ മന്ത്രി മറന്നുപോയി. കഴിഞ്ഞ ബഡ്ജറ്റിൽ അവർക്ക് നൂറുകോടി രൂപ മാറ്റിവച്ച സ്ഥാനത്ത് ഇപ്പോഴത്തെ ബഡ്ജറ്റിൽ 60 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എങ്ങനെ വിലകൂട്ടിയാലും സിവിൽ സപ്ലൈസ് വകുപ്പിനോ ബന്ധപ്പെട്ടവർക്കോ ഇടപെടാൻ കഴിയില്ല. എന്തിനൊക്കെയാണ് നികുതി കൂട്ടിയിരിക്കുന്നത്? 1076 സ്ക്വയർ ഫീറ്റുള്ള ഒരു വീടിന് ഒരു ദയാദാക്ഷിണ്യവുമില്ലാതെ നികുതി ഇരട്ടിയാക്കിയിരിക്കുകയാണ്. സ്റ്റാമ്പ് ഡ്യൂട്ടി അഞ്ച് ശതമാനത്തിൽ നിന്ന് ആറ് ശതമാനമാക്കി. സാധാരണക്കാരന് ഒരു വീട് വയ്ക്കുക എന്നുള്ളത് ഒരു സ്വപനം മാത്രമാണ്. കരിങ്കല്ലിനും എം.സാന്റിനുമെല്ലാം നികുതി കൂട്ടിയതോടെ അതെല്ലാം അന്യമായി. ഇനിയിപ്പോൾ രണ്ടോമൂന്നോ ലക്ഷം രൂപകൊണ്ടൊന്നും വീട് വയ്ക്കാൻ കഴിയില്ല. ഒരു അംഗൻവാടി പണിയാൻ പി.ഡബ്ല്യൂ.ഡി.യിൽ നിന്ന് തന്ന റേറ്റ് ഏഴുലക്ഷത്തി എൺപതിനായിരം രൂപയാണ്. പിന്നെ എങ്ങനെയാണ് ഈ പണം കൊണ്ട് വീട് വയ്ക്കാൻ കഴിയുന്നത്. സാധനങ്ങളുടെ വിലയുംകൂടി കൂട്ടികഴിഞ്ഞാൽ എങ്ങനെയാണ് വീട് വയ്ക്കാൻ കഴിയുന്നത്. ഇത് കർഷക ബഡ്ജറ്റാണെന്നാണ് കേരള കോൺഗ്രസ്സുകാർ പറഞ്ഞുനടക്കുന്നത്. കർഷകർക്കുവേണ്ടി മാറ്റിവച്ച തുക എത്രയാണ്? 2012–2013–ൽ 7.24 ശതമാനവും, 2013–2014–ൽ 7.38 ശതമാനവും, 2014–2015–ൽ 8.61 ശതമാനം തുകയുമാണ് കർഷകർക്കുവേണ്ടി മാറ്റിവച്ചിട്ടുള്ളത്. 8.61 ശതമാനം തുക മാറ്റിവച്ചിട്ടാണോ കർഷക ബഡ്ജറ്റെന്ന് പറയുന്നത്. വാചകകസർത്തുകളല്ലാതെ ഈ ബഡ്ജറ്റിലൊന്നുമില്ല. കാർഷിക ഉത്പന്നങ്ങൾക്ക് വില കിട്ടാനുള്ള ഒരു പദ്ധതിയും ബഡ്ജറ്റിലില്ല. കൃഷികാർക്ക് സബ്സിഡിയില്ല. എൽ.ഡി.എഫ്. ഭരിക്കുന്ന കാലത്ത് പഞ്ചായത്തുകളിൽ

കാർഷിക മേഖലയ്ക്ക് മൂപ്പത് ശതമാനം തുകയെങ്കിലും മാറ്റിവയ്ക്കണമെന്ന് ഞങ്ങൾ നിർബന്ധിച്ചിരുന്നു. അത് വേണ്ടെന്ന് വച്ചിരിക്കുകയാണ്. കൃഷി കാർക്ക് കൊടുത്ത സൗജന്യ വൈദ്യുതിയും പലിശരഹിത വായ്പയും എടു ത്തുകളഞ്ഞില്ലേ. കാർഷിക കടം എഴുതിത്തള്ളൽ നാമമാത്രമാക്കി മാറ്റിയി ല്ലേ. പിന്നെ എങ്ങനെയാണ് കർഷക ബഡ്ജറ്റാണെന്ന് പറയുന്നത്. അവ സാനം എല്ലാവരുടെയും കണ്ണിൽ പൊടിയിടാൻ കർഷകരുടെ മക്കൾക്ക് ലാപ്ടോപ്പ് കൊടുക്കുമെന്ന് പറഞ്ഞു. ദരിദ്ര കർഷകന്റെ ഏത് മക്കളാണ് പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റുകളിൽ പറഞ്ഞ ഏത് കർഷക പദ്ധതിയാണ് പേരിനെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞത്. കേര ളത്തിലെ ഏതെങ്കിലുമൊരു പഞ്ചായത്തിൽ സബ്സിഡി വാങ്ങിച്ചുകൊണ്ട് ഹൈടെക്ക് കൃഷി പത്തുസെന്റിലും അഞ്ചു സെന്റിലും തുടങ്ങിയതായി ചൂണ്ടിക്കാണിക്കാമോ. എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ച പദ്ധതികള ല്ലാതെ ഈ ഗവൺമെന്റ് ഒരു കാര്യങ്ങളും കാർഷികമേഖലയിൽ കൊണ്ടുവ ന്നിട്ടുമില്ല തുടങ്ങിവച്ച പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടുമില്ല. എൽ.ഡി.എ ഫ്. ഗവൺമെന്റുകളെ പൊതുവെ സഭയ്ക്കകത്തും പുറത്തും വിമർശിക്കു മ്പോൾ അപ്പുറത്ത് പറയാറുള്ളത് പെൻഷൻ ഗവൺമെന്റെന്നാണ്. പെൻഷൻ ഗവൺമെന്റാണെന്ന് പറഞ്ഞവരിപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽ വന്നപ്പോൾ പെൻഷനുകളെയെല്ലാം സ്പർശിക്കേണ്ടിവന്നില്ലേ. നാമമാത്രമായി ട്ടാണെങ്കിലും ചില പെൻഷനുകളെല്ലാം വർദ്ധിപ്പിച്ചപ്പോഴും കയർ, കശുവണ്ടി, ഈറ്റത്തൊഴിലാളികളടക്കമുള്ള പരമ്പരാഗത വിഭാഗത്തെ ഈ ബഡ്ജറ്റിൽ തിരിഞ്ഞുനോക്കിയോ; അവർക്ക് എന്തെങ്കിലും ആനുകൂല്യം പ്രഖ്യാപിച്ചോ? ബഡ്ജറ്റിലെ ഏറ്റവും ആകർഷകമായ പദ്ധതി ജല മ്യൂസിയമാണ്. അത് തീർച്ചയായും നല്ലതാണ്. തൊടുപുഴയിൽ തന്നെ തുടങ്ങണം. വരുംതലമു

റയ്ക്ക് ശുദ്ധജലം ഭാവിയിൽ കാണാനെങ്കിലും അവിടെയൊരു മ്യൂസിയം തുടങ്ങുന്നത് നല്ലതാണ്. ഓരോരുത്തരുടെയും ആഗ്രഹ സാഫല്യത്തിനുവേണ്ടി ഇത്തരം വാചക കസർത്തുകൾ കൊണ്ടുനിറഞ്ഞതാണ് ഈ ബഡ്ജറ്റുകൾ മുഴുവൻ. സാക്ഷാൽ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല, ഞാനടക്കമുള്ള എം.എൽ.എ.മാരുടെ ചോദ്യങ്ങൾക്ക് എഴുതി തന്ന ഉത്തരമുണ്ട്. ആ ഉത്തരം ഞെട്ടിക്കുന്നതാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടിയും, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്തുള്ള വിശേഷമാണിത്. ശ്രീ. രമേശ് ചെന്നിത്തലയുടെ കാലത്തുള്ള വിശേഷം ഇന്നലെ രാത്രി ആരംഭിച്ചിട്ടേയുളളൂ. ലോക്കപ്പിൽ തല്ലികൊല്ലുന്ന പണി ഇന്നലെ ഉദ്ഘാടനം ചെയ്തതായി ശ്രീ. പി. ശ്രീരാമകൃഷ്ണൻ ഇവിടെ പറഞ്ഞു. മുൻ ആഭ്യന്തര വകുപ്പുമന്ത്രിമാരുടെ കാലത്ത് സരിത മുതൽ കവിത വരെ 6506 തട്ടിപ്പുക്കേസുകൾ രജിസ്റ്റർ ചെയ്തു. സരിതയുടെ പേരിൽ 22 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജനങ്ങൾക്ക് നഷ്ടം 880.24 കോടി രൂപയാണ്. സാമ്പത്തിക തട്ടിപ്പിൽ നമ്മൾ രണ്ടാം സ്ഥാനത്തെത്തി. രണ്ടുകൂട്ടരും കൂടി നമ്മളെ ഇന്ത്യാ രാജ്യത്ത് രണ്ടാം സ്ഥാനത്ത് എത്തിച്ചു. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കാണിത്. ബ്ലേഡ് മാഫിയാ കേസ് 843, ബ്ലേഡ് മാഫിയാ അതിക്രമങ്ങൾ 73, ബലാൽസംഗം 2950, സ്ത്രീ പീഡനം 35243, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചത് 1376, പട്ടികജാതി പട്ടികവർഗ്ഗകാർക്കെതിരെയുളള അതിക്രമം 2394, മോഷണക്കേസ് 6863, കവർച്ച 496, ദേവാലയ കവർച്ച 834, മോഷ്ടാക്കൾ 43 പേരെ കൊല്ലുകയും 39 പേരെ പരിക്കേൽപ്പിക്കുകയും

ചെയ്തു. കുട്ടികൾക്കെതിരായുള്ള അതിക്രമം 4158, രണ്ടര കൊല്ലത്തിനിടയിൽ 928 കൊലപാതകങ്ങൾ നടന്നു. രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങൾ പതിമൂന്ന് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അറുനൂറ്റി മുപ്പത്തി അഞ്ച്, പോലീസ് സേനയിലെ ക്രിമനലുകളുടെ എണ്ണം 850 ഇവയെല്ലാം ആഭ്യന്തര വകുപ്പുമന്ത്രി എഴുതിത്തതന്ന കണക്കാണ്. ഇവിടെ ജീവിക്കാൻ പറ്റുന്നുണ്ടോ? ഫെയ്സ് ബുക്കിൽ അപമാനിച്ച സ്ത്രീയെക്കുറിച്ച് ഭരണപക്ഷത്തുനിന്ന് സബ്മിഷൻ അവതരിപ്പിച്ചു. അയാളെ പിടിക്കാൻ സാധിച്ചോ; ദിവസം നാലഞ്ചായില്ലേ; പ്രതികളെ പിടിക്കാൻ വേണ്ടിയുള്ള എന്തെങ്കിലും ശ്രമം നടക്കുന്നുണ്ടോ? ആ സ്ത്രീ പോലീസ് സ്റ്റേഷനിലും പല സ്ഥലങ്ങളിലും പരാതിപ്പെട്ടിട്ടും തിരിഞ്ഞുനോക്കിയില്ല. വീടുവളഞ്ഞ് അറസ്റ്റ്ചെയ്തു അപമാനിച്ചതിന്റെ പേരിൽ അച്ഛനും അമ്മയും മകളും ആത്മഹത്യചെയ്തില്ലേ. അതല്ലെ ഇവിടെ നടക്കുന്നത്. ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ മണ്ഡലത്തിലാണ് പുതിയ പോലീസ് മന്ത്രിയുടെ കീഴിൽ ലോക്കപ്പ് മരണം ഉദ്ഘാടനം ചെയ്തത്. ഇന്നലെ രാത്രി ഒരാളെ തല്ലികൊന്നു. സ്വതന്ത്ര ഭാരതത്തിൽ സ്ത്രീകളുടെ മാനത്തിനും കർഷകരുടെ അദ്ധ്വാനത്തിനും സൈനികരുടെ ജീവനും ഒരുവിലയുമില്ല. ബാക്കിയെല്ലാത്തിനും തീപിടച്ച വിലയാണ്. എ.പി.എൽ. കാർഡിൽ ഗോതമ്പില്ല, പച്ചരിയില്ല, മണ്ണെണ്ണ തീരെയില്ല. കേന്ദ്രം മൂന്നുലക്ഷം മെട്രിക് ടൺ അരി കുറിച്ചിട്ടും കേരള ഭക്ഷ്യവകുപ്പുമന്ത്രിക്ക് ഒരു പ്രതിഷേധമോ, പ്രതികരണമോ ഇല്ല. അതിന്റെ ഭാഗമായി പൊതുവിപണിയിൽ അരിയില്ല. അതുകൊണ്ട് അരിവില കൂടുന്നു.

വിലവർദ്ധനവ് ആര് പിടിച്ചുനിർത്തും. വിലവർദ്ധനവ് പിടിച്ചുനിർത്താൻ എന്റെ കൈയിൽ പണം കായ്ക്കുന്ന മരമില്ല, മാന്ത്രിക വടിയുമി

ല്ലെന്ന് പറയുന്ന പ്രധാനമന്ത്രിയുടെ നാട്ടിൽ പാവപ്പെട്ട സംസ്ഥാനത്തെ ഭക്ഷ്യ വകുപ്പുമന്ത്രിമാർ എന്തുചെയ്യും. ഒരു പ്രധാനമന്ത്രി പറഞ്ഞ വാചകം ഒരു വാർഡ് മെമ്പറുപോലും പറയുമോ? വിലവർദ്ധനവ് പിടിച്ചുനിർത്താൻ എന്റെ കയ്യിൽ വേറെ ആയുധങ്ങളൊന്നുമില്ലെന്ന് പറഞ്ഞാൽ പിന്നെ ആരെയാണ് ആശ്രയിക്കേണ്ടത്; പ്രധാനമന്ത്രിയല്ലാതെ മറ്റാരാണ് രാജ്യത്തിനുള്ളത്? അദ്ദേഹം ഇങ്ങനെയാണ് പറയുന്നതെങ്കിൽ പിന്നെ നാട്ടിലെന്ത് സംഭവിക്കുമെന്ന കാര്യത്തിൽ സംശയമില്ലല്ലോ. പിന്നെ ആരെ പ്രതീക്ഷിക്കാം. പണം ചാക്കിൽകെട്ടി കൊടുത്ത് 19 എം.പി. –മാരെ വലയിലാക്കിയ ആളാണ് ഇന്ത്യയുടെ തലവൻ. ഈ രാജ്യത്തെ അഴിമതിക്കെതിരെ ആര് സംസാരിക്കും. ഈ ഭരണത്തിൽ ഏറ്റവും നല്ല ഉദാഹരണം തദ്ദേശഗവൺമെന്റുകളാണ്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 30% തുകയെങ്കിലും കാർഷികമേഖലയിൽ ചെലവഴിക്കണമെന്ന നിർബന്ധം വച്ചിരുന്നു. ആ നിർബന്ധം നിങ്ങൾ എടുത്തുകളഞ്ഞു. ഡിസംബർ 31 വരെ 30 ശതമാനം ഉപഭോഗമാണ്. ഇനിയുള്ള 3 മാസം കൊണ്ട് 50 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ചെലവഴിക്കുമായിരിക്കും. ഈ നാട്ടിൽ നിർമ്മാണപ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല. നിർമ്മാണ മേഖല നിശ്ചലമാണ്. എസ്.സി./എസ്.ടി. ഫണ്ടിന്റെ കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. നിങ്ങളുടെ ഭരണത്തിൻ കീഴിൽ പോഷകാഹാരമില്ലാതെയും പട്ടിണികിടന്നും 60 പേർ അട്ടപ്പാടിയിൽ മരിച്ചില്ലേ? ജനിക്കുമ്പോഴേ കുട്ടികൾ മരിക്കുന്നത് റെക്കോഡായില്ലേ? ജനിക്കുന്നതിനേക്കാൾ കൂടുതൽ കുട്ടികൾ മരിക്കുന്ന ഒരു നാടായി അട്ടപ്പാടി മാറിയില്ലേ? അട്ടപ്പാടി നേരത്തേയുണ്ടായിരുന്നില്ലേ; അവിടെ ഇത്തരത്തിലുള്ള പട്ടിണി മരണമുണ്ടായിരുന്നോ; പോഷകാഹാരമില്ലാത്തതുകൊണ്ടുള്ള

മരണമുണ്ടായിരുന്നോ; ഗർഭകാലത്ത് സ്ത്രീകൾ ഭക്ഷണം കഴിക്കാത്തതു കൊണ്ട് കുട്ടികൾ ജനിക്കുമ്പോൾ മരിച്ചുവീഴുന്ന അവസ്ഥയുണ്ടായിരുന്നോ? ഒരു വിഭാഗത്തെ പൂർണ്ണമായും എലിമിനേറ്റ് ചെയ്തിട്ടും സർക്കാർ നോക്കി നിൽക്കുകയാണ്. കാട്ടുനായ്ക്കർ, ചോലനായ്ക്കർ, കുറുമ്പർ, കാടർ എല്ലാ ആദിവാസി സമൂഹങ്ങളും നശിക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആദിവാസി സമൂഹങ്ങളുടെ ഉന്നതിക്കുവേണ്ടി കേന്ദ്രത്തിൽനിന്നും പാടുപെട്ടുവാങ്ങിയ 148 കോടി രൂപ കൊണ്ട് എന്തെങ്കിലുമൊരു പ്രവർത്തന മാരംഭിച്ചോ? കാശ് കിട്ടിയപ്പോഴേയ്ക്കെല്ലാം എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ നിന്ന് പോവുകയും യു.ഡി.എഫ്. ഭരണത്തിൽ വരികയും ചെയ്തു. കേന്ദ്രത്തിൽ നിന്നുലഭിച്ച 148 കോടി രൂപ കൊണ്ട് നിങ്ങൾ എന്തു ചെയ്തു? ആദ്യവർഷം ഒരു നയാപൈസ പോലും ചെലവഴിച്ചിട്ടില്ല. എസ്.സി. ഫണ്ടെടുത്ത് നിങ്ങൾ മെഡിക്കൽ കോളേജ് പണിയാൻ പോവുക യാണ്. പാവപ്പെട്ട എസ്.സി./എസ്.ടി. വിഭാഗത്തിന് പുരകെട്ടിമേയാനുള്ള കാശെടുത്ത് മെഡിക്കൽകോളേജ് പണിതാൽ പിന്നെ അവർ എന്തുചെയ്യും; അവർ എവിടെ കിടക്കും? കാടരെക്കുറിച്ചുള്ള റിപ്പോർട്ട് വായിച്ചോ; മഴയത്ത് പൊളിച്ചിട്ട വീടുകളുടെ അപ്പുറത്ത് അവർ മഴയും വെയിലുംകൊണ്ടിരിക്കുക യാണ്. അവർ മരിച്ചുപോകും. അവരെ രക്ഷിക്കാനാരുമില്ല. എന്റെ നാട്ടിൽ മരുന്നുകൂട്ടിയിട്ട് കത്തിച്ചു. ഇതെല്ലായിടത്തും നടക്കുന്ന ഒന്നാണ്. കോടിക്ക ണക്കിന് രൂപയുടെ അഴിമതിയാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷ നിൽ നടക്കുന്നത്. പതിനഞ്ചും........ (മൈക്ക് ഓഫ്) .................... എല്ലാ ചാർജ്ജുകളും കൂട്ടിയിരിക്കുന്നത്.

<u>മി. ചെയർമാൻ</u>: ബഹുമാനപ്പെട്ട മെമ്പർ അടുത്തയാളെ വിളിക്കും.

<u>ശ്രീ. ബാബു. എം. പാലിശ്ശേരി</u>: സർ, അതുപോലെ ഹാന്റ്ലൂമിന് ടാക്സ് കൂട്ടി. എല്ലാത്തിനും ടാക്സ് കൂട്ടിയിരിക്കുകയാണ്. അമ്പത്തിരണ്ടായിരത്തി ...... (മൈക്ക് ഓഫ്) .....പുതിയ കടമാണ്. ..... (മൈക്ക് ഓഫ്).......ഗവൺമെന്റട ക്കമുളള എല്ലാ ഗവൺമെന്റുകളുംകൂടി തൊണ്ണൂറ്റി രണ്ടായിരത്തി അറുനൂറ്റി എഴുപത്തി മൂന്ന് രൂപ കടമുണ്ടാക്കിയത് ഈ ........(മൈക്ക് ഓഫ്)....... ഈ ബഡ്ജറ്റിനെ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി</u> : സർ, ഈ ബഡ്ജറ്റിനെക്കുറിച്ചുളള ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുളള ചാരിതാർത്ഥ്യം ഇവിടെ പ്രകടിപ്പിച്ചുകൊളളട്ടെ. ബഡ്ജറ്റിനെ സംബന്ധിച്ച് വളരെ വിശദമായിട്ടുളള ചർച്ചകളാണ് കഴിഞ്ഞ ഏതാനും ദിവസങ്ങളായി നമ്മുടെ ഈ മഹനീയ സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പുറത്തുനിന്നും അപ്പുറത്തുനിന്നും വിവിധങ്ങളായിട്ടുളള വീക്ഷണങ്ങളുടെ അവതരണങ്ങൾ സ്വാഭാവികമായും ഇവിടെ നടന്നുകഴിഞ്ഞു. പുരോഗമനാത്മകമായിട്ടുളള ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റ് തീർച്ചയായും നമ്മുടെ കേരളീയ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുന്നുവെന്നുളളത് വളരെയേറെ പ്രാധാന്യത്തോടുകൂടി ഇവിടെ ഊന്നിപ്പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ രാജ്യത്താകെ സാമ്പത്തികമായിട്ടുളള മേഖലയിൽ അശുഭലക്ഷണങ്ങളാണ്. ആ അശുഭലക്ഷണങ്ങളുടെ മദ്ധ്യേയാണ് ഇതുപോലെയുളള മെച്ചപ്പെട്ട ബഡ്ജറ്റ് **അഭിവന്ദ്യനായ** ശ്രീ. കെ. എം. മാണി സ്വരൂപിക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുളളത്. വീക്ഷണങ്ങളിലൊക്കെ വ്യത്യാസങ്ങളുണ്ടാകാം പക്ഷേ യാഥാർത്ഥ്യങ്ങൾ ഒരുപോലെയായിരിക്കും – Interpretation may be different but the fact is same. നമ്മുടെ കാലഘട്ടത്തിന്റെയും

സാമ്പത്തികത്തിന്റെയും യാഥാർത്ഥ്യത്തിന് യാതൊരു മാറ്റവും സംഭവിക്കു ന്നില്ല. ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് അദ്ദേഹം എഴുതിയിട്ടുള്ളതും പറഞ്ഞിട്ടുള്ളതുമായ കാര്യങ്ങളൊക്കെ സസൂക്ഷ്മം ഞാൻ ശ്രദ്ധിക്കുകയുണ്ടായി. തീർച്ചയായും അദ്ദേഹത്തിന്റെ പ്രബുദ്ധ വീക്ഷണങ്ങളോട് ബഹുമാനമുണ്ട്. പക്ഷേ, ശ്രീ കെ. എം. മാണിയാ ണെങ്കിലും ഡോ. ടി. എം. തോമസ് ഐസക് ആണെങ്കിലും യാഥാർത്ഥ്യം മാറുന്നില്ല. ഈ യാഥാർത്ഥ്യങ്ങളുടെ മദ്ധ്യേനിന്നുകൊണ്ട് ഇതുപോലുള്ളൊരു ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണിയോട് യു.ഡി.എഫ്.–ന് മാത്രമല്ല കേരള ജനതയ്ക്കാകമാനം വലിയ ആദരവുണ്ട്. ഇക്കാര്യത്തിൽ അദ്ദേഹത്തെ അനുമോദിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാലും തിരുത്തലു കൾ  ചില മേഖലകളിലൊക്കെ ആവശ്യമായിട്ടുണ്ട്, ഒന്നും കുറ്റമറ്റതല്ല. ഒരു ബഡ്ജറ്റ് എന്നുപറയുന്നത് it is only a financial statement, അതൊരു സാമ്പത്തിക പ്രസ്താവന മാത്രമാണ്. വരാൻ പോകുന്ന ഒരു കൊല്ലം സാമ്പ ത്തികമായി എന്ത് ചെയ്യണം, എങ്ങനെ പോകണം എന്നതിനെക്കുറിച്ചുള്ള പ്രസ്താവന മാത്രമാണ് ബഡ്ജറ്റ്. പക്ഷേ ആ അർത്ഥത്തിൽ ഭേദഗതിക ളൊക്കെ പരിണിതപ്രജ്ഞനായിട്ടുള്ള,  രാഷ്ട്രീയ മണ്ഡലത്തിൽ പതിറ്റാണ്ടു കളുടെ പാരമ്പര്യമുള്ള, പന്ത്രണ്ടോളം ബഡ്ജറ്റുകൾ അവതരിപ്പിച്ച, ഒരു പക്ഷേ ഒരു വലിയ റെക്കോഡ് തന്നെ  ഈ വിഷയത്തിൽ സ്ഥാപിച്ചിട്ടുള്ള മാണിസാറിന് സാധിക്കുമെന്നുതന്നെയാണ് കേരളവും ഈ സഭയും പ്രതീക്ഷിക്കുന്നത്. കഴിഞ്ഞകാലത്ത് ഇന്ത്യയെ സംബന്ധിച്ച് നടന്നിട്ടുള്ള സാമ്പത്തികമായ വിശകലനങ്ങളിലൊക്കെ നിരാശാജനകമായിട്ടുള്ള പ്രസ്താ വനകളാണ് പുറത്തുവിട്ടത്. എച്ച്.എസ്.ബി.സി., ജെ. പി. മോർഗാൻ, നൊമ്യൂറ,

ഗോൾഡ്മാൻ സാക്സ് ഇവരുടെയൊക്കെ പഠനങ്ങളിൽ 4 നും 4.2 ശതമാനത്തിനും ഇടയിലുള്ള വളർച്ച മാത്രമാണ് സൂചിപ്പിച്ചത്. അനുയോജ്യമായ നയങ്ങളും നടപടികളുമുണ്ടെങ്കിൽ ജി.ഡി.പി. –യുടെ വളർച്ചാനിരക്ക് 6 ശതമാനത്തിൽ അധികമാകുമെന്നും സൂചിപ്പിക്കപ്പെട്ടു. പക്ഷേ മറുഭാഗത്തുനിന്നും പ്രത്യാശാജനകവും ആശാവഹമായിട്ടുള്ള വസ്തുതകളും വിവരണങ്ങളുമാണ് നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഉദാഹരണമായി എല്ലാവരും ഒരേമനസ്സോടുകൂടി ഒന്നിച്ചുനിന്നാൽ ഇന്ത്യയിൽ അടുത്തവർഷത്തിനകം ഡോളറിനെതിരെ രൂപയെ 66 വരെ ശക്തിപ്പെടുത്തുവാൻ സാധിക്കും. അത് ഒന്നുകൂടി ശ്രമിച്ചാൽ 62 വരെ ഇന്ത്യൻ രൂപയെ ശക്തിപ്പെടുത്താൻ സാധിക്കുന്നതാണ്. കഴിഞ്ഞ കാലഘട്ടത്തിൽ ഇന്ത്യയുടെ സാമ്പത്തികരംഗത്തുണ്ടായ ഏറ്റവും വലിയ നിർഭാഗ്യമെന്ന് പറയുന്നത് രൂപയുടെ വിലയിടിവാണ്. അവിടെപ്പോലും നമുക്ക് ആശാവഹമായിട്ടുള്ള ഒരുപാട് വസ്തുതകൾ മറുഭാഗത്തുനിന്നും വന്നുകൊണ്ടിരിക്കുകയാണ്. വളരെ പ്രസിദ്ധനായ ജർമ്മൻ മന:ശാസ്ത്രജ്ഞനായ ആൽഫ്രഡ് എഡ്ലർ പറയുന്നത് ഒരു മൈനസിനെ പ്ലസ് ആക്കാൻ സാധിക്കുന്നതാണ് ഒരു ബുദ്ധിമാന്റെ വിജയമെന്നാണ്. ഒരു മൈനസിനെ പ്ലസ് ആക്കാൻ സാധിക്കുന്നത്, ഒരു നിഷേധത്തെ ഒരു സ്ഥിരീകരണമായി പുന:സ്ഥാപിക്കാൻ സാധിക്കുന്നത് ഒരു മനുഷ്യന്റെ ഏറ്റവും വലിയ വിജയമാണെങ്കിൽ, ആ വിജയമാണ് ശ്രീ. കെ. എം. മാണി ഈ ബഡ്ജറ്റിലൂടെ നേടിയിട്ടുള്ളത്. തീർച്ചയായും അത് വളരെയേറെ ശ്ലാഘനീയവും അഭിലഷണീയവുമാണെന്നുതന്നെയാണ് നമ്മൾ വിശ്വസിക്കുന്നത്. ഇന്ന് രാഷ്ട്രീയത്തിലാകമാനം വരുന്ന ഒരു മാറ്റമുണ്ട്. എല്ലാവരും പരിഗണിക്കേണ്ടൊരു മാറ്റമാണത്. രാജ്യവ്യാപകമായും ലോകവ്യാപകമായും ദൃശ്യമാ

ണത്. അതിൽ ഭരണപ്രതിപക്ഷഭേദമില്ലാതെ എല്ലാവരും പഠിക്കേണ്ട പാഠങ്ങളുണ്ട്. ഡൽഹിയിലെ തെരഞ്ഞെടുപ്പിന്റെ പാഠമാണെങ്കിലും, ഒരു പുതിയ പാർട്ടിവന്നു, അല്ലെങ്കിൽ ഒരു പാർട്ടി ജയിച്ചു, എന്നുള്ളതല്ല അതിന്റെ പാഠം. ഒരു പുതിയ പാർട്ടിയുടെ രംഗപ്രവേശവുമല്ല അതിന്റെ പാഠം. കുമിഞ്ഞുകിടക്കുന്ന തീക്കനൽ പോലെ ആളുകളുടെ രോഷവും ആളുകളുടെ പ്രശ്നങ്ങളുടെ കാര്യത്തിൽ അവർ ആഗ്രഹിക്കുന്ന പരിഹാരവും, രാഷ്ട്രിയത്തിനുവേണ്ടിയുള്ള നേട്ടവും ഏത് കാലഘട്ടത്തിലും പുറത്തുവരുന്നതാണ് എന്നാണ് മനസ്സിലാക്കേണ്ടത്.

വാൾസ്ട്രീറ്റ് പ്രക്ഷോഭം, അറബ് വിപ്ലവം, മുല്ലപ്പൂ വിപ്ലവം, അറബ് വസന്തം എന്നൊക്കെ കാല്പനികമായി വ്യവഹരിക്കപ്പെട്ടത് ജനാഭിലാഷത്തിന്റെയും ജനങ്ങളുടെ കാമനകളുടെയും ആവിഷ്കാരമായിട്ടാണ് അതൊക്കെ സംഭവിച്ചത്. തീർച്ചയായും അതിനെ ഒരു പരിധിവരെ തൃപ്തിപ്പെടുത്താൻ ഇന്നെല്ലാവർക്കും കഴിയേണ്ടതുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കണം. ജനങ്ങൾ വോട്ട് ചെയ്യാനുള്ള വെറുമൊരു ഉപകരണം മാത്രമല്ല. വോട്ടെന്നുമാത്രം പറഞ്ഞ് രാഷ്ട്രീയത്തെ മുന്നോട്ടുകൊണ്ടു പോകാൻ കഴിയില്ല. വോട്ടില്ലാത്തവരെ തിരിഞ്ഞുനോക്കണ്ടായെന്നും ഒരു മറുവശം കാണും. കേരളത്തിലെ കുഞ്ഞുങ്ങൾ ഇന്ന് വലിയ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കുഞ്ഞുങ്ങൾക്ക് വോട്ടില്ല. എനിക്ക് കുറച്ചുസമയം മാത്രമുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് പ്രവേശിക്കുന്നില്ല. അല്ലെങ്കിൽ ഇന്ന് ഈ സഭയിൽ ചർച്ചചെയ്യപ്പെടേണ്ട ഒരു വലിയ വിഷയം മലയാളി കുഞ്ഞുങ്ങളുടെ പരമദയനീയമായ ജീവിത സ്ഥിതിവിശേഷമാണ്. അവരെയാരും

തിരിഞ്ഞുനോക്കാൻ തയ്യാറല്ല, കാരണം കുഞ്ഞുങ്ങൾക്ക് വോട്ടില്ല; ശബ്ദമില്ല; നിശ്ശബ്ദരാണ്; നിസ്സഹായരാണ്; നിസ്സാരരാണ്. അങ്ങനെയുള്ളവരെ തിരിഞ്ഞുനോക്കാത്ത രാഷ്ട്രീയ ഗതിക്കെതിരെയുള്ള അമർഷ പ്രകടനം ലോകത്താകെ ദൃശ്യമാകുമ്പോൾ കഴിയുന്നിടത്തോളം ജനങ്ങൾക്ക് തൃപ്തികരമായ ഒരു പൊതുപ്രവർത്തന ശൈലി വീണ്ടെടുക്കാൻ നമ്മൾ എല്ലാവരും ബാധ്യസ്ഥരാണ്. ഈ ബഡ്ജറ്റ് ഒരു പരിധിവരെ നല്ലതാണ്. നല്ല വാക്ക് എന്നുപറയുന്നത് **'അനുദ്വേതകരം വാക്യം സത്യം പ്രിയഹിതം ചതൈ'** എന്നാണ്. വാക്ക് നന്നായിത്തീരുന്നത് അനുദ്വേതകരം, അത് ഉത്കണ്ഠയുണ്ടാക്കു ന്നതാകരുത്. അപ്രകാരം അത് സത്യമായിരിക്കണം. പ്രിയഹിതം ചതൈ – അത് പ്രിയപ്പെട്ടതുമായിരിക്കണം. ഈ ബഡ്ജറ്റ് ആളുകൾക്ക് ഉത്കണ്ഠയുണ്ടാക്കുന്നില്ല. അതിൽ ജനപ്രിയമായിട്ടുള്ള കാര്യങ്ങളും തിരുത്തേണ്ടതായ കാര്യങ്ങളും നടപ്പിലാക്കേണ്ട കാര്യങ്ങളുമുണ്ട്. ഇനിയാണെങ്കിലും അതൊക്കെയാകാം. ഡോ. ടി. എം. തോമസ് ഐസക്–ന്റേയോ ശ്രീ. കെ. എം. മാണിയുടേയോ കയ്യിൽ മാന്ത്രികവിളക്കുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ട് ഞാൻ അകാരണമായി ഒന്നിനേയും പ്രശംസിക്കുന്നുമില്ല. എന്നാലും ഈ ബഡ്ജറ്റ് തീർച്ചയായും നമ്മുടെ കേരളീയ യാഥാർത്ഥ്യങ്ങളുടെ ഇന്നത്തെ മധ്യത്തിൽ നമുക്ക് സ്വീകരിക്കാവുന്നതും ഉൾക്കൊള്ളാവു ന്നതുമായ ഒരുപാട് കാര്യങ്ങളാണ് ഇതിൽ പറഞ്ഞിരിക്കുന്നതെന്ന കാര്യം നിഷേധിക്കാൻ സാധിക്കില്ല. മനുഷ്യൻ എപ്പോഴും ചിന്തിക്കുന്നത് അവന്റെ ജീവിതത്തെക്കുറിച്ചാണ്. കാറൽമാർക്സ് മനുഷ്യ രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ വലിയ സ്ഥാനം നേടിയ വ്യക്തിത്വമാണ്. അദ്ദേഹം

പ്രസിദ്ധമായ 'ദാസ് ക്യാപിറ്റൽ' എഴുതി ക്കൊണ്ടിരിക്കെ അദ്ദേഹത്തിന്റെ ഭാര്യ വന്നു ചോദിച്ചു, ഈ ദാസ് ക്യാപിറ്റൽ എഴുതുന്ന സമയംകൊണ്ട് വീടിന് എന്തെങ്കിലും ക്യാപിറ്റൽ ഉണ്ടാക്കാൻ ശ്രമിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്ന്. ഒരു വീട്ടമ്മ എപ്പോഴും ചിന്തിക്കുന്നതാണ് കാറൽ മാർക്സിന്റെ ഭാര്യപോലും ചിന്തിച്ചത്. കാറൽ മാർക്സ് എഴുതിയ മൂലധനം പിൽക്കാലത്ത് ലോകരാഷ്ട്രീയ ഗതിയെ സ്വാധീനിച്ചുവെന്നുള്ളത് മറ്റൊരു ഭാഗം. കാറൽ മാർക്സിനെപ്പോലുള്ള ഒരു രാഷ്ട്രീയ വിപ്ലവകാരിയുടെ പത്നിയും ചിന്തിക്കുന്നത് മുളകിന്റെ വിലയെക്കുറിച്ചും കഴിക്കേണ്ട കഞ്ഞിയെക്കുറിച്ചും സാധിക്കേണ്ട ജീവതത്തെക്കുറിച്ചും നേട്ടത്തെക്കുറിച്ചും സ്വപ്നങ്ങളെക്കുറിച്ചും സങ്കല്പങ്ങളെ ക്കുറിച്ചുമാണ്. ഈ സ്വപ്നങ്ങളും സങ്കല്പങ്ങളുമില്ലെങ്കിൽ മുന്നോട്ടു പോകാൻ കഴിയില്ല. അറുത്തിട്ട കോഴിക്കുമുണ്ട് ഒരു നൃത്തം. പക്ഷേ അത് വേദനയുടെ നൃത്തമാണ്. ആ വേദനയുടെ നൃത്തം കണ്ടിട്ട് അത് ആഹ്ലാദ നൃത്തമാണെന്ന് പറയാൻ കഴിയില്ല. ആ വേദനയുടെ നൃത്തത്തെ തിരിച്ചറിയേണ്ടതായിട്ടുള്ള ചുവടുമാറ്റം ഇന്ന് രാഷ്ട്രീയത്തിൽ അനിവാര്യമാണ്. ആ ചുവടുമാറ്റം ചാണക്യനിൽ നിന്ന് അശോകനിലേയ്ക്കും മാക്യവല്ലിയിൽ നിന്ന് മഹാത്മാഗാന്ധിയിലേയ്ക്കുമാണ്. ഈ പരിവർത്തനമാണ് ഇന്ന് ലോകത്ത് ആവശ്യമായിട്ടുള്ളത്. തീർച്ചയായും ഈ ബഡ്ജറ്റിനെ ക്കുറിച്ചാണ് ഞാൻ പറയുന്നത്. ഈ ബഡ്ജറ്റിന്റെ ഫിലോസഫിയും അതിന്റെ ദാർശനിക പശ്ചാത്തലവുമെന്ന് പറയുന്നത് ഇത്തരം കാര്യങ്ങളാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാലാകാലം ഇന്ധനത്തെയും മദ്യത്തെയും ലോട്ടറിയേയും ആശ്രയിച്ച് നമുക്ക് മുന്നോട്ട് പോകാൻ കഴിയുമോ? ഈ

സഭ ഒന്നിച്ച് ചിന്തിക്കണം. ലോട്ടറിയും മദ്യവും മാത്രമാണ് വരുമാന മാർഗ്ഗം. ഇതിൽ രണ്ടിലും ചില ചിന്താപരമായ പ്രശ്നങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മദ്യത്തിന്റെ വരുമാനത്തെ ആശ്രയിച്ച് ഒരു പ്രബുദ്ധ സമൂഹത്തിന്റെ വികസന നടപടികളെ സ്വരൂപിക്കാൻ കഴിയുമോ? മദ്യത്തിന് ഒരുഭാഗത്ത് വരുമാനമുണ്ടാകുമ്പോൾ മറുഭാഗത്ത് ഇത് വരുത്തുന്ന നാശനഷ്ടം കുടുംബങ്ങളെയും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തെയും ബന്ധങ്ങളെയും കുടുംബത്തിന്റെ സംവിധാനത്തേയും അയൽപക്ക ബന്ധങ്ങളെയും ഭാര്യാഭത്തൃ ബന്ധങ്ങളെയുമാണ് ബാധിക്കുക. കുടുംബത്തിലെ സമാധാനം തകർത്തിട്ട് അവർ വരുമാനം കൊണ്ടുവരുന്നു. അതുകൊണ്ട് പാലം കെട്ടാം; മദ്യം കൊണ്ട് റോഡുണ്ടാക്കാം. കുടുംബം തകർന്നോട്ടെ. ഒരുഭാഗത്ത് നിർമ്മാണത്തിനെന്ന് പറയുന്നതുവഴി ഉണ്ടായിത്തീരുന്ന വലിയ സാംസ്കാരികമായിട്ടുള്ള ചോരണങ്ങളെ സാംസ്കാരികമായ ആദാനപ്രദാനപ്രക്രിയയിൽ നാമനുഭവിക്കുന്ന നാശനഷ്ടങ്ങളെ തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ ഇന്ന് അല്ലെങ്കിൽ നാളെ അത് തിരിച്ചറിയേണ്ടതായി വരും. അപ്രകാരം പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിവരും. ഈ ബഡ്ജറ്റ് പാരമ്പര്യത്തേയും പരിവർത്തന ത്തേയും ഉൾക്കൊള്ളുന്നു. ഒരുഭാഗത്ത് ട്രെഡിഷൻ, മറുഭാഗത്ത് റവല്യൂഷൻ. ഒരുഭാഗത്ത് പാരമ്പര്യം എന്നുപറയുമ്പോൾ കൃഷിക്ക് കൊടുത്ത പ്രാധാന്യമാണ്. പരിവർത്തനമെന്ന് ഞാൻ പറയുന്നത് യുവജനങ്ങൾക്കും വ്യവസായത്തിനും നൽകിയ പ്രാധാന്യമാണ്. ചെറുപ്പക്കാർക്ക് പ്രാധാന്യം കൊടുക്കാതെ മുന്നോട്ടുപോകാൻ കഴിയില്ല. ന്യൂ ജനറേഷൻ സിനിമ മാത്രമല്ല ഉള്ളത്, ന്യൂ ജനറേഷൻ പൊളിറ്റിക്സും രാജ്യത്താകെ വളർന്നുവരികയാണ്. ആ ചുവരെഴുത്തിനെ നിഷേധിക്കാൻ ആർക്കും സാധിക്കില്ല. പുതിയ

ചെറുപ്പക്കാർ ആഗ്രഹിക്കുന്ന മാറ്റം, അവർക്ക് ഈ വിവാദങ്ങളിലൊന്നും താൽപ്പര്യമില്ല. ആവശ്യമില്ലാത്ത ഖണ്ഡന മണ്ഡന ശുഷ്കമായിട്ടുള്ള വാദമുഖങ്ങളിലോ അങ്ങോട്ടുമിങ്ങോട്ടു മുള്ള ആരോപണങ്ങളിലോ വിവാദ വ്യവസായങ്ങളിലോ ഒന്നും അവർക്ക് താൽപ്പര്യമില്ല. അവർ ആഗ്രഹിക്കുന്നത് നിർമ്മാണമാണ്. അവർ നെഗറ്റീവിസമല്ല ആഗ്രഹിക്കുന്നത്. അവർ ഏത് കാര്യത്തിലും ആഗ്രഹിക്കുന്നത് പുതുമയാണ്; പുരോഗമനമാണ്. ഇപ്പോൾത്തന്നെ ഉണ്ടായ നേട്ടങ്ങൾ വ്യവസായ രംഗത്തും കൃഷിയിലും ഒരുപാടുണ്ട്. അതിനെ ത്വരിതപ്പെടുത്താൻ ഈ ബഡ്ജറ്റ് ഉപകരിക്കുമെന്നുള്ളതാണ് ഏറ്റവും വലിയ സംഗതി. കൃഷിയിൽ 'നിറവ് പദ്ധതി' വഴി ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ഒരുപാട് നല്ല കാര്യങ്ങൾ ചെയ്ത് കൃഷിക്ക് ഒരു നവജീവൻ കൈവന്നിട്ടുണ്ട്. വ്യവസായത്തിന്റെ ഇ-റെഡിനസ്സിൽ കേരളം ഒന്നാംസ്ഥാന ത്താണ്. അതുമാത്രമല്ല സ്മാർട്ട് സിറ്റി അതിന്റെ പൂർണ്ണതയിലേയ്ക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തെ ഐ.ടി. പാർക്ക് അതിന്റെ മൂന്നാംഘട്ട പ്രവർത്തനത്തിലേയ്ക്ക് നീങ്ങിക്കഴിഞ്ഞു. എമേർജിംഗ് കേരളയിൽ 20,000 കോടി രൂപയുടെ പദ്ധതികൾക്കാണ് ഇതുവരെ കരാറുണ്ടായിട്ടുള്ളത്. ഇങ്ങനെയുള്ള മാറ്റങ്ങളൊക്കെ നടക്കുമ്പോൾ അതിനെ ത്വരിതപ്പെടുത്തുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മാനവ ചരിത്രത്തിലെ ഏറ്റവും വലിയ കണ്ടുപിടുത്തം കൃഷിയാണ്, വൈദ്യുതിയോ യന്ത്രങ്ങളോ മറ്റ് യന്ത്രസാമഗ്രികളോ അല്ല. മനുഷ്യൻ അവന്റെ ചരിത്ര ത്തിൽ നടത്തിയ ഏറ്റവും വലിയ കണ്ടുപിടുത്തം കൃഷിയാണ്. മണ്ണിൽ കുഴി ച്ചിട്ടാൽ മുളയ്ക്കും. അത് ജീവനും ഊർജ്ജവും നൽകും. അത് ആകാശ

ത്തേയ്ക്ക് പരക്കും. അതിന്റെ ചില്ലകൾ തണലേകും. അതിന്റെ വേരുകൾ അന്നം നൽകും. അത് മനുഷ്യന് അവന്റെ ആത്മാവുപോലെ ബന്ധപ്പെട്ടിരിക്കുന്നു. പ്രകൃതിയുടെ ഈ പാഠമാണ് അത് പഠിപ്പിച്ചത്. അതിലേയ്ക്ക് മടങ്ങേണ്ടിവരും. ഈ ബഡ്ജറ്റിനെ അഭിനന്ദിക്കാൻ എനിക്ക് വാക്കുകളില്ല. കൃഷിയെ ജീവിപ്പിക്കാനുള്ള ഏത് ശ്രമവും  മാനവരാശിയുടെ വേരുകളെ ജീവിപ്പിക്കാനുള്ള ശ്രമമാണ്. കൃഷിയെ അവഗണിച്ചുകൊണ്ട് ഒരു സമൂഹത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഇന്നിപ്പോൾ അരി തരുന്ന മരം ഏതെന്ന് ചോദിക്കുന്നിടത്താണ് മലയാളി കുഞ്ഞുങ്ങൾ.  അവർ കൃഷിയുമായി അകന്നുകഴിഞ്ഞു. കൃഷിയില്ല; പാടങ്ങളൊക്കെ നഷ്ടപ്പെട്ടുപോയി. പാടങ്ങളിൽ മൂന്നിലൊന്നുപോലും ഇന്ന് കേരളത്തിലില്ല. അതിനെ തിരിച്ചുപിടിക്കേണ്ടിവരും. കൃഷിക്കുവേണ്ടിയുള്ള മാനവരാശിയുടെ ശ്രമങ്ങളൊക്കെ ഒറ്റക്കെട്ടായിട്ടാണ് മനുഷ്യൻ നടത്തിയത്. അരിക്ക് ഉപയോഗിക്കുന്ന വാക്കുകൾപോലും ശ്രദ്ധിച്ചാൽ മനസ്സിലാകും. മലയാളത്തിൽ അരി,  തമിഴിൽ അരസി, അറബിയിൽ അറുസ്. വളരെ അത്ഭുതകരമാണ്; മലയാള വാക്കും അറബി വാക്കും ഒരുപോലെയായിരിക്കുന്നു. മലയാളത്തിൽ അരി എന്നും അറബിയിൽ അറുസ് എന്നും പറയുന്നു.  സ്പാനിഷ് ഭാഷയിൽ അറോസ്, ഗ്രീക്ക് ഭാഷയിൽ ഒറൈസ, ഫ്രഞ്ച് ഭാഷയിൽ റീസ്, ഇംഗ്ലീഷിൽ റൈസ്. റൈസ്, ഒറൈസ, അറോസ്, അരി, അരിസ, അറുസ് എല്ലാം ഒരുപോലെയാണ്. കാരണം മാനവരാശി ഒന്നിച്ചുനടത്തിയ ഒരു പണിയാണ് കൃഷി. ആ കൃഷി മാനവരാശിയുടെ അടിസ്ഥാനത്തെ സൂചിപ്പിക്കുന്ന കാര്യമാണ്.  ആ മാനവരാശിയുടെ അടിസ്ഥാനമായ കൃഷിയിലേയ്ക്കുള്ള ഏത് തിരിച്ചുപോക്കിനേയും സ്വാഗതം ചെയ്യണം. വിശദാംശങ്ങളിൽ വ്യത്യാസമുണ്ടാകാം ഹൈടെക് വേണോ പഴയരീതിവേണോ എന്നതിൽ ഡിബേറ്റ് നടക്കട്ടെ. ഈ

സഭയടക്കമുള്ള എല്ലാ സഭകളിലും ശ്രീ. കെ. എം. മാണിയുടെ ഈ രസ തന്ത്രത്തെ അല്ലെങ്കിൽ അദ്ദേഹം ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ കണ്ടന്റാ യിവച്ചിട്ടുള്ള മർമ്മപ്രധാനമായ ഉള്ളടക്കത്തെക്കുറിച്ച് ചർച്ചകൾ നടക്കട്ടെ. പക്ഷേ ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അപ്പോൾ ചിലർ ചോദിക്കും കൃഷി ലാഭകരമാകണ്ടേയെന്ന്. ആ തിയറി ആദ്യം തിരുത്തണം. ലാഭകരമായി നടത്തേണ്ട കാര്യമല്ല കൃഷി. ലാഭകരമായിട്ടാണോ കെ.എസ്.ആർ.ടി.സി.യും സർക്കാർ സ്കൂളുകളും പ്രാഥമിക ഹെൽത്ത് സെന്ററുകളും നടത്തുന്നത്. അതൊക്കെ ലാഭമില്ലാതെ നടത്താമെങ്കിൽ, കെ.എസ്.ആർ.ടി.സി. ഓരോ വർഷവും കോടികളുടെ നഷ്ടമാണ് വരുത്തുന്നത്. അതുകൊണ്ട് പാവപ്പെട്ട കർഷകനെ രക്ഷപ്പെടുത്താൻ സർക്കാർ ഖജനാവിൽ നിന്ന് എന്തും നൽകി കൃഷിയെ പുനരുജ്ജീവിപ്പിക്കാനും തിരിച്ചുകൊണ്ടുവരാനുമുള്ള ഒരു ശ്രമം ഈ രാജ്യത്ത് നടത്തേണ്ടി വരും. നമ്മുടെ പല കൃഷിയും ഇന്ന് നഷ്ടപ്പെട്ടുപോയി. ഈന്തപ്പന മരം പോലെ കാണപ്പെടുന്ന ഈന്ത് മരം ഇപ്പോൾ കാണാനില്ല. ഈന്തിനെ വിളിച്ചിരുന്നത് വന്യഭക്ഷണം (bread from the wild) എന്നാണ്. ഇന്ന് ഈന്ത് മരം കാണാനുണ്ടോ? അടുത്തകാലത്ത്, എന്റെ വീട്ടുവളപ്പിൽ മുളപ്പിക്കാൻ ഒരു ഈന്ത് തൈയ്ക്കുവേണ്ടി ഒരുപാട് അന്വേഷിച്ച് നടന്നിട്ട് അത് കിട്ടാൻ വളരെ പ്രയാസപ്പെട്ടു. അങ്ങനെയുള്ള ഒരു നാടാണ് കേരളം. വരാൻ പോകുന്ന തലമുറകൾക്ക് നമ്മൾ എന്താണ് കൊടുക്കാൻ പോകുന്നത്. ഇന്ത്യയിലെ ഒരു മുഖ്യമന്ത്രിയായിരുന്ന ശ്രീ. ലാലുപ്രസാദ് യാദവാണ് 'കോൻ ദേഗ ചാവൽ' എന്ന് ചോദിച്ചത്. നിങ്ങൾ വലിയ പുരോഗതിയെക്കുറിച്ച് പറയുന്നു; അരി ആര് തരും? അരി ആര്

തരുമെന്ന ശ്രീ. ലാലുപ്രസാദ് യാദവിന്റെ ചോദ്യം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മർമ്മപ്രധാനമായ ചോദ്യമാണ്. ആ ചോദ്യമാണ് ഇന്ന് രാഷ്ട്രീയത്തിലും മുഴങ്ങേണ്ട തായിട്ടുള്ളത്. അടിസ്ഥാനപരമായി ചിന്തിച്ചാൽ മനുഷ്യൻ തന്നെയാണ് കൃഷിയും വിളവും എല്ലാം. വിശ്വമഹാകവി മുഹമ്മദ് ഇക്ബാലിനെ ഞാനീ അവസരത്തിൽ ഓർക്കുകയാണ്.

**ആശ്നാ അപ്നീ ഹഖീഖത്ത് സെ**
**ഹൊ ഏ സഹ്ഖാൻ സറാ**

ഹേ മനുഷ്യാ നീ നിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് ഒന്ന് ഓർക്കൂ. ദാനാ ഭീ തൂ– നീ തന്നെ വിത്ത്, ഖേത്തി ഭീ തൂ – നീ തന്നെ കൃഷി, ബാറാൻ ഭീ തൂ – നീ തന്നെ കൃഷിക്ക് പെയ്യുന്ന മഴ, ബാറാൻ ഭീ തൂ – നീ തന്നെ മഴ, ഹാസിൽ ഭീ തൂ – നീ തന്നെയാണ് വിളവും. വിത്തും വിളവും കൃഷിയും നീ തന്നെ. മനുഷ്യന്റെ ആത്മാവുമായി അത്രമാത്രം ബന്ധപ്പെട്ട് കൃഷിയെ തിരിച്ചറിഞ്ഞു എന്നുള്ളതിന് ശ്രീ. കെ. എം. മാണിയോട് പ്രബുദ്ധകേരളം കടപ്പെട്ടിരിക്കുന്നുവെന്നാണ് ഈ ബഡ്ജറ്റ് ചർച്ചയിലൂടെ എനിക്ക് സൂചിപ്പിക്കാനുള്ളത്. കൃഷിയെ തിരിച്ചുകൊണ്ടുവന്ന് ഉപഭോഗ സംസ്കാരത്തിൽ നിന്ന് സമൂഹത്തെ കഴിയുന്നത്ര രക്ഷപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. ഇവിടെ പട്ടിയെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. വി. ശിവൻകുട്ടി നേരത്തെ ഒരു സബ്മിഷൻ അവതരിപ്പിച്ചത് ഞാൻ കേട്ടു. അങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. എന്നാൽ പട്ടികളുടെ മ്യൂസിയം നടത്താൻ വേണ്ടി ഒരു ജർമ്മൻകാരൻ തന്റെ മുഖം വാടകയ്ക്ക് കൊടുക്കാൻ തീരുമാനിച്ചു. **ഊവ് ട്രോഷൽ** എന്നാണ് അയാളുടെ പേര്. അയാൾ മുഖത്തിന് റേറ്റും നിശ്ചയിച്ചു. നെറ്റിക്ക് 50,000 യൂറോ, കവിളിന് 20,000 യൂറോ, മൂക്കിന് 2000 യൂറോ, താടിക്ക് 5000 യൂറോ, മുഖം മുഴുവനായും

വാടകയ്ക്ക് എടുക്കാൻ 1,00,000 യൂറോ കൊടുത്താൽ മതി. പട്ടികളുടെ മ്യൂസിയം നടത്താൻവേണ്ടി ഇത്രമാത്രം......... മുഖം നഷ്ടപ്പെട്ടു (loosing the face) എന്നൊക്കെ പറയാറുണ്ട്. ഇപ്പോൾ മനുഷ്യന് നഷ്ടപ്പെടുന്നത് അവന്റെ മുഖം മാത്രമല്ല; അവന്റെ ആത്മാവ് കൂടിയാണ്. അങ്ങനെയുള്ള ഒരു കാലാവസ്ഥയിൽ കൃഷിപോലുള്ള വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിനെ ഇത്രമാത്രം പ്രാധാന്യത്തോടുകൂടി ഊന്നിപ്പറയുന്നു എന്നുള്ളത് വളരെ ശ്രദ്ധിക്കേണ്ട കാര്യമാണ്.

കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ സാമൂഹ്യ പരിഷ്കരണത്തിനുവേണ്ടി ശ്രീ. കെ. എം. മാണി ഇവിടെ ചില കാര്യങ്ങൾ പ്രഖ്യാപിച്ചു. അതിനൊരു തുടർച്ചയുണ്ടാകണം. ഉദാഹരണമായി പുകയിലയുടെ കാര്യമെടുക്കാം. പുക യില യഥാർത്ഥത്തിൽ കാൻസർ ഉണ്ടാക്കുന്നുവെന്നുള്ളത് ലോകമെമ്പാടും അംഗീകരിക്കപ്പെട്ട കാര്യമാണ്. ക്യാൻസർ രോഗ ചികിത്സയ്ക്കായി 61,000 കോടി രൂപയാണ് ഇന്ത്യാ ഗവൺമെന്റ് ഒരു വർഷം ചെലവാക്കുന്നത്. നാൽപ്പത് ശതമാനത്തോളം ക്യാൻസർ രോഗവും ടുബാകോയുമായി ബന്ധ പ്പെട്ടാണ് ഉണ്ടാകുന്നത്. ഇക്കാര്യം മനസ്സിലാക്കി ഓരോ സംസ്ഥാനവും പുക യിലയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചു. രാജസ്ഥാൻ 65% ഉം പഞ്ചാബ് 55% ഉം ജമ്മു കാശ്മീർ 40% ഉം പുകയിലയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചു. എന്നാൽ, കേരളത്തിൽ ഇപ്പോഴും വെറും പതിനഞ്ച് ശതമാനം നികുതി മാത്ര മാണ് പുകയിലയ്ക്ക് ചുമത്തിയിട്ടുള്ളത്. കഴിഞ്ഞ തവണ പുകയിലയ്ക്ക് രണ്ടര ശതമാനം നികുതി വർദ്ധിച്ചപ്പോൾ 100 കോടി രൂപയുടെ അധിക വരു മാനമാണ് കേരളത്തിന് ഇക്കൊല്ലം ഉണ്ടാക്കാൻ സാധിച്ചത്. അങ്ങനെയുള്ള

വസ്തുക്കളിന്മേലുള്ള നികുതി വർദ്ധിപ്പിക്കണം. ഓട്ടോറിക്ഷാ പോലുള്ള മേഖലയെയും ഭക്ഷ്യ എണ്ണയേയും ടാക്സ് വർദ്ധനയിൽ നിന്നും ഒഴിവാക്കണമെന്ന അഭിപ്രായമാണുള്ളത്. ഭക്ഷ്യ എണ്ണയുടെ വില വർദ്ധിപ്പിച്ചാൽ അനുബന്ധ സാധനങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടാകും. ഇങ്ങനെയുള്ള വിഭാഗങ്ങളെ ടാക്സിൽ നിന്നും ഒഴിവാക്കി ജനങ്ങൾക്ക് കുറേക്കൂടി പ്രയോജനകരമായ രീതിയിൽ, ജനങ്ങൾക്ക് ഹാനികരമായ വകുപ്പുകളിന്മേൽ നികുതി കൊണ്ടുവരാൻ സാധിക്കണം. ഇന്നലെ തിരുവനന്തപുരത്ത് എൻഡോസൾഫാൾ ബാധിതരായ കുഞ്ഞുങ്ങളാണ് സംഘടിച്ചത്. നാളെ ഉണ്ടാകാൻ പോകുന്നത് ഈ കുഞ്ഞുങ്ങളുടെ രാഷ്ട്രീയമാണ്. ഒരു പാർട്ടിക്കും കണ്ണടക്കാൻ കഴിയില്ല. ഇരുപത് കിലോഗ്രാം ഭാരമുള്ള ശിരസുമായി ചലിക്കുന്ന കുഞ്ഞുങ്ങൾ, – ആരാണ് ഇതിന് ഉത്തരവാദി. ആരാണ് അവന്റെ ശിരസിന്റെ ഭാരം കൂട്ടിയത്. അവന് ഇഴയാൻ കഴിയാത്തൊരു ജീവിതം സമ്മാനിച്ചതാരാണ്? യന്ത്രങ്ങളോ യന്ത്രസംസ്കാരമോ; കശുമാവിൻ തോട്ടങ്ങളിലെ പത്ത് കശുമാവ് കൂടുതൽ കായ്ക്കണമെന്ന ദുരയുടെയും ആർത്തിയുടെയും പേരിൽ പാവപ്പെട്ടവന്റെ ജീവിതം തകർക്കാൻ ആരാണ്, ആർക്കാണ് അവകാശം നൽകിയത്. നാളെ മുതൽ രാഷ്ട്രീയത്തിൽ ഉണ്ടാകാൻ പോകുന്ന പ്രധാനപ്പെട്ട ചോദ്യം അതാണ്. രവീന്ദ്രനാഥ ടഗോർ പറഞ്ഞിട്ടുള്ളത്; what is radically wrong with our rulers, is this, they are fully aware that they do not know us, and yet they do not care to know us. നമ്മെ അറിയാൻ ശ്രമിക്കുന്നില്ലെന്നുള്ളതാണ് ഭരണാധികാരികളുടെ അബദ്ധമെന്നാണ് അദ്ദേഹം പറയുന്നത്. അങ്ങനെയൊന്ന് വരാതിരിക്കണം. എൻഡോസൾഫാൻ പ്രശ്നത്തിന്മേൽ പ്രതിപക്ഷ നേതാക്കളടക്കം

പങ്കെടുത്തുകൊണ്ട് ഇന്നലെയൊരു ചർച്ച നടത്തി ഒരു പരിധിവരെ പരിഹാര മുണ്ടാക്കിയെന്നുള്ളതിൽ സംതൃപ്തി രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുക യാണ്. ഈ ഗവൺമെന്റ് പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യ ത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്ന കാര്യം പറയാതിരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലും, അദ്ദേഹ ത്തിന്റെ നയങ്ങളിലും സമീപനങ്ങളിലുമൊക്കെ പാവപ്പെട്ടവന്റെ തോഴനായി മാറുന്നൊരു സമീപനവുമായി ശ്രീ. ഉമ്മൻ ചാണ്ടി നീങ്ങുന്നുവെന്നത് ഈ അവസരത്തിൽ ആശ്വസിക്കാൻ വക നൽകുന്ന സംഗതിയാണ്. അങ്ങനെ പാവപ്പെട്ടവന് തണലേകാൻ കഴിയണം. അല്ലെങ്കിൽ ഇപ്പോൾ നിഷേധ വോട്ടിനും വകുപ്പുണ്ടായിട്ടുണ്ട്. നിഷേധ വോട്ടിന് അവകാശിയുണ്ടായി എന്നുള്ളതാണ് രാഷ്ട്രീയത്തിലെ ഏറ്റവും പുതിയ പാഠം. നേരത്തെ നിഷേധ വോട്ടാണെങ്കിൽ നിഷേധ വോട്ടായിത്തന്നെ പോകുമായിരുന്നു. ഇപ്പോൾ ആ നിഷേധ വോട്ട് നിക്ഷേപിക്കാൻ ഒരു പെട്ടി ഉണ്ടായിരിക്കുന്നു. അതിന് അവകാശികളും പാർട്ടികളും സ്ഥാനാർത്ഥികളുമുണ്ടായിരിക്കുന്നു. അതിനെയൊക്കെ തിരിച്ചറിയാൻ കഴിയുമ്പോഴാണ് പാവപ്പെട്ടവർക്ക് തണലേ കാൻ കഴിയുന്നൊരു രാഷ്ട്രീയത്തെ നൽകാൻ കഴിയുന്നത്. എൽ.ഡി.എഫ് – യു.ഡി.എഫ്. എന്നീ വ്യത്യാസങ്ങൾ എല്ലാ കാര്യങ്ങളിലും പ്രകടിപ്പിക്കേണ്ട വിഷയമല്ല. കോൺഗ്രസ്സ് മുങ്ങാൻ പോകുന്ന കപ്പലാണെന്നൊക്കെ നേരത്തെ എന്റെ സുഹൃത്ത് ഇവിടെ പറയുകയുണ്ടായി. എന്നാൽ മുങ്ങാൻ പോകുന്ന കപ്പലല്ല, ഇന്ത്യയിലെ ഏറ്റവും വലിയ മതേതര പാർട്ടിയാണ് കോൺഗ്രസ്സ്. അടുത്ത തെരഞ്ഞെടുപ്പിൽ ഇന്ത്യയിൽ ഉണ്ടാകാൻ പോകുന്ന രാഷ്ട്രീയ ധ്രുവീകരണത്തിൽ കോൺഗ്രസ്സ് ഇന്ത്യൻ ജനതയുടെ രക്ഷയ്ക്കെത്തുന്ന കപ്പലാകുമെന്നുള്ളതാണ് ഇവിടെ കാണാൻ സാധിക്കുന്നത്. അതിനുവേണ്ടി

യുള്ള ഒരു രാഷ്ട്രീയം, മതേതരത്വത്തിന്റെ ഒരു രാഷ്ട്രീയ കൂട്ടായ്മയ്ക്കുവേണ്ടിയാണ് എന്നും ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് നിലക്കൊണ്ടത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതരത്വത്തിന്റെ ഒരു പൊതു പ്ലാറ്റ്ഫോം ഉണ്ടാകണം. ഇന്ത്യയിലെ ഏറ്റവും വലിയ സെക്കുലർ ഫോഴ്സാണ് കോൺഗ്രസ്സ്, ആ കോൺഗ്രസ്സിന് ലീഡർഷിപ്പ് കൊടുക്കണം. ഇതാണ് ലീഗ് എന്നും പറഞ്ഞിട്ടുള്ള രാഷ്ട്രീയ തിയറി. പ്രസക്തമായൊരു ചുറ്റുപാടിലേയ്ക്ക് വീണ്ടും ഇന്ത്യ കാലെടുത്തുവയ്ക്കാൻ പോവുകയാണ്. ഞാൻ രാജ്യസഭാംഗമായിരുന്ന കാലത്ത് ഇന്നത്തെ രാഷ്ട്രപതി ശ്രീ. പ്രണബ് കുമാർ മുഖർജി പ്രതിപക്ഷ നേതാവായിരുന്നു. അന്ന് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ശ്രീ. എം. എ. ബേബിയും ഞങ്ങളും ഒരുമിച്ചായിരുന്നു യോഗം ചേർന്നിരുന്നത്. അതായായിരുന്നു അന്നത്തെ രാഷ്ട്രീയ സ്ഥിതി വിശേഷം. അവിടെ വലിയ വ്യത്യാസങ്ങളുണ്ടായിരുന്നില്ല. അങ്ങനെയുള്ളൊരു സാഹചര്യം ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്ന് വീണ്ടും ഉരുത്തിരിഞ്ഞു വരുമ്പോൾ തീർച്ചയായും പാർട്ടികൾ തമ്മിലുള്ള അനൈക്യങ്ങൾ മാറ്റിവച്ചുകൊണ്ട് ഒരു പൊതുവായ ധാരയിൽ മുന്നോട്ടു പോകേണ്ടിവരും. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ത്യയ്ക്ക് മാതൃക കാണിച്ച സംസ്ഥാനമാണ് കേരളം. ആ മാതൃകയിൽ വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും ഉണ്ടായിട്ടുണ്ട്. ഒരുകാലത്ത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വളർച്ച, മുന്നണി രാഷ്ട്രീയത്തിന്റെ വികാസം, പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പിളർപ്പ്, മുസ്ലീം ലീഗ് നേടിയ വികാസം, കേരളാ കോൺഗ്രസിന്റെ ആവിർഭാവം ഇതൊക്കെ ചേർന്നുകൊണ്ടുണ്ടായ ഒരു അലൈൻസ് പൊളിറ്റിക്സാണ് ഇന്ത്യാ രാജ്യം പിന്നീട് പകർത്തിയത്. തീർച്ചയായും കേരളത്തിലേയ്ക്ക് ഇന്ത്യ ഉറ്റുനോക്കിയൊരു കാഴ്ചയാണ് അന്നുണ്ടായിട്ടുള്ളതെങ്കിൽ

വീണ്ടും അങ്ങനെയുള്ളൊരു കാലഘട്ടം നമ്മുടെ മുന്നിലുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ പ്രയാസങ്ങൾക്കിടയിലും ഇതുപോലുള്ള കാര്യങ്ങളിൽ ആശയവിനിയമം നടത്താനും ഒന്നിച്ചു നിൽക്കാനും രാജ്യത്തെ ജനങ്ങളുടെ പ്രശ്നപരിഹാരത്തിനുവേണ്ടി ഒറ്റക്കെട്ടായി നിൽക്കാനും സാധിക്കണം. തീർച്ചയായും അതാണ് ഇന്നത്തെ രാഷ്ട്രീയം നമ്മോട് ആവശ്യപ്പെടുന്നത് അല്ലാതെ ഡൽഹിയിലെ പുതിയ പാർട്ടിയുടെ രംഗപ്രവേശമല്ല ചർച്ച ചെയ്യപ്പെടേണ്ടത്. ഡൽഹിയിൽ ഇപ്പോൾ പുതിയ തെരഞ്ഞെടുപ്പിലുണ്ടായ പാഠമെന്നുപറയുന്നത്, സിംഗപൂരിൽ ഒരു പെൺകുട്ടി മരണശയ്യയിൽ കിടക്കുമ്പോൾ അമ്മയുടെ കൈപിടിച്ച് അമ്മേ എനിക്ക് ജീവിക്കണമെന്ന് പറഞ്ഞ സംഭവത്തെത്തുടർന്നുണ്ടായ റെയ്സിനാ കുന്നിലേയ്ക്ക് ഇടിച്ചുകയറിയ ജനമാണ് ഇന്നീ വലിയ മാറ്റമുണ്ടാക്കിയിട്ടുള്ളത്. സാധാരണക്കാരന്റെ സ്വരത്തിന് വിലയുണ്ടെന്ന പാഠം നമ്മൾ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. ശ്രീ. കെ. എം. മാണിയുടെ ഈ ബഡ്ജറ്റിനെ അഭിനന്ദിച്ചുകൊണ്ടും പന്ത്രണ്ടു ബഡ്ജറ്റുകൾക്കുശേഷം വീണ്ടും പുതിയ ബഡ്ജറ്റുകൾ അവതരിപ്പിക്കാനുള്ള ശേഷിയുണ്ടാകട്ടെയെന്ന് ആശംസിച്ചുകൊണ്ടും എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഈ ജനദ്രോഹ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ ആമുഖപ്രസംഗം ഒരിക്കൽ കൂടി ഞാൻ അവതരിപ്പിക്കുകയാണ്. 'ദേശീയ തലത്തിൽ സാമ്പത്തിക വളർച്ചയിൽ പ്രതിഫലിക്കുന്ന മാന്ദ്യവും അതിന്റെ ഫലമായി റവന്യൂ വരുമാനത്തിലുണ്ടാകുന്ന കുറവും കൂടി നാം തിരിച്ചറിയേണ്ടതുണ്ട്. ' ആരെയാണ് നാം എന്നതുകൊണ്ട് ഉദ്ദേശി

ക്കുന്നത്; ആരാണ് തിരിച്ചറിയേണ്ടത്; കേന്ദ്ര ഗവൺമെന്റിന്റെ തലതിരിഞ്ഞ സാമ്പത്തിക നയത്തിന്റെ ദുരന്തമാണ് ഇന്ന് ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്നത്. കേരളാ കോൺഗ്രസ്സുകാർ കോൺഗ്രസ്സിനെതിരെ നടത്തുന്ന ഒരു ഒളിയമ്പാണിത്. കേന്ദ്രം പിന്തുടരുന്ന നയമാണിത്. അതിന്റെ ഫലമായി ഉണ്ടായ സാമ്പത്തിക മാന്ദ്യമാണിത്. മാത്രമല്ല, കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന നാണയപ്പെരുപ്പം പത്ത് ശതമാനമായി തുടരുകയാണെന്നാണ് അദ്ദേഹം ഈ ബഡ്ജറ്റിലൂടെ വീണ്ടും പറയുന്നത്. പണപ്പെരുപ്പം മൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധനവ് ഒരു സങ്കീർണ്ണ പ്രശ്നമായി കഴിഞ്ഞ രണ്ടുവർഷക്കാലമായി തുടരുന്നു. ഇതാണ് ഇപ്പോൾ കേരളത്തിൽ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റ്. വിലക്കയറ്റമില്ലെന്ന് ഒരു സഹമന്ത്രി ഇവിടെ പറയുന്നതുകേട്ടു. എന്നാൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ആമുഖപ്രസംഗത്തിൽ പറയുന്നത് സാമ്പത്തികതകർച്ചയെക്കുറിച്ചാണ്. ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ഏറ്റവും പാപ്പരായൊരു ബഡ്ജറ്റാണിത്. ബഹുമാനപ്പെട്ട എം. പി. അബ്ദുസ്സമദ് സമദാനി അങ്ങയുടെ പ്രസംഗം നന്നായിരുന്നു. പക്ഷേ, ഈ ബഡ്ജറ്റ് അദ്ധ്വാനവർഗ്ഗത്തിനെതിരെയുള്ള ആക്രമണമാണ്. അദ്ധ്വാനവർഗ്ഗത്തിന്റെ പാർട്ടിയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റിൽ എവിടെയാണ് അദ്ധ്വാന വർഗ്ഗത്തിന് എന്തെങ്കിലും ആനുകൂല്യം നൽകിയിട്ടുണ്ടോ; കശുവണ്ടിത്തൊഴിലാളികളെപ്പറ്റിയോ കൈത്തറിത്തൊഴിലാളികളെപ്പറ്റിയോ, അസംഘടിത മേഖലയിൽ പണിയെടുക്കുന്നവരെപ്പറ്റിയോ എന്തെങ്കിലുമൊരു പരാമർശം നടത്തിയിട്ടുണ്ടോ; ഇവിടത്തെ 77 ശതമാനത്തോളം ആളുകളും അസംഘടിത മേഖലയിലാണ് ജീവിക്കുന്നത്. ആ അസംഘടിത മേഖലയെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒരു സൂചനയുമില്ല. സാമ്പ

ത്തിക മാന്ദ്യം ഈ മേഖലയിലുള്ള തൊഴിലവസരങ്ങളെയും വരുമാന ത്തെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പി ച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിമാരെ ആരെയും ഇവിടെ കാണാനില്ല. അതുകൊണ്ട് ഒരു കാര്യമുറപ്പാണ്, ഇവിടെ ആരൊക്കെ എന്തൊക്കെ പ്രസംഗി ച്ചാലും ശ്രീ. കെ. എം. മാണിക്ക് പറയാനുള്ള കാര്യം നേരത്തെ തീരുമാനിച്ചി ട്ടുണ്ട്. അത് ഇവിടെ പറയുമെന്നുള്ളതുകൊണ്ട് ഇവിടെയൊരു പ്രസംഗം നട ത്തിയതുകൊണ്ട് കാര്യമില്ല. ഇപ്പോൾ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ ന്താണ്? 9598 കോടി രൂപയാണ് പലിശ കൊടുത്തുതീർക്കുവാനുള്ളത്. എന്നാൽ ഈ ബഡ്ജറ്റിൽ റീ എസ്റ്റിമേറ്റ് ചെയ്തിരിക്കുന്ന പദ്ധതി വിഹിതം 1,13,925.42 കോടി രൂപയാണ്. പദ്ധതിയുടെ ചെലവ് പറയുന്നത്, 16,797.27 രൂപയാണ്. ബാക്കിയുള്ളത് കടമാണ്. വലിയൊരു തുക കടമാണ്. ഈ കട ത്തിന്റെ അന്ത്യം 1,14,398.46 ധനകമ്മിയാണ് വരാൻ പോകുന്നത്. ഇത് കമ്മി ബഡ്ജറ്റാണ്. കമ്മി തുടരുകയാണ്. ഈ സാമ്പത്തിക തകർച്ചയുടെ ഫലമാ യാണ് വിലക്കയറ്റമുണ്ടാകുന്നത്. വിലക്കയറ്റത്തിനെ എങ്ങനെയാണ് ശ്രീ. കെ. എം. മാണി നേരിടുന്നത്. അദ്ദേഹത്തിന്റെ കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞി ട്ടുണ്ട്, വിലക്കയറ്റം തടയാൻ അദ്ദേഹം അനുവദിച്ചത് 100 കോടി രൂപയായിരു ന്നുവെങ്കിൽ ഇത്തവണ ഏറ്റവും രൂക്ഷമായ വിലക്കയറ്റം നടക്കുമ്പോൾ അനുവദിച്ചിരിക്കുന്നത് 65 കോടി രൂപയാണ്. കഴിഞ്ഞ തവണ സിവിൽ സപ്ലൈസ് വകുപ്പ് എന്നൊരു തലക്കെട്ടുണ്ടായിരുന്നു. ഇത്തവണ അങ്ങനെ യില്ല. കമ്പോള ഇടപെടൽ മാത്രമേയുള്ളൂ. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിൽ നൽകിയ വാഗ്ദാനം അൻപത് താലൂക്കുകളിൽ

സൂപ്പർമാർക്കറ്റ് ആരംഭിക്കുമെന്നാണ്. ഒറ്റ താലൂക്കിൽ പോലും ആരംഭിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കൃഷി മന്ത്രിയെ പറ്റിച്ചിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞ അതേ വാക്കുകൾ തന്നെയാണ് ഈ ബഡ്ജറ്റിലും പറഞ്ഞിട്ടുള്ളത്. ഈ ഹൈടെക് അല്ലെങ്കിൽ ഹരിതം എന്ന് പറയുന്നതല്ലാതെ സമൂർത്തമായി കേരളത്തിലെ കൃഷിക്കാർ നേരിടുന്ന ഗുരുതരമായ ഒരു വിഷയത്തിനെയും അഡ്രസ്സ് ചെയ്യുന്നില്ല. അവരുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം വളം കിട്ടുന്നില്ലായെന്നുള്ളതാണ്. വളത്തിന് തീ വിലയാണ്, വിത്തിന്റെ ദാരിദ്ര്യമുണ്ട്, വായ്പകൾ സമയത്ത് കിട്ടുന്നില്ല, ന്യായമായ വില കിട്ടുന്നില്ല. അതിനിപ്പോൾ ഒരു ഇൻഷ്വറൻസ് പരിപാടിയാണ് പറയുന്നത്. ഇൻഷ്വറൻസിന്റെ സ്ഥിതിഗതികൾ എല്ലാവർക്കും അറിയാം. സാർവ്വത്രികമായ തട്ടിപ്പുകളാണ് പല ഇൻഷ്വറൻസുകളും. ലോകത്തിപ്പോൾ പലതും സ്വകാര്യ ഇൻഷ്വറൻസുകളാണ്, ഇൻഡ്യയിലും പ്രൈവറ്റ് ഇൻഷ്വറൻസുകൾ ഉണ്ട്. ഇതിൽ ഏത് ഇൻഷ്വറൻസാണെന്ന് പറയുന്നില്ല. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാണെന്ന് പറയുന്നല്ലോ; കഴിഞ്ഞ ബഡ്ജറ്റിൽ പറഞ്ഞിരുന്ന പ്രകാരം ഗവൺമെന്റ് ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയിട്ട് നാളിതുവരെ പത്ത് പൈസ പോലും ഗവൺമെന്റിൽനിന്നോ ആ ജീവനക്കാരിൽനിന്നോ പിടിച്ചിട്ടില്ല. കേരളത്തിലെ ജീവനക്കാരെ പാടെ അവഗണിക്കുന്ന ഒരു പദ്ധതിയാണ് ഈ പെൻഷൻ പദ്ധതി. പാർട്ടിസിപ്പേഷനുമില്ല, കോൺട്രിബ്യൂഷനുമില്ല, പെൻഷനുമില്ലാത്തൊരവസ്ഥയായി. സാമ്പത്തിക അരാജകത്വമാണ്. നമ്മുടെ അടിസ്ഥാന വികസനം എന്നുപറയുന്നത് റോഡാണല്ലോ; റോഡ് നിർമ്മാണത്തിന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി കാര്യമായ സഹായം നീക്കിവെച്ചിട്ടുണ്ടെന്നാണ് ബഡ്ജറ്റ് വായിച്ചാൽ തോന്നുന്നത്.

1,800 കോടി രൂപ കരാറുകാർക്ക് കൊടുത്തുതീർക്കാനുണ്ട്. കശുവണ്ടി മേഖലയിൽ കാഷ്യു കോർപ്പറേഷൻ എന്ന ഒരു സ്ഥാപനത്തിന് തന്നെ 37 കോടി രൂപയുടെ ഗ്രാറ്റുവിറ്റി കുടിശ്ശികയുണ്ട്. അവിടെയാണ് 28 കോടി, 37 കോടി, 18 കോടി എന്ന് കോടികളുടെ കണക്ക് പറയുന്നത്. കശുവണ്ടി വാങ്ങുവാനും ഗ്രാറ്റുവിറ്റി കൊടുത്തുതീർക്കുവാനും ഒരു വർഷം മുഴുവൻ ജോലി കൊടുക്കുവാനും കഴിയില്ല. കേരളത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. അത് തകരുകയാണ്. അതിന് ഇങ്ങനെ ഒരു സമീപനമുണ്ടോ; അവരുടെ പെൻഷൻ കൊടുക്കുന്നില്ല, സർക്കാർ കൊടുക്കുന്ന പെൻഷൻ പദ്ധതികളെല്ലാം ഇപ്പോൾ കുടിശ്ശികയാണ്. ഗണ്യമായ രീതിയിൽ കുടിശ്ശികയാണ്. കർഷകത്തൊഴിലാളികൾക്ക് മാത്രം 176 കോടി രൂപയുടെ കുടിശ്ശികയുണ്ട്. ഇതാണ് ഇവിടത്തെ സ്ഥിതി. കഴിഞ്ഞവർഷം ശ്രീ. കെ. എം. മാണി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനുംകൂടി അനുവദിച്ചത് 71.60 കോടി രൂപയായിരുന്നു. ഇപ്പോഴത്തെ ബഡ്ജറ്റിൽ കശുവണ്ടി വികസന കോർപ്പറേഷന് 28 കോടി, കാപ്പെക്സിന് 18 കോടി ആകെ 46 കോടി രൂപയാണ്. കശുവണ്ടി വികസന കോർപ്പറേഷന് 36 കോടി രൂപ ഗ്രാറ്റുവിറ്റി മാത്രം കൊടുത്തുതീർക്കാനുണ്ട്. അതുതന്നെയാണ് കാപ്പെക്സിന്റെയും സ്ഥിതി. ഇത് ഭദ്രമാണോ; കേരളത്തിന്റെ സമ്പദ്ഘടന ഭദ്രമാണോ? ഈ കഴിഞ്ഞ ക്രിസ്തുമസ്സിന് നമ്മുടെ ജീവനക്കാർക്ക് അഡ്വാൻസ് കൊടുക്കാൻ കഴിഞ്ഞോ; എങ്ങനെയാണ് സാമ്പത്തികം ഭദ്രമാവുന്നത്; അങ്ങയുടെ കണക്കുകൾ എല്ലാം പറയുമ്പോഴും കേന്ദ്ര ഗവൺമെന്റിന്റെ കുഴപ്പംകൊണ്ട് ഇവിടെയും കുഴപ്പമാണെന്നാണ് പറ

യുന്നത്. കേന്ദ്ര ഗവൺമെന്റിന് കുഴപ്പം ഉണ്ടാകാൻ കാരണമെന്താണ്; ടു–ജി സ്പെക്ട്രം – 1,76,000 കോടി രൂപ, കൽക്കരി ഖനി – 1,86,000 കോടി രൂപ, ഹെലികോപ്ടർ 362 കോടി രൂപ, കോമൺവെൽത്ത് ഗെയിംസ് – 36,000 കോടി രൂപ, ഡൽഹി അന്താരാഷ്ട്ര വിമാനത്താവളം അഴിമതി 62,000 കോടി രൂപ, കെ.ജി.ബേസിൻ ഗ്യാസ് അഴിമതി – 29,000 കോടി രൂപ ആകെ അഞ്ച് ലക്ഷം കോടി രൂപയാണ്. ഇത് സി & എ. ജി. യുടെ റിപ്പോർട്ടാണ്. അതേ സമയം 1,46,000 കോടി രൂപയുടെ കോർപ്പറേറ്റ് കമ്പനികളുടെ നികുതിയിളവ് അനുവദിച്ചു. ഖജനാവിൽ വരേണ്ട ഈ പണം നിയന്ത്രിക്കാൻ കേന്ദ്ര ഗവൺമെന്റിന് കഴിഞ്ഞെങ്കിൽ, ഇവിടെ കേന്ദ്ര മന്ത്രി ശ്രീ. കെ. വി. തോമസ് കൊട്ടിഘോഷിക്കുന്ന ഭക്ഷ്യസുരക്ഷാ ബിൽ നടപ്പിലാക്കൻ കഴിയുമായി രുന്നു. അദ്ദേഹം ഇന്നും പരസ്യം കൊടുത്തിട്ടുണ്ട്. വലിയ കാര്യമാണിതെന്ന്. പക്ഷെ അത് നടപ്പിലാക്കണമെങ്കിൽ 1,40,000 കോടി രൂപ വേണം. പാവപ്പെട്ട ആൾക്കാർക്ക് പുതിയൊരു റേഷൻ സമ്പ്രദായം നടപ്പിലാക്കാൻ കഴിയാതെ ബില്ലുമാത്രം പാസ്സാക്കി ആളുകളെ പറ്റിക്കുകയാണ്. മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി, രണ്ട് രൂപയ്ക്ക് ഗോതമ്പ്, എവിടെയാണ് കിട്ടിയത്; ആർക്കെ ങ്കിലും കിട്ടിയിട്ടുണ്ടോ; ഇത് ഭക്ഷ്യ സുരക്ഷാ ബിൽ അല്ല, കേന്ദ്രം അവർ ആഗ്രഹിക്കുന്നത് വോട്ട് സുരക്ഷാ ബില്ലാണ്. ഇത് തനി തട്ടിപ്പാണ്. കേന്ദ്ര ത്തിൽ ഈ കൊടിയ കൊള്ള നടക്കുമ്പോൾ കേരളത്തിൽ കണക്കുകൾ പറ യുന്നത് ഇൻഡ്യയിലെ സാമ്പത്തിക തട്ടിപ്പിൽ രണ്ടാം സ്ഥാനം കേരളത്തിനാ ണ്. ഈ സാമ്പത്തിക തട്ടിപ്പിന് ധനകാര്യ മന്ത്രി എന്ത് നടപടിയാണെടുത്ത ത്? അങ്ങയുടെ ഡിപ്പാർട്ട്മെന്റിലെ പതിനായിരം കോടിയിൽപ്പരം രൂപ പിരി

ച്ചെടുക്കാനില്ലേ; അത് പിരിച്ചെടുത്തിരുന്നെങ്കിൽ ഈ പുതിയ നികുതി വേണ മായിരുന്നോ; ഇവിടെ അപ്പുറത്തിരിക്കുന്ന ചില ആളുകൾ പ്രസംഗിക്കുന്നത് കേട്ടു, ഡൽഹിയിൽ ഒരു ചെറിയ പാർട്ടി വന്നതുകൊണ്ട് ഇനി ഒന്നും പേടി ക്കാനില്ല എന്ന്. ഡൽഹിയിൽ മാത്രമല്ല, അഞ്ച് സംസ്ഥാനങ്ങളിൽ തെര ഞ്ഞെടുപ്പ് നടന്നതിൽ ഉണ്ടായിരുന്ന മൂന്ന് സംസ്ഥാനവും കോൺഗ്രസിന് നഷ്ടപ്പെട്ടു. ഡൽഹിയും രാജസ്ഥാനും മദ്ധ്യപ്രദേശും നഷ്ടപ്പെട്ടതിന് കോൺഗ്രസ്സുകാർ വിലയിരുത്തിയ പ്രധാന കാരണം വിലക്കയറ്റ മാണെന്നാണ്. ഇവിടെ അവർക്ക് വേണ്ടി വാദിക്കുന്ന എന്റെ സുഹൃത്ത് പറ യുന്നത്, അവിടെ വലിയ കുഴപ്പമില്ല, ആം ആദ്മി പാർട്ടി മാത്രമെയുള്ളു, വേറെ ഒന്നും സംഭവിച്ചില്ല എന്ന്. ഇൻഡ്യാ മഹാരാജ്യത്ത് കോൺഗ്രസ്സിന്റെ മരണമണി മുഴങ്ങുകയാണ്. ഞങ്ങൾ അതിൽ സന്തുഷ്ടരല്ല, ഞങ്ങൾക്കാഹ്ലാ ദമില്ല. കാരണം അത് ചരിത്രത്തിൽ അനിവാര്യമായ ഒരു കാര്യമാണ്. കാരണം നിങ്ങൾ കോൺഗ്രസ്സുകാർ ഇൻഡ്യൻ രാഷ്ട്രീയത്തിൽ തുടക്കം മുതൽ ഇന്നുവരെ സ്വീകരിച്ചത് കമ്മ്യൂണിസ്റ്റ് വിരുദ്ധമായ സമീപനമായി രുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ നിങ്ങൾ ആദ്യം ജയിലിലാക്കിയത് ഇൻഡ്യയിലെ കമ്മ്യൂണിസ്റ്റുകാരെയാണ്. എല്ലാവർക്കും സ്വാതന്ത്ര്യം കിട്ടിയ പ്പോൾ ഞങ്ങളുടെ പൂർവ്വികന്മാർ ഇൻഡ്യാ മഹാരാജ്യത്തെ ജയിലറകളിൽ കിടക്കുകയായിരുന്നു. അന്നുമുതൽ ഇന്നുവരെ നിങ്ങൾ കമ്മ്യൂണിസ്റ്റ് വിരുദ്ധ മല്ലാതെ പറഞ്ഞ് പറഞ്ഞ് തകർച്ചയുടെ അഗാധതലങ്ങളിലേക്ക് പതിക്കുകയാ ണ്. ഞങ്ങളാണോ ബി.ജെ.പി.യെ വളർത്തിയത്, ബി.ജെ.പി.യെ വളർത്തി അധികാരം കൈമാറിയത് കോൺഗ്രസ്സുകാരാണ്. കോൺഗ്രസ്സുകാർ ഭരിച്ച സംസ്ഥാനങ്ങളാണ് ഓരോന്നോരോന്നായി തകർന്നുവീണത്.

നരേന്ദ്രമോഡിയെ തളയ്ക്കും, നരേന്ദ്രമോഡിയെ നേരിടും എന്നാണോ നിങ്ങൾ പറയുന്നത്? നിങ്ങൾ എൽ.ഡി.എഫ്.–നെ നേരിടുമെന്നാണ് പറഞ്ഞത്. കേരളം ഒരു ചെറിയ സംസ്ഥാനമല്ലേ; ഇൻഡ്യയുടെ മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും ഭാവി എന്താണ്; മതന്യൂനപക്ഷങ്ങളുടെ ഭാവി എന്താണ്? ഇവിടത്തെ മുസ്ലീംലീഗുകാരുടെ അഞ്ചാറ് സീറ്റും മൂന്നു നാല് മന്ത്രിക്കസേരയും കൊണ്ട് ഇൻഡ്യാ മഹാരാജ്യത്തെ ഈ സമൂഹത്തെ എങ്ങനെയാണ് നിങ്ങൾ രക്ഷിക്കുന്നത്; ലോകത്തിലെ സംഭവഗതികൾ നിങ്ങൾ കാണുന്നില്ലേ? അതുകൊണ്ടാണ് പുതിയ കാലാവസ്ഥ വരണമെന്ന് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യ മതേതര ബദൽ, ദേശീയ ബദൽ അതല്ലാതെ ഇൻഡ്യയ്ക്ക് വേറെ വഴിയില്ല. അതാണ് ഡൽഹിയിലെ തെരഞ്ഞെടുപ്പ് നൽകുന്ന സൂചന. അതല്ലാതെ ന്യൂനപക്ഷത്തിന് രക്ഷയില്ല. മാണി സാറിനോ ശ്രീ. പി. സി. ജോർജിനോ ഈ മുന്നണിയിൽ ഇരുന്നുകൊണ്ട് വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഒന്നും കിട്ടാൻ പോകുന്നില്ല. അക്കാര്യം അങ്ങയുടെ ഇപ്പോഴത്തെ ബഡ്ജറ്റിൽ വളരെ വ്യക്തമാണ്. അദ്ധ്വാനവർഗ്ഗത്തിന്റെ പാർട്ടി എവിടെയാണ് നിൽക്കുന്നത്? പാവപ്പെട്ടവരായ ഓട്ടോറിക്ഷക്കാരുടെ പോക്കറ്റടിച്ചു, ചായക്കടയിൽ കയറി ആഹാരം കഴിക്കുന്നവരുടെ പോക്കറ്റടിച്ചു, എഡിബിൾ ഓയിലിന് നിരക്ക് കൂട്ടി. 2 സെന്റ് ഭൂമി വാങ്ങാനോ ഒരു ചെറിയ വീട് വയ്ക്കാനോ നിവൃത്തിയില്ല. പുഴയിലെ മണ്ണെടുക്കാൻ പാടില്ല, എം സാന്റ് തൊടാൻ പാടില്ല. സാർവ്വത്രികമായി നികുതിയുടെ പ്രളയമല്ലേ? സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു ഗവൺമെന്റ് ഒരു ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നിലവിലുള്ള നികുതി വരുമാനം മുഴുവൻ പിരിച്ചെടുക്കാൻ കഴിയാതെ വന്നാൽ കമ്മി നികത്തുന്നതിന്

ഭൂരിപക്ഷമുണ്ടെന്ന് കരുതി ജനദ്രോഹപരമായ നികുതികൾ അടിച്ചേൽപ്പിക്കുന്നത് ശരിയാണോ? 3 പേർ കയറുന്ന ഓട്ടോയ്ക്ക് നികുതിയടയ്ക്കുന്നതെന്തിനാണ്? കാരവാൻ വാഹനങ്ങൾക്ക് നികുതി ഏർപ്പെടുത്തുന്നത് മനസ്സിലാകും, വലിയ വലിയ പോഷ് കാറുകൾ വാങ്ങുന്നത് മനസ്സിലാകും. എന്നാൽ ഈ പാവപ്പെട്ടവരെ പൂർണ്ണമായും ഇതിൽ നിന്നും ഒഴിവാക്കണം. എഡിബിൾ ഓയിലിന്റെ നികുതി ഞങ്ങൾ കുറച്ചിരുന്നതാണ്. നിങ്ങൾ ആ നികുതി കുറച്ചാൽ ചായക്കടയിലെ ആഹാരങ്ങൾക്ക് വിലകുറയും. പാചകവാതകത്തിന്റെ വില കുറയ്ക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ; അങ്ങ് കർഷകർക്കുവേണ്ടി വാദിക്കുന്നുണ്ടല്ലോ? ബഹുമാനപ്പെട്ട മാണി സാറിനോട് ചോദിക്കുകയാണ്, ഇന്ന് രാവിലെ നമ്മൾ ചർച്ച ചെയ്ത കസ്തൂരിരംഗൻ റിപ്പോർട്ട് അല്ലെങ്കിൽ ഗാഡ്ഗിൽ റിപ്പോർട്ട്, അതിന് പ്രതിവിധിയായി ഒരു മുൻകരുതൽ നടപടി ഇവിടെ സ്വീകരിക്കാനുള്ള എന്തെങ്കിലും ഒരു സൂചന ഈ ബഡ്ജറ്റിലുണ്ടോ? കോട്ടയത്ത് ഹർത്താൽ നടക്കുന്നു, ഇടുക്കിയിലും വയനാട്ടിലും കോഴിക്കോടും ഹർത്താൽ നടക്കുന്നു. ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അങ്ങയുടെ മനസ്സിൽ ഈ വിഷയമില്ല. അങ്ങയുടെ പാർട്ടിക്കാരാണ് കഴിഞ്ഞതവണ ഇവിടെ വല്ലാത്ത ടെൻഷൻ ഉണ്ടാക്കിയത്. മുല്ലപ്പെരിയാർ ഉടനെ തകർന്നുപോകുമെന്ന് പറഞ്ഞ് 50 കോടി രൂപ പാവം മാണി സാർ മാറ്റിവച്ചു. ആ പുതിയ ഡാം ഇപ്പോൾ എവിടെ പോയി; കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ച ഏതെങ്കിലും ഒരു പരിപാടി പൂർണ്ണമായി നടപ്പിലാക്കിയോ? സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി ഇപ്പോൾ വനിതകൾക്കുകൂടി നടപ്പിലാക്കി. ആദ്യ പദ്ധതി പൊളിഞ്ഞപ്പോൾ ഇപ്പോൾ വനിതകളെക്കൂടി അതിനകത്ത് ഉൾപ്പെടുത്തി. കഴിഞ്ഞ ബഡ്ജറ്റിൽ കൊണ്ടുവന്ന ഏതെങ്കിലും

ഒരു നിർദ്ദേശം പ്രായോഗികമായി നൂറ് ശതമാനവും നടപ്പിലാക്കിയോ എന്ന് അങ്ങ് മറുപടി പറയുമ്പോൾ പറയണം. എല്ലാം പകുതി വഴിക്ക് ഇട്ടിരിക്കുകയാണ്. സാമ്പത്തിക കുഴപ്പമില്ലെന്ന് പറയുകയും അതേസമയം മാന്ദ്യം ഉണ്ടെന്ന് അംഗീകരിക്കുകയുമാണ് ഇവിടെ ചെയ്യുന്നത്. വിലക്കയറ്റമില്ലെന്ന് ഒരാൾ പറയുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി വിലക്കയറ്റമുണ്ടെന്ന് പറയുന്നു. കർഷകന് നല്ല സുവർണ്ണകാലമാണെന്നും പറയുകയും കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ചൊന്നും പറയാതിരിക്കുകയും ചെയ്യുന്നു. കർഷകന് രക്ഷയുള്ള ഏതെങ്കിലും ഒരു കാര്യം ഇതിനകത്ത് പറയുന്നുണ്ടോ; നെല്ലിന്റെ വില കൂട്ടാൻ തയ്യാറുണ്ടോ; അതിന് എന്തെങ്കിലും ഒരു നിർദ്ദേശം ഈ ബഡ്ജറ്റിൽ ഉണ്ടോ? എൽ. ഡി. എഫ്.-ന്റെ കാലത്ത് ഞങ്ങൾ രണ്ടുമൂന്ന് നിയമങ്ങൾ ഇവിടെ പാസ്സാക്കി. അത് കൃഷിക്കാർക്കുവേണ്ടിയാണ് - കൃഷിയിടങ്ങൾ നികത്താൻ പാടില്ല, നദികൾ നികത്താൻ പാടില്ല, മണൽ വാരുന്നത് നിരോധിച്ചു. കൃഷിക്കാർക്കുവേണ്ടി സർവ്വനിയമങ്ങളും കൊണ്ടുവന്നു. കർഷക കടാശ്വാസ ബിൽ കൊണ്ടുവന്നതും ആദ്യമായി കർഷകർക്ക് പെൻഷൻ കൊടുത്തതും മത്സ്യത്തൊഴിലാളി കർഷക കടാശ്വാസ ബിൽ കൊണ്ടുവന്നതും ഞങ്ങളാണ്. അവർക്ക് ഇഷ്ടംപോലെ കാശും കൊടുത്തു. ഈ ബഡ്ജറ്റിൽ വല്ലതുമുണ്ടോ? പെൻഷൻ കൂട്ടിയത് വെറുതെയല്ല. അത് തുടങ്ങിവച്ചത് എൽ.ഡി.എഫ്. ആണ്. എല്ലാ പെൻഷനും മിനിമം ആയിരം രൂപയാക്കാൻവേണ്ടി ഞങ്ങൾ ഓരോ ബഡ്ജറ്റിലും 100-150 കോടി രൂപ കൂട്ടി. ഇപ്പോൾ അത് അങ്ങ് ചെയ്യുന്നതും നല്ല കാര്യമാണ്. അതിനപ്പുറത്ത് എന്ത് ക്ഷേമപ്രവർത്തനമാണ് ഇവിടെയുള്ളത്? വിലക്കയറ്റം തടയാനുള്ള ഒരു കാര്യവും ഇതിനകത്ത് പറഞ്ഞിട്ടില്ല. കഴിഞ്ഞ തവണത്തേക്കാൾ ദയനീ

യമായ ഒരു തുകയാണ് ഇപ്പോൾ വച്ചിരിക്കുന്നത്. പുതുതായി ഒരു മാവേലി സ്റ്റോറോ സൂപ്പർ മാർക്കറ്റോ ത്രിവേണി സ്റ്റോറോ ബഡ്ജറ്റിൽ ഇല്ല. ത്രിവേണി സ്റ്റോറിന് കൺസ്യൂമർഫെഡ് കൊടുക്കേണ്ട സാമ്പത്തിക ബാധ്യത നാന്നൂറോ അഞ്ഞൂറോ കോടി രൂപയാണ്. അത് കൊടുത്തില്ല. എന്ത് സമീപനമാണ് ഇത്? ഇത് ജനങ്ങളെ പോക്കറ്റടിച്ച ബഡ്ജറ്റാണ്. ഇത് മാണി സാറിന്റെ രാഷ്ട്രീയ ജീവിതത്തിലെ ഏറ്റവും നിർഭാഗ്യകരമായ ഒരു ബഡ്ജറ്റാണ്. വെറുതെയാണ് അപ്പുറത്തിരിക്കുന്ന ആളുകൾ മാണി സാറിനെ ചന്ദ്രനാണ് ഇന്ദ്രനാണ് എന്നെല്ലാം പറയുന്നത്. ഇതൊക്കെ കേട്ടിട്ട് എനിക്ക് അതിലൊന്നും ഒരു പ്രത്യേകതയും തോന്നുന്നില്ല. അങ്ങ് അധികാരത്തിൽ വന്നതിനുശേഷം ഇന്നുവരെ എന്റെ മണ്ഡലത്തിൽ ഒരു കാര്യവും ചെയ്തിട്ടില്ല. അതിൽ വളരെ സന്തോഷമുണ്ട്. ഇനി ഞാൻ പ്രതീക്ഷിക്കുന്നുമില്ല. കേരളത്തിന്റെ പൊതുകാര്യം, പാവപ്പെട്ടവന്റെ കാര്യം, തൊഴിലാളികളുടെ കാര്യം, അങ്ങ് പറയുന്ന അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ഈ ബഡ്ജറ്റിൽ എവിടെയാണ്; ഇതൊക്കെ വെറുതെ പറയുന്നതല്ലേ? അതുകൊണ്ട് ഈ ബഡ്ജറ്റിൽ ആവശ്യമായ നിരവധി ഭേദഗതികൾ വരുത്തേണ്ടതാണ്, പല നികുതികളും എടുത്ത് കളയേണ്ടതാണ്. പാവപ്പെട്ടവന് എതിരായുള്ള നിയമങ്ങൾ എടുത്തുകളയണം. കേന്ദ്ര നയമാണ് ഈ രാജ്യത്തെ കുട്ടിച്ചോറാക്കിയത് എന്ന് അങ്ങ് പറഞ്ഞു, അതിന് ഞാൻ അങ്ങയെ അനുമോദിക്കുന്നു. ഈ രാജ്യത്തെ ജനജീവിതം താറുമാറാക്കിയതിന്റെ കാരണമെന്താണെന്ന് ഇപ്പോഴെങ്കിലും അങ്ങ് സമ്മതിച്ചതിന് അങ്ങയോട് വലിയ നന്ദിയുണ്ട്. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. റ്റി.യു. കുരുവിള</u>: സർ, ജനകീയ ബഡ്ജറ്റുകൾ അവതരിപ്പിച്ച് മാണി സാർ റിക്കാർഡ് സൃഷ്ടിച്ചിരിക്കുകയാണ്. കരുതലും വികസനവും

എന്ന ഈ സർക്കാരിന്റെ പ്രഖ്യാപിത മുദ്രാവാക്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് വളരെയധികം ദീർഘവീക്ഷണത്തോടുകൂടി അവതരിപ്പിച്ച ഒരു ബഡ്ജറ്റാണ് ഇത്. നല്ല നിലയിൽ ഗൃഹപാഠം ചെയ്ത് കേരളത്തിന്റെ പ്രശ്നങ്ങളെയും സാധ്യതകളെയും യാഥാർത്ഥ്യബോധത്തോടുകൂടി സമീപിച്ച ഒരു ബഡ്ജറ്റാണ് ഇത്. സകല മേഖലകളിലും നവചൈതന്യം നൽകുന്ന ഈ ബഡ്ജറ്റ് ഉള്ളവരിൽ നിന്നും എടുത്ത് ഇല്ലാത്തവന് കൊടുക്കുന്ന, അതായത് പാവപ്പെട്ടവരെയും സാധാരണക്കാരെയും സഹായിക്കുന്ന ഒരു ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിലെ എടുത്ത് പറയാവുന്ന ഏറ്റവും വലിയ പ്രത്യേകത കർഷകരേയും കർഷക മേഖലയേയും പരിപോഷിപ്പിക്കുന്നതിന് വിപുലമായ സഹായങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു എന്നതാണ്. കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലും സാമൂഹ്യക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചത് പാവപ്പെട്ടവരോടും പരമദരിദ്രരോടും ഈ സർക്കാരിനും മാണിസാറിനുമുള്ള കാരുണ്യത്തിന്റെയും പ്രതിബദ്ധതയുടെയും തെളിവാണ്. പുരോഗതിയിലേക്കുള്ള കുതിച്ചുചാട്ടത്തിനായി സംസ്ഥാനത്തെ റോഡുകളെ അന്തർദ്ദേശീയ നിലവാരത്തിൽ പുനരുജ്ജീവിപ്പിക്കുന്നതിനായി ഏത് കാലത്തേക്കാളും മികച്ച ബഡ്ജറ്റ് വിഹിതം മാണി സാർ നൽകിയിരിക്കുകയാണ്. കർഷകത്തൊഴിലാളികൾക്കും കർഷകർക്കും പെൻഷൻ അനുവദിച്ചതും മാണി സാറാണ്. കാർഷിക മേഖലയ്ക്ക് നാളിതുവരെയും കാണാത്ത പ്രാധാന്യമാണ് ഈ ബഡ്ജറ്റിൽക്കൂടി പ്രഖ്യാപിച്ചിരിക്കുന്നത്. ഉത്പ്പാദന മേഖലയെ പരിപോഷിപ്പിക്കുന്ന കാര്യത്തിലും ഈ ബഡ്ജറ്റ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റിയിരിക്കുകയാണ്. വികസനവും കരുതലും എന്നതാണ് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. കേരളത്തിലെ 56 വർഷത്തെ ചരിത്രത്തിൽ ക്ഷേമ പെൻഷനുകൾ തുടർച്ചയായി

വർദ്ധിപ്പിച്ച് 600 രൂപ മുതൽ 1,200 രൂപ വരെയാക്കിക്കൊണ്ട് പാവങ്ങളോടും സാധാരണക്കാരോടും ഈ സർക്കാർ കരുതൽ കാണിച്ചിരിക്കുകയാണ്. കഴിഞ്ഞ 53 വർഷത്തെ കാര്യം പരിശോധിച്ചാൽ ക്ഷേമ പെൻഷനുകൾ 50 രൂപ മുതൽ 300 രൂപവരെയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് 3 വർഷം കൊണ്ട് അത് 600 രൂപ മുതൽ 1200 രൂപവരെയാക്കി.

സർ, എന്റെ നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾകൂടി പറഞ്ഞുകൊള്ളട്ടെ. തങ്കളം-കാക്കനാട് റോഡ് എത്രയും വേഗം പൂർത്തീകരിക്കണം. നാല് നിയോജകമണ്ഡലങ്ങളിൽക്കൂടി കടന്നു പോകുന്ന ഈ റോഡിന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ഇത് വളരെ ഗുണകരമാകും. പട്ടണപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഗ്രാമപ്രദേശത്തി ലേയ്ക്ക് വരുന്നതിനും മൂന്നാർ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് മേഖലകളിലേക്ക് വലിയ തോതിൽ ടൂറിസ്റ്റുകളെ എത്തിക്കുന്നതിനും ഇത് സഹായകരമാണ്. ഇപ്പോൾ കോതമംഗലത്തുനിന്നും മൂന്ന് മണിക്കൂർ സഞ്ചരിച്ചാൽ മാത്രമേ എറണാകുളത്ത് എത്തിച്ചേരുകയുള്ളൂ. ഈ റോഡ് പൂർത്തീകരിക്കുന്നതോടു കൂടി വെറും 25 മിനിട്ടുകൊണ്ട് കോതമംഗലത്തുനിന്ന് എറണാകുളത്ത് എത്തിച്ചേരുവാൻ സാധിക്കും. ഈ റോഡിന്റെ പണി എത്രയും വേഗം പൂർത്തീകരിക്കണം. ഏറ്റെടുത്ത ഭൂമിക്ക് പൊന്നുംവില നിശ്ചയിച്ച് നൽകുവാൻ കഴിഞ്ഞിട്ടില്ല. ഇത് വലിയ പ്രതിസന്ധിയിലാണ്. ഈ കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് വലിയ അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. ഏറ്റെടുത്ത ഭൂമി എട്ടുമീറ്റർ ഫ്രീ സറണ്ടറും ബാക്കി അഡ്വാൻസ് പൊസഷനുമാണ് നൽകിയത്. 30 മീറ്ററുള്ള ഈ നാലുവരിപ്പാതയ്ക്ക് എട്ടുമീറ്റർ ഫ്രീ സറണ്ടർ നൽകിയ സ്ഥലം അഞ്ചുവർഷമായി ആളുകളുടെ

പേരിൽനിന്നും പോക്കുവരവ് ചെയ്ത് നീക്കം ചെയ്യാത്തതുകൊണ്ട് ഈ സ്ഥലത്തിന് പൊന്നുംവില വീണ്ടും ഗവൺമെന്റ് കൊടുക്കേണ്ടതായിവരികയാണ്. തങ്കളം-കാക്കനാട് റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ പ്രഖ്യാപനം അങ്ങയുടെ മറുപടി പ്രസംഗത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ ബ്രിട്ടീഷുകാരാൽ നിർമ്മിക്കപ്പെട്ട ഒരേ റേഡിയന്റിൽ തീർത്ത് മെറ്റൽ ചെയ്തതായ പഴയ കെ.പി. റോഡ് കരിന്തിരി എന്ന സ്ഥലത്ത് കുറേ ഭാഗം ഇടിഞ്ഞുപോയതിനെത്തുടർന്ന് ഗതാഗതം മുടങ്ങി. ഇപ്പോൾ റോഡിന്റെ തകർന്നുപോയ ഭാഗം മാറ്റിയെടുത്ത് വാഹനഗതാഗതം നടക്കുന്നുണ്ട്. ഈ റോഡിന് 10 ലിങ്ക്സ് വീതിയിൽ ലിത്തോയിൽ മാർക്ക് ചെയ്തിട്ടുമുണ്ട്. പ്രസ്തുത റോഡിന്റെ ഏകദേശം എട്ടു മീറ്റർ ദൂരം കൊടുത്ത് തീർത്താൽ നെടുമ്പാശ്ശേരിയിൽനിന്നും കൊടൈക്കനാൽ പോകുന്ന ഏറ്റവും കുറഞ്ഞ ദൂരമുള്ള റോഡായിത്തീരും. ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞാൽ തമിഴ്നാട്ടിൽനിന്ന് പച്ചക്കറികളും പഴവർഗ്ഗങ്ങളും കുറഞ്ഞ ചെലവിൽ കേരളത്തിൽ എത്തിക്കുവാൻ കഴിയും. ആയതിനാൽ ഇത് എത്രയും വേഗം തീർക്കുവാൻ നടപടി സ്വീകരിക്കണം. ഇപ്പോൾ സ്പോർട്സിന്റെ കാര്യത്തിൽ കേരളത്തിന്റെ തലസ്ഥാനമായി മാറിയിരിക്കുന്ന കോതമംഗലത്ത് ഒരു ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് എട്ടര ഏക്കർ സ്ഥലം ലഭിച്ചിട്ടുണ്ട്. സിന്തറ്റിക് ഉൾപ്പെടെയുള്ള ഒരു സ്റ്റേഡിയത്തിന് അങ്ങ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. കാലതാമസം കൂടാതെ അത് പൂർത്തീകരിക്കുവാൻ സാധിച്ചാൽ

കേരളത്തിന്റെയും ഇന്ത്യയുടെയും വലിയൊരു ചരിത്രത്തിന് അഭിമാനപൂർവ്വ മായിത്തീരും. ഈ ബഡ്ജറ്റിൽ വന്നിട്ടുള്ള പിശകുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. എം-സാന്റ്, മെറ്റൽ എന്നിവയ്ക്ക് വലിയ വിലയാണ് നിലവിലുള്ളത്. ഇതിന് വീണ്ടും വില വർദ്ധിക്കുന്ന രീതിയിലാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ. അത് മാത്രമല്ല, എം-സാന്റിന് ടാക്സ് ഈടാക്കേണ്ട ആവശ്യമില്ലെന്ന് കേരള ഫിനാൻസ് ആക്ട് 2007-ൽ പറയുന്നുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം അലോട്ട് ചെയ്ത സമയത്തേ ക്കാൾ അധികമായി.

ശ്രീ. ടി. യു. കുരുവിള: സർ, കോൺക്രീറ്റ് ക്രഷർ ഉപയോഗിച്ച് വർക്ക് ചെയ്യുമ്പോൾ എടുക്കുന്ന മെറ്റീരിയലിൽനിന്നുമാണ് എം-സാന്റും മെറ്റലും കിട്ടുന്നത്. അതിൽ 75 ശതമാനം മെറ്റലും 25 ശതമാനം എം-സാന്റുമാണ്. ഇതിൽ 25 ശതമാനം ഉണ്ടാകുന്ന പാറപ്പൊടിയാണ് പിന്നീട് കഴുകി എം-സാന്റായി മാറുന്നത്. വി.എസ്.ഐ. ടെക്നോളജി ഉപയോഗിച്ച് ചെയ്താൽ നല്ല ക്വാളിറ്റിയോടുകൂടി കിട്ടുമെന്ന് മാത്രമേയുള്ളൂ. എൽ.എൻ.ജി., മെട്രോ മുതലായവ ഉപയോഗിക്കുന്നത് വി.എസ്.ഐ. ഉപയോ ഗിച്ചുള്ള മെറ്റലുകളാണ്. അതുകൊണ്ടാണ് ക്വാളിറ്റിയിൽ ലഭിക്കുന്നത്. ഇത് കോൺക്രീറ്റിനൊക്കെ വളരെ ഗുണകരമായിത്തീരും. ഇത് രണ്ടിന്റെയുംകൂടി ടാക്സ് വരുമ്പോൾ ഡബിൾ ടാക്സാകും. ഇത് കുറവ് ചെയ്യണം. അതു മാത്രമല്ല, കോൺക്രഷറുകളുടെ ടാക്സ് മൂന്നിരട്ടിയാണ് കൂട്ടിയിരിക്കുന്നത്, 18 ലക്ഷമെന്നുള്ളത് 54 ലക്ഷമാക്കിയിരിക്കുകയാണ്. അതുപോലെ വി.എസ്.ഐ.-യ്ക്ക് ഇതുവരേയും ടാക്സില്ലാത്തതുകൊണ്ട് ഒരു കോടി 40

ലക്ഷം രൂപയാണ്. ഇത് സാധാരണക്കാർക്ക് സഹിക്കാവുന്ന കാര്യമല്ല. ഈ സ്ഥാപനങ്ങളെല്ലാം നിന്നുപോകും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അനുവദിച്ച സമയത്തേക്കാൾ ഇരട്ടിയിലധികമായി. പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. ടി. യു. കുരുവിള: സർ, ഇതുവഴി ആളുകൾക്ക് ജോലി നഷ്ടപ്പെടും. കൂടാതെ ഇതുകൊണ്ട് ഗവൺമെന്റിന് ഒരു ലാഭവുമുണ്ടാകുകയില്ല. ഇങ്ങനെ മെറ്റലിനും സാന്റിനും വില കൂട്ടിയാൽ കോൺട്രാക്ടർമാർ ഏറ്റെടുക്കുമ്പോൾ വില കൂടുതൽ കൊടുക്കേണ്ടിവരും. അവർ കൂട്ടിയാണ് റേറ്റ് എഴുതുന്നത്. അതുകൊണ്ട് ഒരു ഗുണവും കിട്ടുകയില്ല. പാവങ്ങൾക്ക് കുറേ ദൂഷ്യങ്ങൾ വരുമെന്നുള്ളതാണ്. ഗവൺമെന്റിന്റെ ഖജനാവിന് ഇതുകൊണ്ട് യാതൊരു ഗുണവും കിട്ടുകയില്ല. എല്ലാ മേഖലകൾക്കും നല്ല പ്രദേശങ്ങൾക്കും അർഹമായ പ്രാധാന്യം നൽകി ജനോപകാരപ്രദമായ കേരളത്തിന്റെ വികസന കുതിപ്പിന് ശക്തിയാകുന്നതായ ഈ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്തുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, സ്വാതന്ത്ര്യസമരത്തിൽ ഒരു മലയാളി കേരളീയൻ എന്നതിൽ ഏറ്റവും പ്രഗൽഭനായിരുന്നത് ഡോ. കെ. ബി. മോനോനായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു, കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്ന അവസരത്തിൽ നെഹ്റുവിനോടൊപ്പം വിദേശകാര്യനയത്തിന്റെയടക്കം നേതൃത്വം വഹിച്ച, ക്വിറ്റ് ഇന്ത്യാ സമരകാലത്ത് വളരെ പ്രസിദ്ധമായ പല സമരങ്ങളിലും നേതൃത്വം വഹിച്ച, വടകരയിൽ പാർലമെന്റ് അംഗമായിരുന്ന ഡോ. കെ. ബി. മോനോന്റെ ഒരു സ്മാരകം വടകരയിൽ പണിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു മലയാളി, സ്വാതന്ത്ര്യസമ

രത്തിന് നേതൃത്വം കൊടുത്തത് ഡോ. കെ. ബി. മോനോനിലൂടെയാണ്. അത്രയും ത്യാഗോജ്ജ്വലമായ ചരിത്രമുണ്ട്. അത് നമ്മുടെ പുതിയ തലമുറയെ പഠിപ്പിക്കണം. കടത്തനാട് തച്ചോളി ഒതേനന്റെ നാടാണ്, കളരിപ്പയറ്റിന്റെ നാടാണ്. ആ നാട്ടിൽ കളരി അക്കാഡമി അനുവദിച്ചു. പക്ഷേ ആ കളരി അക്കാഡമി ഫലപ്രദമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട നമ്മുടെ കായിക വകുപ്പുമന്ത്രി ഇതിനെ സംബന്ധിച്ച് ഗൗരവ മായി മനസ്സിലാക്കി അതിന് പരിഹാരമുണ്ടാക്കുമെന്ന് കരുതുന്നു. പട്ടികവർഗ്ഗ ത്തിലും പട്ടികവിഭാഗത്തിലുംപെടുന്ന കുട്ടികൾ താമസിക്കുന്ന ഹോസ്റ്റലു കളിൽ അവർക്ക് അനുവദിക്കുന്ന ഭക്ഷണത്തിന് ചെലവിടാനുള്ള തുകയും അവിടുത്തെ സൗകര്യങ്ങളും വർദ്ധിപ്പിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യം ഇവിടെ ചർച്ച നടക്കുന്ന അവസരത്തിലുണ്ടാ കണമെന്ന് പ്രതീക്ഷിച്ചതാണ്. ശാന്തനായ അദ്ദേഹം ഒരു രണ്ടുമിനിട്ട് ഞങ്ങൾ പറയുന്നത് കേൾക്കണമെന്ന് പ്രാർത്ഥനയോടുകൂടി പറയുന്നു. പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്ന് ഹോസ്റ്റലുകളിൽ ലഭിക്കുന്നതിനേ ക്കാളും കൂടുതൽ സാമ്പത്തിക സഹായം അവർക്ക് ലഭിക്കുന്നതാണ്. അവർ അത്ര വിഷമകരമായിട്ടാണ് അവിടെ താമസിക്കുന്നത്. അവർക്ക് കിട്ടുന്ന സ്റ്റൈപന്റ് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. എന്റെയൊരു അഭ്യർത്ഥന, എന്റെ ചെറുപ്പകാലം തുടങ്ങി എത്രയോ വർഷങ്ങൾക്കുമുമ്പ് വടകരയിലെ അഴിമുഖത്ത് മണലടിയുന്നു. ആ പരിസരത്തുള്ള ആളുകൾ അവിടെപ്പോയി മണലെടുത്ത് ആ മണൽ ഉപയോഗിച്ച്..... എത്രയോ പ്രദേശങ്ങളിലുള്ള തൊഴിലാളികൾ മണലും സിമെന്റും ഉപയോഗിച്ച് സിമെന്റ് പാത്രമുണ്ടാക്കുന്നു. രാജ്യം മുഴുവനും തമിഴ്നാട്ടിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കുമൊക്കെ കൊണ്ടു

പോയി വിൽക്കുന്നുമുണ്ടായിരുന്നു. അന്ന് ഇതിന്റെ ഫലമായി പാരിസ്ഥിതിക പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇപ്പോൾ പ്രശ്നങ്ങളുണ്ടായപ്പോൾ അവർക്ക് ഇത് എടുക്കാൻ സാധിക്കുന്നില്ല. പട്ടിണിയിലാണ് എന്റെ നാട്. ഒരു ഭാഗത്ത് മണലെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ഇല്ല, സിമെന്റ് പാത്ര നിർമ്മാണത്തിനുള്ളവർക്ക് തൊഴിലില്ല. എല്ലാവർക്കും നിവേദനം അയച്ച്........ അവർ നിരാശരാണ്, പട്ടിണിയിലാണ്. അടിയന്തരമായി ഇതിനൊരു പരിഹാര മുണ്ടാക്കണം. വലിയ വലിയ കാര്യങ്ങളെ സംബന്ധിച്ച് പറഞ്ഞാൽ സുപ്രീം കോടതിയിലെ കേസ്, വേറെ കേസ് എന്നൊക്കെ പറയും. ഇതൊന്നും ഇതു മായി പ്രശ്നമുള്ളതല്ല. ഇത് എത്രയോ കാലമായിട്ടുള്ളതാണ്. പുതിയതായി വന്നതൊന്നുമല്ല.

അതുകൊണ്ട് ഇതിന് അടിയന്തരമായി ഗവൺമെന്റ് പരിഹാരമുണ്ടാക്കി ഇവരെ രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പെൻഷൻ വർദ്ധിപ്പിച്ചതിൽ സന്തോഷമുണ്ട്. നമ്മുടെ നാട്ടിലെ പഴയ കായിക താരങ്ങളുടെയും വളരെക്കുറച്ച് ആളുകൾ ഉൾപ്പെടുന്ന ചുരുട്ടുതൊഴിലാളി കളുടെയും പെൻഷൻ വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്ത് നിന്ന് നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ കൃഷിയെ സംബന്ധിച്ച് പറയുമ്പോൾ പ്രധാനമായും ആലോചിക്കാനുള്ളത് സ്വാതന്ത്ര്യം സമ്പാദിച്ച ഉടനെ ഇവിടെ കൃഷിയെ സംരക്ഷിക്കാൻ പ്രധാനമായും ജലസേചന സൗകര്യത്തിനായി കനാലുകളുണ്ടാക്കുക എന്നതാണ്. ഇന്ന് കേരളത്തിൽ അത്തരത്തിലുള്ള കനാലുകളില്ല. എന്റെ മണ്ഡലത്തിൽ കുറ്റ്യാടി ഇറിഗേഷനിലെ അക്വഡക്റ്റിലൂടെ നടന്നു

പോകുന്നത് അപകടമാണ്. കുറേ നാളുകളായി ഈ അവസ്ഥ തുടരുകയാണ്. ഈ ഗവൺമെന്റ് വന്നശേഷം ഫണ്ട് അനുവദിച്ച് കുറ്റ്യാടി കനാലിന്റെ പ്രവർത്തനം പരിഹരിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കൃഷി വികസിപ്പിക്കണമെന്നു പറഞ്ഞാൽ കൃഷിക്ക് ജലം വേണം. ഇവിടെ വലിയ മഴ വരുന്നു, അതിനെസംബന്ധിച്ച് ചരിത്രമൊക്കെ പറയുന്നു. എങ്ങനെ സംരക്ഷിക്കും? ഇവിടെ കനാലുകളുണ്ടാക്കി അല്ലെങ്കിൽ തടയണകൾകെട്ടി വെള്ളംകെട്ടി നിർത്തിയാൽ മാത്രമേ കൃഷി ചെയ്യാൻ സാധിക്കുകയുള്ളൂ. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ രൂപത്തിലുള്ള നടപടികൾ നമ്മുടെ നാട്ടിലില്ല. ഇൻഡ്യാ രാജ്യം ഒരു വലിയ പ്രതിസന്ധിയിലാണ്. അതിൽ സംശയമില്ല. അത് നമ്മൾ മനസ്സിലാക്കിയതിലെ ബുദ്ധിമുട്ടാണ്. നമ്മൾ ധരിക്കുന്നത് ഈ രംഗത്തുള്ള പ്രധാനപ്പെട്ട രണ്ട് ആളുകളിൽ ആരെങ്കിലും ഒരാൾ ജയിച്ചാൽ ഇൻഡ്യയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്നാണ്. ആര് സീരിയസ്സായി കൈകാര്യം ചെയ്യുന്നു. ബി.ജെ.പി.-യുടെ ദേശീയ നേതൃത്വം നമ്മൾ കണ്ടതാണല്ലോ. അവിടെ നരേന്ദ്രമോഡിയെ പ്രധാനമന്ത്രി സ്ഥാനാർത്ഥി യായി കൊണ്ടുവന്നപ്പോൾ ഞെട്ടിയത് നമ്മളല്ല. അദ്വാനി മുതൽ ബി.ജെ.പി. -യുടെ ദേശീയ നേതാക്കൾ വരെയുള്ളവരാണ്. എങ്ങനെ അതിന് സാധിക്കും; അത് വേറെ രൂപത്തിൽ വന്നു. അദ്ദേഹം അവരുടെ സ്ഥാനാർത്ഥി യായി. അതുപോലെ കോൺഗ്രസ്സിനെയും കോൺഗ്രസ്സ് ഐ-യെയും നമുക്കറിയാം. നമ്മുടെ നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി സ്വാതന്ത്ര്യസമര കാലത്ത് പ്രവർത്തിച്ചത് കോൺഗ്രസ്സാണ്. അന്നത്തെ കോൺഗ്രസ്സ് എന്നുപറഞ്ഞാൽ ഒരു വ്യക്തിയും കുടുംബവുമൊന്നുമല്ല. സാധാരണ ഒരു കോൺഗ്രസ്സ് നേതാവ് എന്ന് പറഞ്ഞാൽ കോൺഗ്രസ്സിന്റെ സമ്മേളനങ്ങളിൽ

അന്തസ്സായി അഭിപ്രായങ്ങൾ പറയുന്ന സാഹചര്യമാണുള്ളത്. ഇപ്പോൾ ആരാണ് കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥി;. അത് പരിശോധിക്കണ്ടേ? ശ്രീ. എ. കെ. ആന്റണി... ഞാൻ അതിശയോക്തി പറയുകയല്ല, ഇവിടെ നമ്മുടെ കോൺഗ്രസ്സിന്റെ എ.ഐ.സി.സി. സെക്രട്ടറിയായിരിക്കുന്ന ആളുകൾ, ഇവിടെ ശ്രീ. ടി. എൻ. പ്രതാപനെ പോലുള്ള ചെറുപ്പക്കാരായ ആളുകൾക്ക് കുടുംബ പരമായ പാരമ്പര്യമില്ലെങ്കിലും ദേശീയ പ്രശ്നങ്ങൾ നന്നായി കൈകകാര്യം ചെയ്യാനറിയാം. മുൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ മകൻ സഞ്ജയ് ഗാന്ധിയാണ് 1969-നുശേഷം കാര്യങ്ങൾ നോക്കിയത്. അത് അടിയന്തരാവസ്ഥയിലേക്ക് നയിച്ചു. സഞ്ജയ് ഗാന്ധിയുടെ ആകസ്മിക മരണം സംഭവിച്ച സമയത്തൊന്നും രാഷ്ട്രീയത്തിലില്ലായിരുന്ന സഞ്ജയ്ഗാന്ധിയുടെ ജേഷ്ഠൻ രാജീവ്ഗാന്ധിയെ നേതാവാക്കുന്ന ഒരു പത്ര സമ്മേളനമുണ്ടായിരുന്നു. അദ്യത്തെ ഇന്റർവ്യൂ/പത്രസമ്മേളനം ബ്ലിറ്റ്സിൽ കരിഞ്ചയാണ് നടത്തിയത്. താങ്കൾക്ക് രാഷ്ട്രീയത്തിൽ വല്ല താല്പര്യമുണ്ടോയെന്ന് ചോദിച്ചപ്പോൾ, ഒന്നുമില്ല എന്നായിരുന്നു മറുപടി. താങ്കൾ പൈലറ്റിന്റെ സമയം കഴിച്ചാൽ ബാക്കി സമയം എങ്ങനെ ഉപയോഗിക്കുന്നു എന്ന് ചോദിച്ചപ്പോൾ മറുപടി നൽകിയത്, ഞാനും എന്റെ ഭാര്യയും മക്കളും ഇംഗ്ലീഷിലുള്ള ഒരു ജാസ് മ്യൂസിക് ആസ്വദിക്കുമെന്നായി രുന്നു. ഇത് ബ്ലിറ്റ്സിലെ അദ്ദേഹത്തിന്റെ ആദ്യത്തെ ഇന്റർവ്യൂ ആയിരുന്നു. അദ്ദേഹം ഇൻഡ്യയുടെ പ്രധാനമന്ത്രിയായി. പലരുടെയും മാഹാത്മ്യങ്ങളെ പ്പറ്റി നമ്മൾ പറയും. ഞാൻ ആ ഭാഗത്തേയ്ക്ക് പോകുന്നില്ല. ഞാനും മന്ത്രി യായിരുന്നയാളാണ്, എനിക്കറിയാം. ഈ രാജ്യത്തിന്റെ ഗൗരവമായ പ്രശ്ന ങ്ങളെ വിലയിരുത്തി ആ രൂപത്തിൽ രാജ്യത്തിലെ പ്രശ്നങ്ങളെ സംബന്ധിച്ച്

കാണുന്നുണ്ടോ? ഇവിടെ ന്യൂനപക്ഷ സുഹൃത്തുക്കൾ, കോൺഗ്രസ്സ് നമ്മുടെ രാജ്യത്തുണ്ടായിരുന്നു. എന്തിന് ചോദിക്കുന്നു? ഞാൻ ആവർത്തിക്കുന്നു, അമേരിക്ക കഴിഞ്ഞാൽ ദേശീയവരുമാനത്തിന്റെ വലിയ പങ്കും ചെലവഴിക്കുന്നത് ഇൻഡ്യയാണ്. ആരുമായി ഏറ്റുമുട്ടാനാണ്? നമ്മുടെ അയൽരാജ്യങ്ങളായ ബംഗ്ലാദേശോ, പാകിസ്ഥാനോ? മഹാത്മാ ഗാന്ധി പറഞ്ഞത് നമ്മൾ വിഭജിച്ചെങ്കിലും ഇൻഡ്യയുടെ പ്രധാനപ്പെട്ട ചുമതല ഈ അയൽരാജ്യങ്ങളുമായി യുദ്ധത്തിന്റെ മേഖലയിൽ നിന്ന് മാറി സൗഹാർദ്ദത്തിന്റെ അന്തരീക്ഷമുണ്ടാക്കാൻ കഴിയണമെന്നാണ്. കാശ്മീരിലെ പ്രശ്നമെന്താണ്? പാകിസ്ഥാനും നമ്മളും തമ്മിൽ, അവിടെ ജനാധിപത്യ ഗവൺമെന്റ് വന്നു. നമ്മൾ അവരെ ബഹുമാനിക്കുകയും സഹായിക്കുകയും അംഗീകരിക്കുകയും ചെയ്യണ്ടേ. ബംഗ്ലാദേശിൽ ജനാധിപത്യത്തിലധിഷ്ഠിതമായ ഗവൺമെന്റ് വന്നു. അവരെ നമ്മൾ അംഗീകരിക്കണ്ടേ? അങ്ങനെയെരു സാഹചര്യം ഈ രാജ്യത്തുള്ളപ്പോൾ സൗഹാർദ്ദപരമായ ഒരു സാഹചര്യത്തിലേയ്ക്ക് ഇൻഡ്യയെ മുന്നോട്ടുകൊണ്ടുപോകാൻ അയൽരാജ്യങ്ങളുമായുള്ള സൗഹൃദം വളർത്തിക്കൊണ്ട് വരണം. നമ്മളും അവരും രാജ്യരക്ഷയ്ക്കുവേണ്ടി ചെലവഴിക്കുന്ന പണത്തിന്റെ തോത് കുറച്ചുകൊണ്ടുവന്നാൽ ബഹുമാനപ്പെട്ട മാണി സാർ പറയുന്ന സാമ്പത്തിക കടവും ബാധ്യതകളും ഈ രാജ്യത്ത് നാളെ ഉണ്ടാകുമോ? കേരളത്തെപ്പോലെ വിദ്യാഭ്യാസപരമായി മുന്നിൽ നിൽക്കുന്ന ഒരു സംസ്ഥാനം, താങ്കൾ പറഞ്ഞപോലെ എല്ലാ വിഭാഗവും രാഷ്ട്രീയമായി കാര്യങ്ങൾ മനസ്സിലാക്കുന്ന ഒരു സംസ്ഥാനത്തിലെ ജനങ്ങൾ ഇത്തരം പ്രശ്നങ്ങളെ ഒരു വിശാലമായ കാഴ്ചപ്പാടിൽ കാണണ്ടേ. നാളെ ഇവരിൽ ആര് വന്നാലും ഈ രാജ്യത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കണ്ടേ. ഞാൻ അഴിമതിയെ സംബന്ധിച്ച് ചോദിക്കുന്നു. ഡൽഹിയിൽ ഒരു

വിഭാഗം അധികാരത്തിൽ വന്നു. പിറ്റേ ദിവസം മഹാരാഷ്ട്രയിലെ ഫ്ളാറ്റിനെ സംബന്ധിച്ച് പുന:പരിശോധിക്കണമെന്ന് രാഹുൽഗാന്ധിയുടെ ഒരു പ്രസ്താവന വന്നു. എന്തുകൊണ്ട് അദ്ദേഹത്തിന്റെ സഹോദരീ ഭർത്താവിന്റെ പേരിൽ വന്ന അഴിമതിയെക്കുറിച്ച് അന്വേഷിക്കണമെന്ന് പറഞ്ഞില്ല? എന്തേ അദ്ദേഹത്തിന്റെ പേരിൽ പട്ടികജാതിക്കാരുടെ, മറ്റുള്ള ആളുകൾക്ക് എടുക്കാൻ പാടില്ലാത്ത വീട്..... ഇത് നമ്മൾ പറഞ്ഞതല്ല, നാട്ടിൽ പത്രങ്ങളിൽ വന്ന വാർത്തകളാണ്. അതിനെ സംബന്ധിച്ചുള്ള ആക്ഷേപം വന്നപ്പോൾ അത് പുന:പരിശോധിക്കാൻ അദ്ദേഹം സന്നദ്ധനായില്ല. അപ്പോൾ കാഴ്ചപ്പാ ടുകൾ എവിടെയാണ്. കേരളത്തെപ്പോലെ സാധാരണക്കാരായ ആളുകൾ കഷ്ടപ്പെട്ട് രാഷ്ട്രീയ പ്രവർത്തനവും വിദ്യാർത്ഥി പ്രവർത്തനവും യുവജന പ്രസ്ഥാനവും നടത്തി അതിലൂടെ വളർന്നുവരികയും സ്വാതന്ത്ര്യം ലഭിച്ചിട്ട് പത്ത് അറുപത്തിയഞ്ച് കൊല്ലത്തിനുശേഷം മഹാത്മാഗാന്ധിജി, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇവരുടെയൊക്കെ പേരുകളിങ്ങനെ പറഞ്ഞശേഷം ഒരു ദിവസം കുടുംബവാഴ്ചയുടെ പേരിൽ...... ഇവിടെ നേരത്തെ ആരോ അത് സൂചിപ്പിച്ചു. ഓരോന്ന് ചോദിക്കുന്ന അവസരത്തിൽ അതിന്റെയൊന്നും ചരിത്രത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. പാർലമെന്റ് തെരഞ്ഞെടുപ്പ് വരുമ്പോൾ കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും എതിരായ ഒരു ശക്തി ഈ രാജ്യത്ത് വളരണ്ടേ. ആ ശക്തിയെ വളർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാകേണ്ട കേരളം ഇൻഡ്യൻ രാഷട്രീയത്തിലെ യാഥാർത്ഥ്യങ്ങൾ അതിലേക്ക് നയിക്കുന്നില്ലേ. നമ്മൾ പ്രശ്നങ്ങളിൽ വികാരംകൊണ്ടിട്ടും വസ്തുതകളെ മറച്ചുവച്ചിട്ടും ഫലമില്ല. നമ്മുടെ പാർട്ടിവരും എന്ന് ഓരോരുത്തർക്കും ആഗ്രഹമുണ്ടാകാം. അങ്ങനെ സാധിക്കുകയില്ല. ഏതെങ്കിലും തരത്തിലുള്ള ഒരു അധികാരം

യാതനയുടേതല്ല. ഞാൻ പറയുന്നത്, എനിക്ക് എന്തെങ്കിലും ആകണം, അതിന് ഞാനുമായി ബന്ധപ്പെട്ടവനാകണം. അതിൽ യാതനയുടെ പ്രശ്നമില്ല. അഭിമാനത്തോടുകൂടി കേരളത്തിലെ രാഷ്ട്രീയ രംഗത്തുള്ളവർക്ക് നാളെ ഇൻഡ്യൻ രാഷ്ട്രീയത്തിന് നേതൃത്വം കൊടുക്കാൻ സാധിക്കും. ഇവിടെയുള്ള ഏത് രാഷ്ട്രീയ പാർട്ടിയായാലും നമ്മൾ ഓരോ പാർട്ടികളെയും സമീപിക്കുന്ന അവസരത്തിൽ അവരുടെ പ്രവർത്തനങ്ങളും അവരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും പരിശോധിക്കുന്ന അവസരത്തിൽ നമ്മളാരും നല്ലവരാകില്ല. ഒരാളോട് കുറ്റം പറയുന്ന അവസരത്തിൽ അദ്ദേഹത്തിന് വേറെയൊന്ന് കാണാൻ സാധിക്കും. വളരെ ഗൗരവമായ ഘട്ടത്തിലേയ്ക്കാണ് ഇന്ത്യ കടക്കുന്നത്. സമീപരാജ്യമായ ബംഗ്ലാദേശിൽ ജനാധിപത്യഭരണം വരില്ലായെന്നും അവിടെ വീണ്ടും ചോരക്കളമാകുമെന്നും നമ്മൾ വിചാരിച്ചു. അതൊന്നുമുണ്ടായില്ല. അവിടത്തെ ജനങ്ങൾ ജനാധിപത്യപരമായി വോട്ട് ചെയ്യുകയും സമാധാനത്തിലേയ്ക്കുള്ള ഒരു ഗവൺമെന്റിനെ അധികാരത്തിലെത്തിക്കുകയും ചെയ്തു. പാകിസ്ഥാനിലും വന്നു. ഇതിനെയെല്ലാം യോജിപ്പിച്ചുകൊണ്ട് ഇന്ത്യയെയും നമ്മുടെ ഭൂഖണ്ഡത്തെയും യുദ്ധരംഗത്ത് നിന്ന് മാറ്റി സമാധാനത്തിന്റെ പാതയിലേക്ക് നയിക്കാൻ; ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്ന ഒരു സംവിധാനം പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടാക്കുന്നതിൽ, എനിക്ക് തോന്നുന്നു കേരളത്തിൽ നമ്മൾ തമ്മിലുള്ള മുന്നണികൾപോലും അങ്ങോട്ടുമിങ്ങോട്ടും മാറ്റിക്കൊണ്ട് ഇൻഡ്യയെ രക്ഷിക്കാനാവശ്യമായതിലേക്ക് 20 സീറ്റാണെങ്കിൽ 20-ഉം നേടിയെടുക്കാൻ സാധിക്കുന്ന സാഹചര്യം ഉണ്ടാക്കാൻ സാധിക്കില്ലേ. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പിന്തുണയ്ക്കുന്നു. സാമ്പത്തിക ശാസ്ത്രത്തിന്റെ സങ്കീർണ്ണതകളിൽപ്പെടാതെ സമൂഹത്തിന്റെ പ്രശ്നങ്ങളെ നേർവഴിയിൽ കാണാനാണ് ധനമന്ത്രി ശ്രമിച്ചിട്ടുള്ളത്. കർഷകന്റെ കണ്ണീരും വേദനയും എവിടെയുണ്ടെങ്കിലും അത് ഒപ്പുവാൻ തനിക്ക് കൈയ്യെത്തുമെന്ന് ഒരിക്കൽ കൂടി കർഷകപുത്രൻ തെളിയിച്ചിരിക്കുന്നു. മാണിസാറിന്റെ 12 ബഡ്ജറ്റുകൾ പരിശോധിക്കു മ്പോൾ 1 മുതൽ 12 വരെ പരസ്പര ബന്ധമുള്ള ഒരു ബഡ്ജറ്റാണ് ഇതെന്ന് കാണാൻ കഴിയും. അതിൽ ഒരു ദർശനവും കാഴ്ചപ്പാടുമുണ്ട്. കാർഷിക മേഖലയോടും അതോടൊപ്പംതന്നെ കാരുണ്യസ്പർശം ആവശ്യമുള്ളവ രോടും അത് എടുത്ത് കാണിക്കുന്നു എന്നുള്ളത് ഏറെ സ്വാഗതാർഹമാണ്. കാർഷികമേഖലയ്ക്ക് ഊടും പാവും നൽകുവാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിരിക്കുന്നു. അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ ചുവട് പിടിച്ചുകൊണ്ടു തന്നെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുളളത്. ഏറ്റവും പ്രധാനപ്പെട്ടത് കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി നടപ്പിലാക്കുന്ന ഇൻകം ഗ്യാരന്റി, വിലനിർണ്ണയ അവകാശമാണ്. അതുപോലെതന്നെ രണ്ട് ഹെക്ടറിനു താഴെ കൃഷിഭൂമിയുള്ളവർക്ക് ആരോഗ്യ ഇൻഷുറൻസ് പദ്ധതി, അഗ്രി കാർഡ്, ഗൃഹനാഥൻ മരണപ്പെട്ടാൽ കാർഷികവായ്പകൾ ഏറ്റെടുക്കു ന്നതുൾപ്പെടെ ധാരാളം കാര്യങ്ങളുണ്ട്. ഞാൻ വിശദീകരിക്കുന്നില്ല. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ സമൂഹത്തിന് നേർവഴി കാണിക്കുവാനും ദിശാബോധം കാണിക്കുവാനും കഴിയുന്നുവെന്നുള്ളത് ഏറെ സന്തോഷകര മായാണ് ഞങ്ങൾ കാണുന്നത്. നിയമസഭയിൽ പ്രസംഗിക്കുമ്പോൾ എന്റെ ജില്ലയിൽ ഹർത്താൽ നടത്തുന്നു. ഇന്ന് രാവിലെ ഇതുമായി ബന്ധപ്പെട്ട് ഇവിടെ ചർച്ചകൾ ഉണ്ടായി. എങ്കിലും പരാമർശിക്കാതെ പോകുന്നത്

ശരിയല്ല. ഈ നേട്ടങ്ങളൊക്കെ കൈവരിക്കണമങ്കിൽ സുപ്രധാനമായ ചില കാര്യങ്ങളിൽ ഗവൺമെന്റ് നിലപാട് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇന്ന് പശ്ചിമ ഘട്ടങ്ങളിലുണ്ടായിരിക്കുന്ന ഈ വിഷയത്തെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനം സ്വീകരിക്കുവാൻ മുഖ്യമന്ത്രി നൽകിയിട്ടുള്ള ഇന്നത്തെ ഉറപ്പ് തീർച്ചയായിട്ടും ഞങ്ങൾ വിശ്വസിക്കുന്നു. പക്ഷെ ഒരു സംശയം ഞങ്ങൾ രേഖപ്പെടുത്തുന്നത് ഹരിതാ ട്രൈബ്യൂണലിൽ ഈ കേസുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പരാമർശത്തെ സംബന്ധിച്ചാണ്. അതിൽ ശ്രദ്ധിക്കുന്നത് ഒക്ടോബർ മാസം 13–ാം തീയതി നടത്തിയിട്ടുള്ള വിജ്ഞാപനത്തെ സംബന്ധിച്ച് പരാമർശിക്കുന്ന ഒരു കാര്യം, സംസ്ഥാന ങ്ങളുടെ അഭിപ്രായം തേടിയതിനുശേഷമാണ് നവംബർ 13–ലെ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇതിൽ പരാമർശിക്കപ്പെടുന്ന സന്ദർഭത്തിൽ തന്നെ കേന്ദ്ര മന്ത്രി വീരപ്പമൊയ്‌ലി, സംസ്ഥാന മന്ത്രിമാരുടെ താല്പര്യങ്ങൾ കേട്ടതിനു ശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളുവെന്ന് പറയുകയും ചെയ്യുന്നു. ഈ കാര്യത്തിൽ കുറേക്കൂടി സ്പഷ്ടത വരേണ്ടതായിട്ടുണ്ട്. ഇത്തരം വിഷയം കോടതിയുടെ പരിഗണനയിൽ വരുമ്പോൾ കേന്ദ്ര ഗവൺമെന്റു മായി ബന്ധപ്പെട്ട അല്ലെങ്കിൽ മുഖ്യമന്ത്രിമാർക്ക് കേന്ദ്ര ഗവൺമെന്റ് കൊടുത്തിരിക്കുന്ന തീരുമാനം പാലിക്കപ്പെടാൻ സഹായകരമായ രീതിയിൽ ഒരു നിലപാട് സ്വീകരിക്കാത്ത അഭിഭാഷകരുടെ നിലപാട് തീർച്ചയായും പ്രതിഷേധാർഹമാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു ഗവൺമെന്റിന്റെ നയമാണ് അവിടെ പറയുന്നത് എന്ന കാര്യം തിരസ്കരി ക്കാനും പറ്റുന്നില്ല. ആ നിലയിൽ ഇത്തരം വിഷയങ്ങൾ പരിഗണിക്കു മ്പോൾ............ മലയോരങ്ങളിൽ വലിയ പ്രശ്നമാണിത്. അതുകൊണ്ട് ഇന്നു

രാവിലെ മുഖ്യമന്ത്രി സഭയിൽ നടത്തിയ പരാമർശത്തോട് വളരെ യോജിക്കുന്നു. നാളെ ഈ വിഷയം ഈ സഭയിൽ ചർച്ച ചെയ്യപ്പെടുന്നത് സ്വാഗതാർഹമാണ്. അതോടൊപ്പം ഡൽഹിയിൽ പോയി ഈ വിഷയത്തിന് പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി തീവ്രയജ്ഞ പരിപാടി നടത്തുമെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ഇത് അനിശ്ചിതമായി നീട്ടിക്കൊണ്ടു പോകാൻ പാടില്ല. കേന്ദ്ര ഗവൺമെന്റിൽ നിന്നും സമയപരിമിതിക്കുള്ളിൽ ഈ വിഷയം നേടിയെടുക്കാൻ സാധിക്കുമോ ഇല്ലയോ എന്ന് മുഖ്യമന്ത്രി ഈ സഭ പിരിയുന്നതിനുമുമ്പ് വെളിപ്പെടുത്തുമെന്ന് ഞാൻ വിചാരിക്കുകയാണ്. ആ നിലയിലേയ്ക്ക് വരുന്നില്ലെങ്കിൽ ഒരു ജനപ്രതിനിധിയെന്ന നിലയിൽ മലയോരമക്കളുടെ വികാരത്തിനൊപ്പം, തെരുവിൽ നിൽക്കുന്ന മക്കളോ ടൊപ്പം നിൽക്കാതിരിക്കാൻ സാധ്യമല്ലെന്നതുകൊണ്ടാണ് ഇത് പറയുന്നത്. ഇത് ഭരണപ്രതിപക്ഷ വിഷയങ്ങളെ ബാധിക്കുന്ന വിഷയമല്ല. ഈ സഭയുടെ ഒരു പൊതുസ്വഭാവമാണ്. ഈ സഭയുടെ നീക്കമാണ്. ലക്ഷോപലക്ഷം വരുന്ന കർഷകരുടെ പ്രശ്നമാണ്. ആ പ്രശ്നത്തിന്റെ പൊതുവികാരം ഉൾക്കൊണ്ടുകൊണ്ട് തീരുമാനത്തിൽ നിന്നും അണുവിട പിറകോട്ടുപോകാൻ സാധ്യമല്ല. അങ്ങനെ പോകുന്ന സാഹചര്യമുണ്ടായാൽ തീർച്ചയായിട്ടും ജനപ്രതിനിധിയായി തുടരുകയില്ലെന്ന് അഭിമാനബോധത്തോടെ അസന്നിഗ്ദ്ധ മായി ഞാൻ പറയും. കാരണം ഇനി മുന്നോട്ടുപോകാനില്ല. ഞങ്ങളുടെ നാട്ടിൽ ജീവിക്കാൻ പറ്റുന്നില്ല. ഞങ്ങൾക്ക് മുന്നോട്ടിറങ്ങാൻ പറ്റുന്നില്ല. ആ വികാരം തീർച്ചയായും ഈ സഭ ഉൾക്കൊള്ളണം. അതിന് ഭരണപക്ഷ മെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ല. ആ അഭിപ്രായസമന്വയത്തോ ടുകൂടി നാളെ നടക്കുന്ന ചർച്ചയ്ക്കും പ്രമേയാവതരണത്തിനും ശേഷം മുഖ്യമന്ത്രി ഡൽഹിയിലെത്തി ഗൗരവപൂർവ്വം ഈ വിഷയത്തിൽ ഇടപെട്ട്

പരിഹാരമുണ്ടാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. അതോടൊപ്പം ഇടുക്കിയെ സംബന്ധിച്ചിടത്തോളം പട്ടയത്തിന്റെ പ്രശ്നമാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയം. ആ പട്ടയത്തിന്റെ വിഷയത്തിലും മുഖ്യമന്ത്രി നൽകിയിട്ടുള്ള വാഗ്ദാനം നിറവേറ്റണം. ധനമന്ത്രി വളരെ നല്ല നിലയിൽ അതിനെക്കുറിച്ച് ഈ സഭയിൽ പരാമർശിച്ചിരിക്കുന്നു. 1.1.1978-ന് മുമ്പ് കൈവശമുള്ള കൃഷിഭൂമിക്ക് തീവ്രയജ്ഞ പരിപാടിയിലൂടെ പട്ടയം കൊടുക്കുന്നതിനുള്ള തീരുമാനം ധനമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചു വെന്നുള്ളതിൽ ഏറെ ആശ്വാസം ഞങ്ങൾക്കുണ്ട്. പട്ടയം കൊടുക്കുന്നതി നുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. അതിലുള്ള പ്രശ്നങ്ങളും പ്രതിബന്ധങ്ങളും പരിഹരിച്ചുകൊണ്ടാകണം അത് നൽകേണ്ടത്. ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. റൂൾ 24 അനുസരിച്ച് പട്ടയം കൊടുക്കുന്നു. അത് പൊതുതാൽപര്യവുമായി ബന്ധപ്പെട്ടുകൊടുക്കുന്ന പട്ടയത്തിന്റെ ഗണത്തിൽപ്പെടുമോ എന്ന ആശങ്ക ഞങ്ങൾക്കൂണ്ട്. അതില്ലെങ്കിൽ ആ വിഷയം കുറേക്കൂടി സുതാര്യമായി ജനങ്ങളെ അറിയിക്കണം. അല്ലെങ്കിൽ 1964-ലെ രീതിയനുസരിച്ച് പട്ടയം കൊടുക്കണം. അതിന് കാലതാമസം വന്നാലും അത് ഉൾക്കൊള്ളാൻ ഒരുപക്ഷേ ജനങ്ങൾ തയ്യാറാകും. അതുകൊണ്ട് സംശയകരമായ നിലയിൽ നിലനിൽക്കുന്ന, ആവ്യക്തത നിറഞ്ഞുനിൽക്കുന്ന ചില കാര്യങ്ങൾ നീക്കിവച്ചുകൊണ്ട് പട്ടയം സമയബന്ധിതമായി കൊടുക്കാൻ, മലയോര കർഷകരെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തീർച്ചയായും ഈ ബഡ്ജറ്റിലൂടെ കാണുന്ന നല്ല കാര്യങ്ങൾ നടപ്പിലാക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടക്കുമ്പോൾ ആ

വിഷയങ്ങൾ നടപ്പിലാക്കിയെടുക്കുന്നതിന് ഞങ്ങളുടെ മേഖല പ്രാപ്യമാകുമോ എന്ന് സംശയിച്ചുനിൽക്കുന്ന കർഷകരുടെ ദു:ഖവും വേദനയും ഈ സഭയിൽ പറയാതിരിക്കാൻ നിർവ്വാഹമില്ലാത്തതു കൊണ്ടാണിത് സൂചിപ്പിച്ചത്. ഞാൻ സുദീർഘമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നില്ല. ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രം സൂചിപ്പിക്കട്ടെ. ഈ ബഡ്ജറ്റ് ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഒട്ടേറെ കാര്യങ്ങൾ നമ്മുടെ വികസന രംഗത്തേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാർഷികമേഖലയെയും ആരോഗ്യ മേഖലയെയും പരിരക്ഷിച്ചിട്ടുണ്ട്. ഒട്ടേറെ നല്ല കാര്യങ്ങൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. യുവജനങ്ങൾക്ക് കൂടുതൽ പ്രാധാന്യം ഈ ബഡ്ജറ്റിലൂടെ നൽകുവാൻ സാധിച്ചിട്ടുണ്ട്. നികുതി വരുമാന വർദ്ധനവിനുവേണ്ടി ചില കാര്യങ്ങൾ കണ്ടെത്തിയെങ്കിൽ പോലും ഓട്ടോ-ടാക്സി മേഖലയിൽ ഉൾപ്പെടെ വരുത്തിയിരിക്കുന്ന ചില നികുതി നിർദ്ദേശങ്ങൾ തീർച്ചയായും പൊതുതാല്പര്യത്തിനനുസരിച്ച് മാറ്റുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. അതോടൊപ്പം ചുരുക്കം ചില നിർദ്ദേശങ്ങൾ മാത്രം മുന്നോട്ടുവയ്ക്കുകയാണ്. സെറിഫെഡിന്റെ കാര്യത്തിൽ പട്ടുവ്യവസായ പുന:സംഘടനാ പദ്ധതി കൊണ്ടുവരുന്നത് അനിവാര്യമായി രിക്കും എന്ന് തോന്നുന്നു. ഇന്ന് കേരളത്തിലെ 10 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ കണ്ടെത്താൻ കഴിയുന്ന നിലയിൽ പുതിയ ദിശാബോധത്തോടെ ഒരു കർമ്മ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയെടു ക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായമാണ് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം കേരള ടീച്ചർ എഡ്യൂക്കേഷൻ യൂണിവേഴ്സിറ്റിയുടെ കാര്യം കൂടി പറയുകയാണ്. ഇന്ന് ഈ നിലയിൽ പല യൂണിവേഴ്സിറ്റികളു

ണ്ടെങ്കിലും ഏകീകരണമില്ലാതിരിക്കുന്നു. തമിഴ്നാട്ടിൽ ഇതിനൊരു യൂണിവേഴ്സിറ്റിയുണ്ട്. അതുകൊണ്ട് മധ്യതിരുവിതാംകൂർ ഭാഗത്ത് കോട്ടയം കേന്ദ്രീകരിച്ച് ഒരു യൂണിവേഴ്സിറ്റി ആ നിലയിലുണ്ടാകുന്നത് ഏറ്റവും ഉചിതമാണെന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതോടൊപ്പം തന്നെ ഇവിടെ പരാമർശിക്കപ്പെട്ട മറ്റൊരു കാര്യം എന്റെ നിയോജകമണ്ഡല ത്തിൽ ആരോഗ്യ വകുപ്പുമന്ത്രി വന്നപ്പോൾ ഒരു ഹോമിയോ ആശുപത്രി നൽകുമെന്ന പരാമർശം നടത്തിയിരുന്നു. ഒരു ഹോമിയോ ആശുപത്രി ഇടു ക്കിയിൽ നൽകണം. മരിയാപുരത്ത് ഒരു ഹോമിയോ ആശുപത്രി നൽകുന്ന കാര്യം മറുപടി പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. അതോടൊപ്പം തന്നെ ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം 2014–15-ലെ ബഡ്ജറ്റിൽ 101-ാം പേജിലെ 393-ാം ഇനത്തിൽ കാലവിളംബം മുൻകാല പ്രാബല്യത്തോടെ കൊണ്ടുവരണം എന്നുള്ളതുകൂടി അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. തീർച്ചയായിട്ടും ഈ ബഡ്ജറ്റിന്റെ കണ്ടന്റിനെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് കാർഷികമേഖലയ്ക്ക് ഇത്രത്തോളം ആനുകൂല്യം കൊടുത്തിട്ടുള്ള, കർഷകരെ സ്റ്റേബിളായി നിറുത്തുന്നതിനുവേണ്ടി, പ്രത്യേകിച്ച് ഉല്പാദന ചെലവും ഉല്പാദനക്ഷമ തയും തമ്മിലുള്ള അന്തരം മാറ്റിനിറുത്തി കർഷകർക്ക് ആശ്വാസം കൊടുക്കാൻ ഉതകുന്ന ഏറ്റവും നല്ല പദ്ധതിയായിട്ടാണ് ഞങ്ങൾ ഈ ബഡ്ജറ്റിലെ പല നിർദ്ദേശങ്ങളെയും കാണുന്നത്. ആ നിലയിൽ തീർച്ചയായിട്ടും കർഷകർക്ക് ആശ്വാസം നൽകുന്ന ഇൻകം ഗാരന്റി, വിലനിർണ്ണയ അധികാരം കാർഷികമേഖലയ്ക്ക് വലിയ ഗുണം ചെയ്യും. ആ നല്ല നിർദ്ദേശങ്ങളോടുകൂടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റിന്റെ

എല്ലാ നിർദ്ദേശങ്ങളെയും ഒരിക്കൽകൂടി പിന്താങ്ങുന്നു. അതോടൊപ്പം ഞങ്ങളുടെ മേഖലയിലെ സുപ്രധാന വിഷയത്തിൽ നാളെ ഈ സഭയിൽ നടക്കുന്ന ചർച്ച ഇന്ത്യയിലെ അല്ലെങ്കിൽ കേരളത്തിലെ പൊതുതാല്പര്യത്തി നനുസരിച്ച് ഉണർന്നുനിന്ന് പ്രവർത്തിക്കാൻ എല്ലാ കക്ഷികൾക്കും അവസരമുണ്ടാക്കും. അതിനനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് ഈ നിയമസഭ യുടെ പൊതുസത്ത കേരളത്തിലെ പാവപ്പെട്ട മലയോര കർഷകരെ സംരക്ഷിക്കാൻ ഉതകുന്നതാക്കിമാറ്റണം എന്ന ഒരു റിക്വസ്റ്റ് കൂടി വിനയപൂർവ്വം വച്ചുകൊണ്ട് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പരിപൂർണ്ണമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. എം. ഹംസ</u> : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ അഡ്രസ് ചെയ്യാത്ത ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട കെ. എം. മാണി സർ അവതരിപ്പിച്ചത് എന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജറ്റിനെ ഞങ്ങൾ എതിർക്കുന്നത്. മാണി സർ അവതരിപ്പിച്ച ബഡ്ജറ്റിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുതുക്കിയെഴുതണം എന്ന് പറയുകയുണ്ടായി. കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ പുതുക്കിയെഴുതണം എന്നുപറഞ്ഞുകൊണ്ട് മാണി സർ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർസിസ്റ്റ്)-ന്റെ പ്ലീനത്തിലും പ്രസംഗിക്കുകയുണ്ടായി. ആ വാദത്തെ ഞങ്ങൾ അനുകൂലിക്കുന്നു. പുതുക്കിയെഴുതിക്കൊണ്ടു മാത്രമേ കേരളം ഇനി മുന്നോട്ടുപോകുകയുള്ളു. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ എല്ലാ പ്രശ്നങ്ങളെയും കണ്ടില്ല. കൃഷിക്കാരെ സഹായിക്കാനുള്ള ബഡ്ജറ്റാണിതെന്ന് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മാണി സർ ബഡ്ജറ്റ് പ്രസംഗത്തിൽ ഉല്പാദന വർദ്ധനവിനുവേണ്ടി പഞ്ചായത്തുകൾ പതിനഞ്ച് ശതമാനമോ അതിലധികമോ തുക നീക്കിവച്ചാൽ നീക്കിവയ്ക്കുന്ന തുകയ്ക്ക്

സമാനമായ തുക പഞ്ചായത്തുകൾക്ക് കൊടുക്കുമെന്നാണ് പ്രഖ്യാപിച്ചത്. കൃഷിക്കാരോട് താല്പര്യമുണ്ടെങ്കിൽ മാണി സാറിന്റെ ബഡ്ജറ്റിൽ തന്നെ 15 ശതമാനമെങ്കിലും തുക കൃഷിക്കാരുടെ രക്ഷയ്ക്കുവേണ്ടി നീക്കിവയ്ക്കണ്ടേ? കാർഷിക മേഖലയ്ക്ക് 15 ശതമാനം തുക നീക്കിവച്ചില്ല. വെറും 936 കോടി രൂപ മാത്രമാണ് അദ്ദേഹം നീക്കിവച്ചത്. അതുപോലെതന്നെ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുക, ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പി ക്കുക, ജനങ്ങളുടെ മുന്നേറ്റം ഉറപ്പുവരുത്തുക തുടങ്ങിയവയ്ക്കുവേണ്ടിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വികസനരംഗത്ത് വലിയതോതിൽ ഊന്നൽ കൊടുത്തത്. അതിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിൽ കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വലിയ മുന്നേറ്റ ങ്ങൾ നടന്നു. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ വികസനം മുരടിക്കുക യാണ്. ഇവിടെ പി.ഡബ്ല്യു.ഡി. കരാറുകാർക്ക് കിട്ടാനുള്ള പണം കിട്ടാതെ കോടതിയിൽ പോകേണ്ട സ്ഥിതിയിലേയ്ക്ക് വരികയാണ്. പി.ഡബ്ല്യു.ഡി.–ക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ പോലും നീക്കിവച്ച തുക ഇക്കൊല്ലം നീക്കി വച്ചില്ലല്ലോ? പി.ഡബ്ല്യു.ഡി.–ക്കായി കഴിഞ്ഞ ബഡ്ജറ്റിൽ 23 പാരകളിലായിട്ട് 1,260 കോടി രൂപ നീക്കിവച്ചു. ഇത്തവണ പി.ഡബ്ല്യു.ഡി.യ്ക്ക് 845 കോടി രൂപയാണ് നീക്കിവച്ചത്. 2,100 കോടി രൂപ കുടിശ്ശികയുള്ളപ്പോൾ കേരളത്തിൽ ഇനി വികസനമില്ലാത്ത ഒരു കാലമായിരിക്കുമെന്നല്ലേ ബഹുമാനപ്പെട്ട മാണി സാറിന്റെ ബഡ്ജറ്റിലൂടെ മനസ്സിലാകുന്നത്. 2,100 കോടി രൂപ കരാറുകാർക്ക് കുടിശിക കൊടുക്കാനുള്ളപ്പോൾ എങ്ങനെയാണ് 845 കോടി രൂപ കൊണ്ട് കേരളത്തിൽ വികസനം നടക്കുക? അപ്പോൾ ബഹുമാനപ്പെട്ട മാണി സാറിന്റെ ബഡ്ജറ്റുകൊണ്ട് കേരളത്തിൽ വികസന

മുരടിപ്പിന്റെ തുടക്കം കുറിച്ചിരിക്കുന്നു എന്ന് ഞങ്ങൾ അറിയിക്കുകയാണ്. കരാറുകാർക്ക് അല്ലെങ്കിൽ വികസനം നടത്തുന്നവർക്ക് ആരെയും പേടിക്കാതെ വികസനം നടത്താവുന്ന ഒരവസ്ഥ ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉണ്ടാക്കി. അതിവിടെ ഇല്ലാതാക്കിയിരിക്കു കയാണ്. ഇവിടെ രാജ്യം അഭിമുഖീകരിക്കുന്ന ഒരു പ്രശ്നം വിലക്കയറ്റമാണ്. വിലക്കയറ്റം അഭിമുഖീകരിക്കുന്ന സന്ദർഭത്തിൽ 65 കോടി രൂപ കൊണ്ടു മാത്രം വിലക്കയറ്റം നിയന്ത്രിച്ചാൽ മതിയെന്നുപറഞ്ഞാൽ ബഹുമാനപ്പെട്ട മാണി സാറിന്റെ ബഡ്ജറ്റിനെ എങ്ങനെയാണ് കേരളത്തിലെ ജനങ്ങൾക്ക് അനുകൂലിക്കാൻ കഴിയുക? സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി ഇടപെടുന്നില്ല. അതാണ് ഈ ബഡ്ജറ്റിനെ ഞങ്ങൾ എതിർക്കുന്നതിനുള്ള മറ്റൊരു കാരണം. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് അങ്ങ് പറയുമ്പോൾ ഞങ്ങളുടെ നേതാക്കന്മാർ പോലും അങ്ങയെ അഭിനന്ദിക്കുന്ന ഒരു കാര്യമാണ് കാരുണ്യ പദ്ധതി. പക്ഷേ കാരുണ്യ പദ്ധതി പ്രഖ്യാപിച്ച അങ്ങ് എന്തുകൊണ്ടാണ് സാമൂഹ്യക്ഷേമ പെൻഷനുകൾ 1,000 രൂപയാക്കി മാറ്റുമെന്ന് പ്രഖ്യാപിക്കാത്തത്. വെറും 100 രൂപ വർദ്ധിപ്പിച്ചിട്ട് എന്താണ് കാര്യം? 1,000 രൂപയെങ്കിലുമാക്കി ആ സാമൂഹ്യക്ഷേമ പെൻഷനുകൾ മാറ്റാൻ അങ്ങ് ധൈര്യം കാണിക്കണം. അങ്ങ് അത് പ്രഖ്യാപിക്കണമെന്ന് ഞങ്ങൾ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

കഴിഞ്ഞ ബഡ്ജറ്റിൽ അങ്ങയുടെ ഒരു സ്വപ്നത്തെക്കുറിച്ച് പറഞ്ഞിരു ന്നു. ബ്രിക്സ് രാജ്യങ്ങളോടൊപ്പം കേരളത്തെ എത്തിക്കുക എന്നത് അങ്ങ യുടെ സ്വപ്നമായിരുന്നു. അങ്ങ് എങ്ങനെയാണ് ബ്രിക്സ് രാജ്യങ്ങളോ

ടൊപ്പം കേരളത്തെ എത്തിക്കുന്നത്? കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ 82486 കോടി രൂപ യായിരുന്നു കടം, 2014-15-ൽ കേരളത്തിന്റെ കടം 136872 കോടി രൂപ യാകും. കടം വർദ്ധിപ്പിച്ചു എന്നല്ലാതെ എന്തെങ്കിലും നേട്ടം കേരളത്തിനുണ്ടാ യിട്ടുണ്ടോ; വാക്കും പ്രവർത്തിയും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ; കേരളത്തിന്റെ പുരോഗതിക്ക് ഏറ്റവും അനിവാര്യമായി വേണ്ടത് വൈദ്യുതി രംഗത്തെ മുന്നേറ്റമാണ്. വൈദ്യുതി രംഗത്തെ മുന്നേറ്റത്തെ സംബന്ധിച്ച് പരി ശോധിക്കുമ്പോൾ വൈദ്യുതി മേഖലയ്ക്ക്, വൈദ്യുതി വകുപ്പിന് കൊടുത്തി ട്ടുള്ള തുക അങ്ങയുടെ പ്രസംഗത്തിൽ എഴുതിവച്ചാൽ മതിയോ? വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഇവിടെ നടപടിയെടുക്കുന്നുണ്ടോ; ബഹുമാ നപ്പെട്ട പി. കെ. ഗുരുദാസന്റെ ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി നൽകിയ ഒരുത്തരമുണ്ട്. 2013–14 വർഷത്തിൽ 7.5 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടു, ഇപ്പോൾ ഒന്നും ഉല്പാദിപ്പിച്ചിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. പതിനെട്ടാമത് ഇലക്ട്രിക്കൽ പവർ സർവ്വേ ചൂണ്ടിക്കാണി ക്കുന്നത് 2022 ആകുമ്പോൾ കേരളത്തിന് 5479 മെഗാവാട്ട് വൈദ്യുതി വേണമെന്നാണ്. ഒരു കൊല്ലക്കാലമായി ഒരു യൂണിറ്റ് വൈദ്യുതിപോലും ഉല്പാദിപ്പിക്കാതെ എങ്ങനെയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ കേരളമായി ഈ കേരളം മാറുന്നത്? വൈദ്യുതി രംഗത്ത് മുന്നോട്ടുപോകാതെ കേരളത്തിന് മുന്നോട്ടുപോകാൻ കഴിയില്ല. ഇവിടെ വൈദ്യുത ഉല്പാദനമൊന്നും നടക്കുന്നില്ല, ദീർഘകാല പദ്ധതികളുമില്ല, ഹ്രസ്വകാല പദ്ധതികളുമില്ല. മാത്രമല്ല വൈദ്യുത പദ്ധതികൾക്കുവേണ്ടി 2012–13–ൽ നീക്കിവച്ച തുകയിൽ 51 ശതമാനവും 2013–14–ൽ 39 ശതമാനവും മാത്രം

ചെലവഴിച്ച ഗവൺമെന്റാണിത്. എങ്ങനെയാണ് കേരളം രക്ഷപ്പെടുന്നത്? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടപ്പാക്കിയ ഞങ്ങൾക്കെല്ലാം നേട്ടങ്ങളുണ്ടാക്കിയ ഒരു പദ്ധതിയാണ് സമ്പൂർണ്ണവൈദ്യുതീകരണം. 85 അസംബ്ലി മണ്ഡലങ്ങൾ ബഹുമാനപ്പെട്ട എ. കെ. ബാലന്റെ കാലത്ത് സമ്പൂർണ്ണവൈദ്യുതീകരണത്തിലേയ്ക്കെത്തിച്ചു. അതിനുശേഷം 86-ാമത്തെ മണ്ഡലം ഇതുവരെയും വൈദ്യുതീകരിച്ചിട്ടില്ല. നാല് ജില്ലകൾ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്കെത്തി. അഞ്ചാമതൊരു ജില്ല സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് എത്തിയില്ല. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുന്നിടത്തോളം കാലം അഞ്ചാമതൊരു ജില്ല സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്കെത്തില്ല. പലപ്പോഴും സ്വകാര്യ വ്യക്തികളിൽ നിന്ന്, സ്വകാര്യ കമ്പനികളിൽ നിന്ന് വൈദ്യുതി യൂണിറ്റൊന്നിന് 11 രൂപ നിരക്കിൽ വാങ്ങുന്നു, പിന്നീട് അത് 4 രൂപ നിരക്കിലാകുന്നു. അവർ യൂണിറ്റിന് 20 രൂപ വച്ച് വേണമെന്നു പറഞ്ഞാലും അതു കൊടുക്കുകയാണ്. ഈ രൂപത്തിൽ മുന്നോട്ടുപോകാൻ കേരളത്തിന് കഴിയുമോ? വൈദ്യുതി രംഗത്ത് മുന്നോട്ടുപോകാതെ ആധുനിക കേരളത്തെ സൃഷ്ടിക്കാനാകില്ല, ഇവിടെ വ്യവസായ പുരോഗതിയുണ്ടാകില്ല. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടില്ല. കേരളത്തിന് മുന്നോട്ടു പോകാൻ കഴിയുന്ന രൂപത്തിലുള്ള ഒരു വികസനനയം ഈ ബഡ്ജറ്റിലില്ല എന്നുള്ളതുകൊണ്ടാണ് അതിനെ ഞങ്ങൾ എതിർക്കുന്നത്. ആന കൊടുത്താലും ആശ കൊടുക്കരുതെന്ന ഒരു പാട്ടുണ്ട്. മാണിസാർ ആശ മാത്രമാണ് കൊടുക്കുന്നത്. കഴിഞ്ഞ തവണ ഞങ്ങളെ നോക്കി ഭരണകക്ഷി ബെഞ്ചുകളിൽ നിന്ന് ചൂണ്ടിക്കാണിച്ച ഒരു വിമർശനമുണ്ട്, മംഗല്യനിധി,

പാവപ്പെട്ടവരുടെ മക്കളെ കെട്ടിച്ചുകൊടുക്കാനുള്ള പദ്ധതി. ആ പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് അങ്ങ് ടാക്സ് ഏർപ്പെടുത്തി 1 കോടി 39 ലക്ഷം രൂപ സമാഹരിച്ചു. പാവപ്പെട്ട എത്രപേരുടെ മക്കളെ കെട്ടിച്ചുകൊടുക്കുന്നതിന് സഹായം കൊടുത്തു എന്ന് ചോദ്യത്തിന് നിയമസഭയിൽ നൽകിയ ഉത്തരം ഒരാൾക്കും സഹായം കൊടുത്തില്ല എന്നാണ്. മംഗല്യനിധിയുടെ പേരിൽ 1 കോടി 39 ലക്ഷം രൂപ സമാഹരിച്ചിട്ട് പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടി കളുടെ വിവാഹത്തിനുവേണ്ടിയുള്ള സഹായം ഒരാൾക്കുപോലും കൊടുത്തില്ല എന്നുള്ളത് വെറും ആശമാത്രമാണ് അങ്ങ് കൊടുക്കുന്നത് എന്നതിന് ഒരുദാഹരണമാണ്. ഭക്ഷണസാധനങ്ങളുടെ വില കുറയ്ക്കുന്നതിന് തൃപ്തി ഹോട്ടലുകൾ തുടങ്ങുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ അങ്ങ് പ്രഖ്യാപിച്ചു. തൃപ്തി ഹോട്ടലുകളെക്കുറിച്ച് എന്തെല്ലാമാണ് ഭരണകക്ഷി അംഗങ്ങൾ അന്ന് പ്രസംഗിച്ചത്. തൃപ്തി ഹോട്ടൽ ഒരെണ്ണമെങ്കിലും തുടങ്ങാൻ കഴിഞ്ഞോ? എവിടെയും തുടങ്ങിയില്ല. നല്ല ഭക്ഷണസാധനങ്ങൾ കിട്ടുന്നില്ല. വീടുകളെക്കു റിച്ച് അങ്ങ് സംസാരിച്ചു. പാവപ്പെട്ടവരുടെ വീടുകളെക്കുറിച്ച് സംസാരിക്കു മ്പോൾ അങ്ങ് സാഫല്യത്തെക്കുറിച്ചും ഗൃഹശ്രീയെക്കുറിച്ചുമാണ് സംസാരി ച്ചത്. എന്നാൽ അതിനുവേണ്ടി അങ്ങ് നീക്കിവച്ചത് കേവലം 32 കോടി രൂപ യാണ്. അതുകൊണ്ട് ഇവിടത്തെ പാവപ്പെട്ട ആളുകൾക്ക് ഭവനം നിർമ്മിക്കാൻ കഴിയുമോ? എന്താണ് നിങ്ങൾ ഇ.എം.എസ്.-നോട് ഇത്ര വിരോധം? മഹാനായ ഇ.എം.എസ്.-ന്റെ പേരിലുള്ള ഇ.എം.എസ്. പാർപ്പിടപ ദ്ധതി നടപ്പിലാക്കുക, എല്ലാവർക്കും പാർപ്പിടമുള്ള ഒരു സംസ്ഥാനമായി കേരളം മാറുക എന്ന കാഴ്ചപ്പാട് അങ്ങേയ്ക്ക് നടപ്പാക്കാൻ കഴിയു മായിരുല്ലോ? മാണിസാർ ഇ.എം.എസ്.-നെ ബഹുമാനിക്കുന്ന ആളാണെ

ന്നാണ് ഞങ്ങളുടെയും വിശ്വാസം. ഇ.എം.എസ്.–ന്റെ പേരു പറയുമ്പോൾ അങ്ങേയ്ക്കും ആവേശമുണ്ടാകുമെന്നു തന്നെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഇ.എം.എസ്.–ന്റെയും എം.എൻ. ഗോവിന്ദൻ നായരുടെയും പേരിലുള്ള പാർപ്പിട പദ്ധതികളുൾപ്പെടെ പാവപ്പെട്ട ആളുകൾക്ക് പാർപ്പിടങ്ങൾ നൽകുന്നതിന് ഈ തുക മതിയാകില്ല. കൂടുതൽ തുക നീക്കി വയ്ക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. ഇടത്തരം ജീവിതശൈലിയിലേയ്ക്ക് കേരളം വന്നപ്പോൾ ഇടത്തരക്കാരായി കേരളീയർ മാറിയപ്പോൾ അവരുടെയെല്ലാം മനസ്സിനെ കീഴടക്കാൻ കഴിയുന്ന രൂപത്തിൽ അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ ഒരു പദ്ധതി പ്രഖ്യാപിച്ചു. അഞ്ചാം ക്ലാസ് മുതൽ കുട്ടികൾക്ക് ചേരാൻ കഴിയുന്ന പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള ഒരു ചിട്ടി. അതുപോലും പരാജയപ്പെട്ടില്ലേ. അതുപോലും അങ്ങേയ്ക്ക് നടപ്പാക്കാൻ കഴിഞ്ഞില്ല. പരിസ്ഥിതി സൗഹാർദ്ദമായിട്ടുള്ള സംസ്ഥാനമെന്ന നിലയ്ക്ക് പ്ലാസ്റ്റിക് ഒരു വില്ലനാകുമ്പോൾ ആ പ്ലാസ്റ്റിക്കിനെ റോഡ് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുമെന്ന് പറഞ്ഞിട്ട് ഒന്നും നടപ്പാക്കിയില്ല. അതും നടന്നില്ല. യാചകവിമുക്ത കേരളമെന്ന സ്വപ്നം അങ്ങേയ്ക്ക് നടപ്പാക്കാൻ കഴിഞ്ഞില്ല. അതും കേവലം ബഡ്ജറ്റിൽ മാത്രം ഒതുങ്ങി. പ്ലേസ്മെന്റ് സെന്ററുകൾ എവിടെയുമില്ല. ഈ രൂപത്തിൽ കഴിഞ്ഞകൊല്ലം മാണിസാർ അവതരിപ്പിച്ച ബഡ്ജറ്റിനെ സംബന്ധിച്ച് ആന കൊടുത്താലും ആശ കൊടുക്കരുത് എന്ന് പറഞ്ഞതുപോലെ ഈ ബഡ്ജറ്റിലും കുറച്ച് ആശകളുണ്ട്. ആ ആശകളൊന്നും നടപ്പാക്കാൻ അങ്ങ് ശ്രമിക്കുന്നില്ല എന്നതാണ് ഈ ബഡ്ജറ്റിനെ എതിർക്കുമ്പോൾ ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ള കാര്യം. ഇവിടെ ബഡ്ജറ്റിൽ ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിക്കുന്നു. പ്രഖ്യാപിക്കപ്പെട്ട കാര്യങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് ആരാണ് പരിശോധിക്കുന്നത്. കഴിഞ്ഞ നവംബർ മാസത്തി

ലാണ് പ്ലാനിംഗ് ബോർഡിന്റെ റിവ്യൂ നടന്നത്. റിവ്യൂ നടന്നപ്പോൾ പ്ലാനിംഗ് ബോർഡ് പറഞ്ഞത്. 65 ശതമാനം തുക ചെലവഴിച്ചില്ല എന്നാണ്. നികുതി പിരിവ് നിശ്ചയിച്ച ലക്ഷ്യമെത്തിയില്ല. നികുതി പിരിവ് 52.46 ശതമാനം മാത്ര മാണ്. നികുതി പിരിവ് വർദ്ധിപ്പിക്കേണ്ടതല്ലേ. നികുതി പിരിവ് വർദ്ധിപ്പിക്കണ മെന്ന് പറയുമ്പോൾ മുമ്പ് ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ ഒരു കാര്യമുണ്ട്. 'നമുക്ക് തേൻ നുകരണം, ഇതളുകളെ വേദനിപ്പിക്കാതെ''. ഇതളുകളെ വേദനിപ്പിക്കാതെ തേൻ നുകരുകയെന്ന ആ സമീപനം അങ്ങേയ്ക്ക് സ്വീകരിച്ചുകൂടേ? ഇവിടെ നിങ്ങൾ എന്താണ് ചെയ്യുന്നത്. 5 ഭക്ഷ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുക യാണ്. അങ്ങയുടെ ബഡ്ജറ്റിലെ 372-ാം പേജിൽ പറഞ്ഞിരിക്കുന്നത് ഭക്ഷ്യ എണ്ണകൾക്കെല്ലാം നികുതി വർദ്ധിപ്പിക്കുകയാണെന്നാണ്. അങ്ങ് ഓട്ടോ-ടാക്സിക്കാരെ ബുദ്ധിമുട്ടിക്കുകയാണ്. ഇവിടേയ്ക്ക് വരുന്ന ടൂറിസ്റ്റുകാർക്ക് അങ്ങ് അധികഭാരമേൽപ്പിക്കുകയാണ്. അങ്ങനെയല്ല നികുതി കൂട്ടേണ്ടത്. സമ്പന്ന വിഭാഗങ്ങളിൽ നിന്ന് നികുതി പിരിക്കാൻ അങ്ങ് ധൈര്യം കാണിക്കണം. പതിനായിരം കോടി രൂപയുടെ നികുതി കുടിശ്ശികയുണ്ട്. ആ നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അങ്ങ് ധീരത കാണിക്കണം. ആ പതിനായിരം കോടി രൂപയുടെ നികുതി കുടിശ്ശിക പിരിച്ചാൽ 1556 കോടി രൂപയുടെ അധികഭാരം ഏൽപ്പിക്കേണ്ടി വരുമായിരുന്നോ; അങ്ങനെ ഏൽപ്പിക്കാതെ തന്നെ നികുതിപിരിച്ച് വേണ്ടത്ര പണമുണ്ടാക്കാൻ കഴിയുമായിരുന്നല്ലോ. അങ്ങനെയുള്ള നയമല്ല അങ്ങ് സ്വീകരിക്കുന്നത്. ഇങ്ങനെയുള്ള ഒരു ഗവൺമെന്റിന്റെ ബഡ്ജറ്റിനെ ഒരിക്കലും ഞങ്ങൾക്ക് അനുകൂലിക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഈ

ബഡ്ജറ്റിനെ ഞങ്ങൾ എതിർക്കുന്നത്. കേന്ദ്രവും സംസ്ഥാനവും ഭരിക്കുന്നത് ഒരേ കക്ഷിയായാൽ ഇവിടെ വലിയ തോതിൽ വികസനമുണ്ടാകുമെന്ന് ഐക്യജനാധിപത്യമുന്നണിക്കാർ പ്രസംഗിച്ചു, ജനങ്ങളോടു പറഞ്ഞു. ഇപ്പോൾ കേന്ദ്രവും സംസ്ഥാനവും ഒരു കക്ഷിയാണ് ഭരിക്കുന്നത്. കേരളത്തിൽ നിന്ന് ഒരു എം.പി.-യുള്ള മുസ്ലീംലീഗിന് കേന്ദ്രമന്ത്രി സ്ഥാനം കൊടുത്തു. എന്നാൽ ഒരു എം.പി. ഉള്ള കേരള കോൺഗ്രസിന് കേന്ദ്രമന്ത്രി സ്ഥാനം കൊടുത്തില്ല.

നമ്മുടെ കേന്ദ്രവിഹിതം 2.11%-ത്തിൽ എത്തി നിൽക്കുകയാണ്. ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിസാർ ആയതുകൊണ്ടാണോ കേരളത്തിന് കിട്ടേണ്ട അർഹതപ്പെട്ട വിഹിതം കിട്ടാത്തത്? കേരളത്തിന് അർഹതപ്പെട്ട വിഹിതം വാങ്ങാൻ നമുക്ക് കഴിയണം. ഇപ്പോൾ എട്ട് മന്ത്രിമാർ കേന്ദ്രത്തിലുണ്ട്. കേന്ദ്ര മന്ത്രിസഭയിലെ രണ്ടാം നമ്പരുകാരനായ മലയാളിയുടെ സഹായത്തോടുകൂടി കേന്ദ്രത്തിൽ നിന്ന് നമുക്ക് അർഹതപ്പെട്ട വിഹിതം വാങ്ങാൻ ആവശ്യമായ നിലപാടുകൾ സ്വീകരിക്കണ്ടേ; അങ്ങനെ കേരളത്തിന്റെ വികസനത്തിനുവേണ്ട വിഹിതം സമാഹരിക്കേണ്ടേ? അതിനുപകരം പാവപ്പെട്ടവനെ ബുദ്ധിമുട്ടിക്കുന്ന സമീപനം സ്വീകരിക്കുന്നത് നിർത്തണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഇവിടെ നിയമ സമാധാനപാലനം നടപ്പിലാക്കുന്നതിന് പോലീസിന് പണം കൊടുക്കുന്നുണ്ട്. പോലീസ് എന്താണ് ചെയ്യുന്നത്; നേരത്തെ സൂചിപ്പിച്ചതുപോലെ അവർ ഇവിടെ ലോക്കപ്പ് മർദ്ദനങ്ങൾ നടത്തുകയാണ്. ഇവിടെ രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ പോലും വിവേചനം കാണിക്കുകയാണ്. ഒരു രാഷ്ട്രീയ പാർട്ടി അതേ രാഷ്ട്രീയപാർട്ടിയിലെ നേതാക്കളെത്തന്നെ കൊലപ്പെടുത്തുന്ന സംഭവം കേരളത്തിലല്ലേ ഉണ്ടായത്? ആ കൊലപാതകം നടന്ന സ്ഥലം

സന്ദർശിച്ചത് നമ്മുടെ മന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ മാത്രമാണ് എന്ന് ഒരു ചോദ്യത്തിന് ഉത്തരം പറയുകയുണ്ടായി. ഇവിടെ ചീഫ് വിപ്പ് ആക്രമിക്കപ്പെട്ടപ്പോൾ എട്ട് പേരെ അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ല എന്ന് നിയമസഭ യിലെ ചോദ്യത്തിന് ഉത്തരം പറഞ്ഞു. ഏഴ് പേർ കോടതിയിൽ നിന്നാണ് ജാമ്യം വാങ്ങിയത്. അവരേയും അറസ്റ്റ് ചെയ്തില്ല. കേരളത്തിൽ ചീഫ് വിപ്പിനുപോലും രക്ഷയില്ലാത്ത അവസ്ഥയാണ്. ചീഫ് വിപ്പ് എന്ന് പറയു ന്നത് ഭരണഘടനാപരമായ ഒരു പദവിയാണെല്ലോ; ആ പദവിയിലിരിക്കുന്ന ആളിനെ ചീമുട്ട എറിയുകയും ആക്രമിക്കുകയും ചെയ്തിട്ടുപോലും അതി നൊന്നും നടപടിയില്ല. ഈ രീതിയിൽ കേരളത്തിന്റെ നിയമസമാധാനപാലനം വല്ലാതെ അപകടപ്പെടുകയാണ്. കേരള സംസ്ഥാനം മാറ്റം ആഗ്രഹിക്കുകയാ ണെന്ന് നമുക്കറിയാം. ആ മാറ്റം കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി തകരുന്നുവെ ന്നതിലാണ് എത്തുന്നത്. കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണി തകരണമെന്ന ആഗ്രഹം എല്ലാവരിലേയ്ക്കും വന്നു തുടങ്ങിയിട്ടുണ്ട്. ബഡ്ജറ്റിന്റെ ചർച്ചയി ലെല്ലാം കോൺഗ്രസിന്റെകൂടെ നിന്നാൽ രക്ഷയില്ല, രാജ്യം രക്ഷപ്പെടില്ല, കേരളം രക്ഷപ്പെടില്ല എന്ന ബോധത്തിലേയ്ക്ക് എല്ലാവരും എത്തിത്തുടങ്ങി യിരിക്കുന്നു. ഈ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ശ്രീ. കെ. എം.മാണിസാറിന്റെ ബഡ്ജറ്റിന് കയ്യടികൾ ഭരണപക്ഷത്തുനിന്ന് പോലുമുണ്ടായില്ല. ഭരണകക്ഷി ബഞ്ചുകളിൽ നിന്നുപോലും കയ്യടി ഉണ്ടാകാതെ, ഭരണകക്ഷി ബഞ്ചുകളെ പ്പോലും തൃപ്തിപ്പെടുത്താൻ കഴിയാതെ ജനവിരുദ്ധ രൂപത്തിലവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റിനും ഇന്ത്യയിൽ യു.പി.എ ഗവൺമെന്റ് എടുക്കുന്ന സാമ്പത്തിക നയങ്ങൾക്കുമെതിരായി ജന ങ്ങളെ അണിനിരത്തിക്കൊണ്ട് ഞങ്ങൾ മുന്നോട്ടുപോകും. അടുത്ത ലോക സഭാ തെരഞ്ഞെടുപ്പ്, ഒരു ബദൽ സാമ്പത്തികനയം നടപ്പാക്കാൻ കഴിയുന്ന

ഒരു ഗവൺമെന്റിനെ ഇന്ത്യയിൽ കൊണ്ടുവരാൻ കഴിയുന്ന തെരഞ്ഞെടുപ്പായി മാറാൻ പോവുകയാണ്. അതിന് ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയൻ നയിക്കുന്ന കേരള രക്ഷാമാർച്ച് കേരളത്തെ സംബന്ധിച്ചിടത്തോളം വലിയ രാഷ്ട്രീയ മാറ്റങ്ങൾക്കുകൂടി തുടക്കം കുറിക്കുമെന്ന് അറിയിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിൻതുണയ്ക്കുകയാണ്. നടപ്പ് സാമ്പത്തിക വർഷത്തേക്കാളും 17.65 ശതമാനം വർദ്ധനവോടെ 2014–15–ൽ 20,000 കോടി രൂപയുടെ വാർഷിക പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ സാമൂഹിക മേഖലയ്ക്ക് 31%–വും വാർഷിക പദ്ധതിയിൽ ഗ്രാമവികസനത്തിന്റെ വിഹിതത്തിൽ 27% വ്യവസായത്തിനും 17% വികസനത്തിനും 16% കൃഷി, ആരോഗ്യമേഖലയ്ക്കും വർദ്ധനവ് ഉണ്ടായിരിക്കുന്നുവെന്നുള്ളത് ശ്രദ്ധേയമാണ്. അടിസ്ഥാനസൗകര്യ വികസനമേഖലയിൽ വൻകിട പദ്ധതികൾക്കായി 1225 കോടി രൂപ ഉയർന്ന വിഹിതമായി ഈ ബഡ്ജറ്റ് വിഭാവനം ചെയ്യുന്നു. തീർച്ചയായും കേരളത്തിന്റെ സാമൂഹിക വികസന ജനക്ഷേമപ്രവർത്തനങ്ങളിൽ കാതലായ പുരോഗതിയുണ്ടാകുന്ന നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിസാർ അവതരിപ്പിച്ച ഈ ബഡ്ജറ്റിലുള്ളത്. ഈ ചർച്ചയിൽ അവസാനം സംസാരിച്ച ബഹുമാന്യനായ ശ്രീ. എം. ഹംസ, ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഭരണപക്ഷത്തിൽ നിന്നും കയ്യടി ഉണ്ടായില്ല എന്ന് പറഞ്ഞു. ഭരണപക്ഷത്തിന്റെ കയ്യടി അദ്ദേഹം കേൾക്കാത്തതാണ്. അന്നും ഇന്നും ഞങ്ങൾ ആവേശത്തോടുകൂടി കയ്യടിച്ചാണ് ബഡ്ജറ്റിനെ സ്വീകരിച്ചത്. ഐക്യ കേരളത്തിന്റെ ചരിത്രത്തിൽ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പി

ക്കുന്ന ബഡ്ജറ്റിനെ പ്രതിപക്ഷത്ത് നിന്ന് ഒരു വിമർശനവും പ്രതിഷേധവും സഭയ്ക്കകത്ത് ഉണ്ടാകാത്ത ആദ്യത്തെ ബഡ്ജറ്റവതരണമാണ് മാണി സാറിന്റെ ഈ ബഡ്ജറ്റ് അവതരണമെന്ന കാര്യം ബഹുമാനപ്പെട്ട ഹംസ ഉൾപ്പെടെയുള്ള ആളുകൾ മറന്നുപോകരുത്. അതുമാത്രമല്ല ബഹുമാന്യനായ മുൻധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക്, ഈ ബഡ്ജറ്റിന്റെ അവതരണം കഴിഞ്ഞതിനുശേഷം മാണിസാർ ഇരുന്ന കസേരയുടെ അടുത്ത് വന്നിരുന്ന് മാണിസാറുമായി പുഞ്ചിരിച്ച മുഖത്തോടുകൂടി ഇടപഴകുന്നതുകൂടി കാണാനിടയായി. അതിനർത്ഥം ഈ ബഡ്ജറ്റ് പ്രതിപക്ഷത്തിനുപോലും സ്വീകാര്യമായ ഒന്നാണെന്നാണ്. കൃഷി, വിദ്യാഭ്യാസം, സ്ഥൂല സമ്പദ് വ്യവസ്ഥ, ഉപഭോക്തൃ വിപണി, നിക്ഷേപം എന്നീ മേഖലകളിൽ അതിശയകരമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് കേരളം State of the States അവാർഡ് നേടിയത് കഴിഞ്ഞ 2013-ലാണ്. 2012-ൽ രണ്ടാം സ്ഥാനത്തും 2011-ൽ 9-ാം സ്ഥാനത്തുമായിരുന്ന കേരളമാണ് കഴിഞ്ഞ തവണ ഒന്നാമത് എത്തിയത്. ശ്രീ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായ യു.ഡി.എഫ്. ഗവൺമെന്റ് വികസനവും കരുതലും എന്ന ലക്ഷ്യത്തോടുകൂടി നടത്തിയ പ്രവർത്തനങ്ങളാണ് 2013-ലെ State of the States അവാർഡ് കേരളത്തിന് വാങ്ങാൻ ഇടയാക്കിയത്. ഇതിൽ ഗുജറാത്ത് 4-ാം സ്ഥാനത്തായിരുന്നു എന്ന കാര്യം ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. റവന്യൂ വരുമാനത്തിൽ നിന്നും റവന്യൂ ചെലവുകൾ കണ്ടെത്താൻ കഴിയുന്നതാവണം നമ്മുടെ ബഡ്ജറ്റ്. നമ്മുടെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പദ്ധതിത്തുക കടമെടുപ്പിലൂടെയാണ് ഇപ്പോൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് കാതലായ മാറ്റം വേണം. കേരളത്തിലെ പരമ്പരാഗതമായ ബഡ്ജറ്റ് ശൈലി പുനർഘടന

ചെയ്യേണ്ട സമയമായി എന്നാണ് ബോദ്ധ്യമാകുന്നത്. പലപ്പോഴും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന കാര്യങ്ങൾ, ഈ ഗവൺമെന്റെന്നല്ല, ഏത് ഗവൺമെന്റായാലും, കഴിഞ്ഞ ഗവൺമെന്റ് കാലത്ത് ഡോ. തോമസ് ഐസക് അവതരിപ്പിച്ച അഞ്ച് ബഡ്ജറ്റുകളുടെ കാലത്തായാലും അതിന് മുൻകാലങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാരുടെ ബഡ്ജറ്റിലായാലും, ബഡ്ജറ്റ് സ്പീച്ചിൽ വരുന്ന കാര്യം മാത്രമല്ല, ബഡ്ജറ്റ് ഡോക്കുമെന്റിൽ വരുന്ന കാര്യമായാലും പലപ്പോഴും അടുത്തൊരു സാമ്പത്തിക വർഷം വരുന്ന സന്ദർഭത്തിൽ പ്രാവർത്തികമാകാറില്ല. ബഡ്ജറ്റിനെ സംബന്ധിച്ച് കൃത്യമായ ഒരു ക്ലോസ് മോണിറ്ററിംഗ് ഉണ്ടാകാറില്ല. ബഹുമാനപ്പെട്ട മാണിസാർ ഈ വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ അടുത്തവർഷം ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനേക്കാൾ മുമ്പ് തന്നെ അവയെല്ലാം നടപ്പിലാക്കാൻ വേണ്ടി പ്രത്യേക സംവിധാനവും, നടപ്പിലാക്കിയതിന് ഒരു മോണിറ്ററിംഗ് സംവിധാനവുമുണ്ടാക്കി ബഡ്ജറ്റിൽ പറയുന്ന 100 ശതമാനം കാര്യങ്ങളും achieve ചെയ്യുന്ന ഒരു ബഡ്ജറ്റും അങ്ങനെ ചെയ്യുന്ന ആദ്യത്തെ ധനകാര്യമന്ത്രി എന്നുള്ള ഖ്യാതിയും ബഹുമാനപ്പെട്ട കെ. എം. മാണി സാർ തന്നെ വാങ്ങണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. നമ്മുടെ ട്രഷറിയെ കുറിച്ച് പലരും ചർച്ചയിൽ ചൂണ്ടിക്കാണിച്ചതാണ്. നമ്മുടെ ട്രഷറിയെ ഒരു കാരണവശാലും ദുർബ്ബലപ്പെടുത്തിക്കൂടാ. കേരളത്തിലെ ട്രഷറി ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ്. രാജാവിന്റെ കാലത്തുണ്ടായതാണ് നമ്മുടെ ട്രഷറി സംവിധാനം. നമ്മുടെ ട്രഷറി ദുർബ്ബലമാകുന്ന രീതിയിലേയ്ക്ക് പോവുകയാണ്. ട്രഷറിയിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപങ്ങളും അക്കൗണ്ടുകളും ബാങ്കുകളിലേയ്ക്ക് മാറ്റുകയാണ്. ട്രഷറിയിൽ പൊതു

മേഖലാ സ്ഥാപനങ്ങളുടെ പണം കിടന്നാൽ, നിക്ഷേപം കിടന്നാൽ ഉണ്ടാകുന്ന ഗുണമെന്താണ്? ആ നിക്ഷേപം അവിടെ കിടക്കും, നമുക്ക് എന്തെങ്കിലും സാമ്പത്തിക പ്രയാസം വരുമ്പോൾ അത് പരിപൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്ന രീതിയിലേയ്ക്കാക്കി മാറ്റാൻ കഴിയും. ഇതിനേക്കാൾ അപകടകരമായ ഒരു കാര്യം ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ ശമ്പളം വാണിജ്യബാങ്കുകൾ മുഖേനയും വാങ്ങാമെന്ന ഉത്തരവ് 30.1.2013–ൽ പുറപ്പെടുവിക്കുകയുണ്ടായി. സേവിംഗ്സ് ബാങ്ക് സംവിധാനത്തെ പൂർണ്ണമായി അവഗണിക്കുന്നതിനു തുല്യമാണ് ഇത്. 10,000–ത്തോളം വരുന്ന ഗസറ്റഡ് ഉദ്യോഗസ്ഥർ ട്രഷറി സേവിംഗ്സ് ബാങ്കുകൾ വഴി ശമ്പളം മാറുകയാണെങ്കിൽ ഓരോ അക്കൗണ്ടിലും ചുരുങ്ങിയത് 10,000 രൂപയെങ്കിലും നീക്കിവച്ചാൽ പ്രതിമാസം ഏകദേശം 10 കോടി രൂപ ട്രഷറിയിൽ ഉണ്ടാകും. ഇതുപോലെ തന്നെ 4 ലക്ഷത്തോളം നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ ട്രഷറിയിൽ നിന്നും ശമ്പളം വാങ്ങുന്നുണ്ട്. അവരുടെ അക്കൗണ്ടിൽ രണ്ടായിരം രൂപ വന്നാൽ ഒരുമാസം 90 കോടി രൂപയെങ്കിലും ഖജനാവിലേയ്ക്ക് വരും. ഉദ്യോഗസ്ഥരുടെ ശമ്പളം ട്രഷറിയിൽ നിന്നും മാറുന്നുവെങ്കിൽ ഒരു വർഷം 160 കോടി രൂപ ഖജനാവിലേയ്ക്ക് വരും. കഴിഞ്ഞ ഗവൺമെന്റുകളുടെ കാലത്തെല്ലാം ട്രഷറി ശക്തിപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് സാമ്പത്തിക പ്രതിസന്ധി വന്നപ്പോൾ ട്രഷറി ജീവനക്കാരുടെ സഹായത്തോടെ ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കാൻ വേണ്ടി ഒരു ഇടപെടൽ നടത്തി. അന്ന് ഒരു മാസംകൊണ്ട് സംസ്ഥാനത്ത് ട്രഷറിയിൽ 110 കോടി രൂപയാണ് രണ്ട് ശതമാനം പലിശയിൽ കുറവ് വരുത്തി ഉണ്ടായത്. ട്രഷറിയെ സ്ട്രെങ്തെൻ ചെയ്യാനായി ബഹുമാനപ്പെട്ട

ഡോ തോമസ് ഐസക്, ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ എം.എൽ.എ മാർക്കും എം.പി. മാർക്കും ട്രഷറിയിലേയ്ക്ക് ഒരു കോടി രൂപ നിക്ഷേപം സ്വരൂപിച്ച് കൊടുത്താൽ രണ്ട് കോടി രൂപയുടെ എ.എസ്. കിട്ടുന്ന സാഹചര്യം ഉണ്ടാക്കിത്തന്നു. കേരളത്തിൽ ട്രഷറിയിൽ ബാങ്കിംഗ് സംവിധാനമാക്കുന്നതോടൊപ്പം എ.ടി.എം.പോലും കൊണ്ടുവരാനുള്ളശ്രമം ഉണ്ടായതാണ്. ട്രഷറിയെ ശക്തിപ്പെടുത്തുവാൻ സംവിധാനമുണ്ടാകണം. ഒരിക്കലും നമ്മുടെ ട്രഷറിയെ ദുർബ്ബലപ്പെടുത്തുന്ന സാഹചര്യം ഉണ്ടാകരുത്.

ശ്രീ. ടി. എം. തോമസ് ഐസക് : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ടി. എൻ. പ്രതാപന്റെയും ശ്രീ. വി. ഡി. സതീശന്റെയും കഴിഞ്ഞ ദിവസത്തെ പ്രസംഗം കേട്ടപ്പോൾ വളരെയധികം സന്തോഷം തോന്നി. കാരണം ഇത്തരം കാര്യങ്ങളെക്കുറിച്ച് കക്ഷിരാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ മാറിനിൽക്കേണ്ട ആവശ്യമില്ല. മാറിമാറി ഭരിക്കേണ്ടിവരും. ഇതിനെ സംബന്ധിച്ച് ഒരു സമീപനം ആവശ്യമാണ്. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനമന്ത്രി പറഞ്ഞത്, എഫ്.ആർ.ബി.എം. (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട്) ആക്ട് അതുപോലെ പറ്റില്ല, മൂന്നു ശതമാനത്തിൽ കൂടുതൽ വായ്പ എടുക്കാം എന്ന്. പക്ഷേ, വായ്പ എത്ര എടുക്കാമെന്നത് കേന്ദ്രം അനുവാദം തന്നാൽമാത്രമേ എടുക്കാൻ സാധിക്കുകയുള്ളു. ഇതിനുള്ള ഏക വഴി പബ്ലിക് അക്കൗണ്ട് ഉപയോഗിക്കുക എന്നുള്ളതാണ്. ഇതിൽ നമുക്കുള്ള ആനുകൂല്യമെന്ന് പറയുന്നത് പബ്ലിക് അക്കൗണ്ടിൽ വരുന്ന സേവിംഗ്സ് ബാങ്കാണ്. ആ ട്രഷറി സേവിംഗ്സ് ബാങ്കിനെ നിരന്തരമായി ദുർബ്ബലപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളംതന്നെ, കോർ ബാങ്കിംഗും മോഡണൈസേഷനുമെല്ലാം ആക്കിയതിന്റെ ലക്ഷ്യം ശമ്പളം ട്രഷറി സേവിംഗ്സ് അക്കൗണ്ടുവഴി

യാക്കാനായിരുന്നു. എല്ലാക്കാലത്തേയ്ക്കും അത് എഴുതി തള്ളിയില്ലേ? ഒരു കാര്യംകൂടി, കോൺട്രാക്ടർമാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കൊടു ക്കുന്നത് ട്രഷറിയിൽ നിന്ന് മാറ്റി. ഇപ്പോൾ ബാങ്ക് ഗ്യാരന്റി മാത്രമേയുള്ളൂ. ഇങ്ങനെയൊക്കെ ചെയ്യുന്നതിന് എന്ത് ന്യായമാണുള്ളത്?

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ശരിയാണ്. ബഹുമാനപ്പെട്ട മാണി സാർ ട്രഷറി സേവിംഗ്സ് അക്കൗണ്ട് സ്ട്രെങ്ത്തൺ ചെയ്യുന്നതിനുവേണ്ടി പഴയതുപോലെ ജീവനക്കാരുടെ ശമ്പളം ട്രഷറിയിലേയ്ക്ക് മാറ്റാനും അതു പോലെ പി.ഡബ്ല്യു.ഡി. വർക്കുകളുടെ ആദ്യ സെക്യൂരിറ്റി തുക ട്രഷറിയി ലേയ്ക്ക് വന്നിരുന്നത് അവിടെത്തന്നെ കൊണ്ടുവരുന്നതിനുമുള്ള ഒരു പുന രാലോചന നടത്തി. നിർബന്ധമായും അത് ഉണ്ടാകണം. അടുത്ത കാലത്ത് ചീഫ് സെക്രട്ടറി മന്ത്രിസഭയ്ക്ക് ഒരു കുറിപ്പ് കൊടുത്തതായി പത്രങ്ങളിൽ വായിക്കാനിടയായി. ആറ് വർഷത്തിനിടയിൽ ആദ്യമായി ഉണ്ടായിരിക്കേണ്ട തുകയിൽ പത്തു കോടിയോളം രൂപ ട്രഷറിയിൽ കുറവുണ്ടായി എന്നും ഇത് മറികടക്കുക ഏറെ ദുഷ്കരമാണെന്നുമാണ് ആ വാർത്ത. അതുമാത്രമല്ല വില്പന നികുതിയടക്കം ഇപ്പോഴുണ്ടായിട്ടുള്ള വൻതിരിച്ചടി കേരളത്തിന് ദൂര വ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് ചീഫ് സെക്രട്ടറിതന്നെ റിപ്പോർട്ട് ചെയ്തതതായി ചില മാധ്യമങ്ങളിൽ വായിക്കാനിടയായി. അതുപോലെ സംസ്ഥാനത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളായ വില്പന നികുതി, രജിസ്ട്രേഷൻ, എക്സൈസ് എന്നിവയിലെ നികുതി വരവിലുണ്ടായ കുറവ് സംസ്ഥാനത്തിന്റെ സാമ്പത്തികനില വീണ്ടും പരുങ്ങലിലാക്കും എന്നുള്ള തിനാൽ വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിലും ചെല വിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുകയും ചെയ്യുകയാണ്. ഇത് ട്രഷറിയുടെ നില വീണ്ടും പരിതാപകരമാക്കും. അതുകൊണ്ട് ട്രഷറിയെ സ്ട്രെങ്ത്തൻ

ചെയ്ത് കൊണ്ടുപോകേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാന പ്പെട്ട കാര്യമാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തീർച്ചയായും പ്രത്യേകമായ ഒരു പരിഗണന നല്കണമെന്നാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇത് കാർഷിക മേഖലയ്ക്ക് വലിയ പ്രാധാന്യം കൊടുക്കുന്ന ഒരു ബഡ്ജറ്റാണ്. കൃഷിക്കുവേണ്ടി നിരവധി പദ്ധ തികളാണ് ഈ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ ഇതിനു മുമ്പായിട്ടുള്ള ഏത് കാലത്തേക്കാളും വ്യത്യസ്തമായി കർഷകർക്ക് പ്രത്യേ കിച്ചും 90 ശതമാനം ഇൻഷ്വറൻസ് പ്രീമിയം നൽകിക്കൊണ്ടുള്ള ഇൻകം ഗ്യാരന്റി സ്കീം കൊണ്ടുവന്ന ഒരു ബഡ്ജറ്റാണിത്. മുഴുവൻ കൃഷിക്കാ രെയും നേരത്തെതന്നെ രജിസ്റ്റർ ചെയ്ത് 100 ശതമാനം പ്രീമിയവും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചിരുന്നു എന്ന് ബഹുമാനപ്പെട്ട മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നത് കേൾക്കാനിടയായി. ഇവ രണ്ടും തമ്മിൽ വ്യത്യാസമുണ്ട്. ഇത് ഇൻകം ഗ്യാരന്റി സ്കീമാണ്. റിക്കാർഡ്സ് എടുത്ത് പരിശോധിച്ചാൽ ഇത്തര ത്തിൽ ഒരു സ്കീം ഇൻഡ്യയിലാദ്യമായാണ് വന്നിട്ടുള്ളത്. ഇതിനുമുൻപ് വന്നിട്ടില്ല. നമ്മൾ പരസ്പരം തർക്കിച്ചിട്ട് കാര്യമില്ല. കേരളത്തിൽ കൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നു എന്നുള്ളതു ഒരു സത്യമാണ്. എല്ലാ സാമ്പത്തിക അവലോകനങ്ങളും അത് ചൂണ്ടിക്കാണിക്കുകയാണ് ചെയ്യു ന്നത്. ആറ് ദശകങ്ങളായി കേരളത്തിലെ കാർഷിക വിളകളിൽ ഗണ്യമായ മാറ്റമുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് ഭക്ഷ്യവിളകളുടെ പങ്കിന്റെ കാര്യത്തിൽ ഇക്കാലത്ത് ഏറെ മാറ്റമുണ്ടായി. 1960–61–കാലയളവിൽ ആകെ ഉണ്ടായി രുന്ന കൃഷിഭൂമിയുടെ 40.49 ശതമാനം സ്ഥലത്ത് മുഖ്യ ഭക്ഷ്യവിളയായിരുന്ന

നെല്ല് കൃഷി ചെയ്തിരുന്നെങ്കിൽ 2000–2001–ൽ അത് 15.75 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. 2012–13–ൽ അത് 9.63 ശതമാനമായി മാറി. കേരളത്തിലെ പയർ വർഗ്ഗങ്ങളുടെ കാര്യത്തിലും സാധാരണക്കാരന്റെ ഭക്ഷണമായ മരച്ചീനിയുടെ കാര്യത്തിലും വന്നിരിക്കുന്ന മാറ്റം ഇതുതന്നെയാണ്. കൃഷി ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരികയാണ്. ഇതിന് പ്രധാന കാരണം പരിവർത്തനം നടക്കുന്നതാണ്. നമ്മുടെ നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെടേണ്ടതിന് പകരം പരിവർത്തനം വ്യാപകമായി നടക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് ഒരു അഭ്യർത്ഥനയുള്ളത്, കഴിഞ്ഞ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ ഡേറ്റാ ബാങ്ക് പൂർണ്ണമാക്കുന്നതിനുവേണ്ടി എട്ടു കോടി രൂപ അങ്ങ് അന്ന് പ്രഖ്യാപിച്ചതായിട്ടാണ് ഓർമ്മ. ഞാൻ തന്നെയാണ് ഇതുപോലെ അങ്ങയോട് ഡേറ്റാ ബാങ്ക് പൂർണ്ണമാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വേണമെന്ന ആവശ്യം ഉന്നയിച്ചത്. അപ്പോൾ അങ്ങയുടെ മറുപടി പ്രസംഗത്തിൽ അതിനുവേണ്ടി തുക അനുവദിച്ചു. പക്ഷേ ഡേറ്റാ ബാങ്ക് കഴിഞ്ഞ ഒരു വർഷക്കാലം ഒന്നും ചെയ്തിട്ടില്ല. നെൽവയലുകൾ വീണ്ടും പരിവർത്തനം വരുത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഭക്ഷ്യവിളകളുടെ വിസ്തൃതി വീണ്ടും കുറഞ്ഞുവരികയാണ്. കേരളത്തിലെ അവശേഷിക്കുന്ന നെൽവയലുകളെങ്കിലും സംരക്ഷിക്കപ്പെടണമെങ്കിൽ ഡേറ്റാ ബാങ്ക് പൂർണ്ണമാക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിനൊരു നടപടിയും സ്വീകരിച്ചില്ല അന്നത്തെ റവന്യൂ വകുപ്പു മന്ത്രിയും കൃഷി വകുപ്പുമന്ത്രിയും ഇന്നിവിടെ സന്നിഹിതരാണ്. അന്ന് ഡേറ്റാ ബാങ്കിന് നമ്മൾ കരട് ഉണ്ടാക്കിയെങ്കിലും അത് കുറ്റമറ്റതാക്കിയില്ല,

പൂർണ്ണമാക്കിയില്ല എന്നുള്ളത് പച്ചയായ സത്യമാണ്. നമ്മുടെ ഭക്ഷ്യ വിളകളുടെ വിസ്തൃതി കുറഞ്ഞുവരുന്നത് ഭയാനകമാണ്. കേരളത്തിന് ഭക്ഷ്യ സ്വയംപര്യാപ്തത ആഗ്രഹിക്കുന്നു എങ്കിൽ നിർബന്ധമായും നമ്മുടെ ഡേറ്റാ ബാങ്ക് സംരക്ഷിക്കപ്പെടണം. ഈ ബഡ്ജറ്റിൽ അതിനാവശ്യമായ പണം - കഴിഞ്ഞ വർഷത്തെ എട്ടു കോടി ചെവഴിച്ചിട്ടില്ല, ആ പണം വീണ്ടും തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൃഷി കഴിഞ്ഞ കാലത്തേതു പോലെ ആയിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് പ്രസംഗിക്കുമ്പോൾ ഹൈടെക് കൃഷിയെ എതിർത്തുകൊണ്ട് സംസാരിക്കുന്നത് കേൾക്കാനിടയായി. നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ രീതിയിലാണ് പ്രാമുഖ്യം കൊടുക്കേണ്ടതെന്നാണ് അങ്ങ് പറഞ്ഞതെന്ന് തോന്നി. എവിടെ നോക്കിയാലും ബോധ്യമാകുന്ന ഒരു കാര്യം പഴയ കർഷക കുടുംബങ്ങളെല്ലാം ഇല്ലാതായി മാറുകയാണ്. കർഷക കുടുംബങ്ങൾ ഇല്ലാതാകുകയും കൃഷി നിലനിൽക്കുകയും വേണമെങ്കിൽ കൃഷി നടത്തുന്നതിന് പുതിയ രീതിയിലുള്ള സംഘകൃഷി വേണം, ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തണം കൂടാതെ മോഡേൺ ടെക്നോളജി കൃഷിയിലേയ്ക്ക് കൊണ്ടുവരണം. അതുകൊണ്ടുതന്നെയാണ് ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ശ്രീ കെ. പി. മോഹനൻ കൃഷിയിൽ മോഡേൺ ടെക്നോളജി കൊണ്ടുവരാൻവേണ്ടി ശ്രമിക്കുന്നത്. അത് ഹൈടെക് ആയാലും ഗ്രീൻ ഹൗസ് ആയാലും എങ്ങനെയാണോ നമുക്ക് 365 ദിവസവും വിളവ് കിട്ടാവുന്ന ആധുനിക രീതിയിലുള്ള കൃഷി കൂടി പരീക്ഷിക്കപ്പെടേണ്ടതുണ്ട്. ഇപ്പോൾ കാർഷിക കുടുംബങ്ങളില്ല. അതുപോലെ പുതിയ ആളുകൾ കൃഷിയിലേയ്ക്ക് വരുന്നില്ല. അതിനു കാരണം വിദ്യാഭ്യാസവും ജനസംഖ്യ

കുറഞ്ഞതും പൊതുവികസനം കൂടിയതുമെല്ലാം തന്നെ ഒരു ലോക യാഥാർത്ഥ്യമായി നില്ക്കുമ്പോൾ കാർഷിക കുടുംബങ്ങൾ കുറഞ്ഞുവരും. ലോകത്ത് എല്ലാ രാജ്യങ്ങളിലും കാർഷിക കുടുംബങ്ങൾ കുറഞ്ഞുവന്നിട്ടും യൂറോപ്യൻ രാജ്യങ്ങളിലടക്കം ആധുനിക രീതിയിലുള്ള കൃഷി ഉപയോഗപ്പെടുത്തി കാർഷികമേഖലയിൽ വലിയ നേട്ടമുണ്ടാക്കാൻ വേണ്ടികഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് അതിന് കുറെക്കൂടി പ്രാമുഖ്യം കൊടുക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, മത്സ്യത്തൊഴിലാളി മേഖലയിൽ 100 കോടി രൂപ മണ്ണെണ്ണയ്ക്ക് സബ്സിഡി കൊടുക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഫിഷറീസ് വകുപ്പുമന്ത്രിയേയും മുക്തകണ്ഠം അഭിനന്ദിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. എനിക്ക് 12-ാമത്തെ തവണയാണ് ബഡ്ജറ്റ് ചർച്ചയിൽ ഇതുപോലെ പങ്കെടുക്കാൻ അവസരമുണ്ടാകുന്നത്. എല്ലാ വർഷവും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും മാറിമാറി, എന്റെ പ്രിയപ്പെട്ട നേതാവ് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലം മുതൽ ഇതുവരെ വന്ന എല്ലാ ചർച്ചകളിലും മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ പ്രശ്നം നിരന്തരമായി സഭയിൽ ഉന്നയിച്ചിരുന്ന ഒരു എളിയ ജനപ്രതിനിധിയാണ്. ഒരു ഗവൺമെന്റും അതിന് കാതലായ പരിഹാരം ഉണ്ടാക്കിയിട്ടില്ല. ആദ്യമായാണ് മാണിസാർ കേരളത്തിലെ പാവപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 100 കോടി രൂപ മണ്ണെണ്ണ സബ്സിഡി കൊടുക്കാൻ വേണ്ടി മാറ്റിവച്ചത്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ പേരിൽ പ്രത്യേകിച്ചും ബഹുമാനപ്പെട്ട ധനകാര്യ

വകുപ്പുമന്ത്രിയെയും മുഖ്യമന്ത്രിയെയും ഫിഷറീസ് വകുപ്പുമന്ത്രിയെയും അഭിനന്ദിക്കുകയാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ, അങ്ങ് ഇന്നലെ മുതൽ കേരളത്തിലെ പാവപ്പെട്ട മത്സ്യത്തൊഴി ലാളി കോൺഗ്രസ്സിന്റെ നേതാവായി അതിന്റെ പ്രസിഡന്റായി വന്നിരിക്കുക യാണ്. അങ്ങേയ്ക്ക് വലിയ ഉത്തരവാദിത്തമുണ്ട്. അങ്ങേയ്ക്ക് നല്ലതു വരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണ്. സി.ആർ.ഇസഡ്.-ന്റെ കാര്യ മുണ്ട്. അതിനേക്കാൾ പ്രധാനമായി ഫിഷർമെൻ കടാശ്വാസ കമ്മീഷന് ഈ വർഷം 50 കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞിരുന്നു, 20 കോടി രൂപയേ കൊടുത്തിട്ടുള്ളു. ബാക്കിയുള്ള 30 കോടി രൂപയും അടുത്ത വർഷ ത്തേയ്ക്കുവേണ്ടി 50 കോടി രൂപയുംകൂടി മാറ്റിവയ്ക്കണമെന്നല്ലേ അങ്ങ യുടെ അഭിപ്രായം;

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട മാണിസാർ നൂറുകോടി രൂപ മണ്ണെണ്ണയ്ക്കു തന്നു. അതിൽ സന്തോഷമുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് കഴിഞ്ഞ ബഡ്ജറ്റിൽ 50 കോടി രൂപ പ്രഖ്യാപിച്ചിരുന്ന തിൽ 20 കോടി രൂപ തന്നു. ബാക്കിയുള്ള 30 കോടി രൂപ കൂടി ഈ മാർച്ച് 31-നു മുമ്പ് ഉപയോഗിക്കാവുന്ന രീതിയിൽ റിലീസ് ചെയ്തുതരുമോ എന്ന കാര്യത്തിൽ മുൻ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ആശങ്കപ്പെടണ്ട, ആ 30 കോടി രൂപ എന്തായാലും മാണിസാർ റിലീസ് ചെയ്തുതരും. അതുകൂടാതെ 100 കോടി രൂപയെങ്കിലും പുതുതായി മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് നൽകണം. പതിനായിരക്കണക്കിന്

മത്സ്യത്തൊഴിലാളികളുടെ അപേക്ഷയാണ് കെട്ടിക്കിടക്കുന്നത്. ഏതായാലും അങ്ങ് ഇത്രയും വലിയ കാര്യങ്ങൾ ചെയ്തു. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനായി നൂറുകോടി രൂപകൂടി കടാശ്വാസ കമ്മീഷനു നൽകിയാൽ അതോടെ കടാശ്വാസ കമ്മീഷന്റെ സേവനം അവസാനിപ്പിക്കാം. അതിനാൽ അതുകൂടി നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. റ്റി.എൻ. പ്രതാപൻ: പ്രധാനപ്പെട്ട മറ്റൊരു കാര്യം പറയാനുള്ളത്, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് പഠന പരിശീലനം നൽകുന്ന 270 സ്പെഷ്യൽ സ്കൂളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ നിയമസഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവന്നിരുന്നു. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. ബെന്നി ബെഹനാനും ഉൾപ്പെടെയുള്ള 58 നിയമസഭാംഗങ്ങൾ ഒപ്പിട്ട ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അങ്ങേയ്ക്കും നൽകിയിട്ടുണ്ട്. മാനസിക വെല്ലുവിളികൾ നേരിടുന്ന കേരളത്തിലെ കുട്ടികളുടെ സ്ഥിതി ഇവിടെയിരിക്കുന്ന മുഴുവൻ ആളുകൾക്കും അറിയാം. അതിന്റെ കണ്ണീർ പേറുന്ന മാതാപിതാക്കളുടെ ദയനീയ മുഖം നമ്മുടെ എല്ലാവരുടേയും മനസ്സിലിപ്പോഴുമുണ്ട്. 100 കുട്ടികളെങ്കിലും ഉള്ള സ്പെഷ്യൽ സ്കൂളുകൾക്ക് എയിഡഡ് പദവി നൽകി അവിടെ വന്ന് കുട്ടികളെ പഠിപ്പിക്കുന്ന ടീച്ചർമാർക്ക് പ്രീ-പ്രൈമറി ടീച്ചർമാർക്ക് കൊടുക്കുന്ന അലവൻസെങ്കിലും കൊടുത്താൽ അത് കേരളത്തിലുണ്ടാക്കുന്ന സാമൂഹികമായ വികാരം വളരെ വലുതായിരിക്കും. അതിന് മാണിസാർ പ്രത്യേകം ശ്രമിക്കുമെന്നാണ് വിശ്വസിക്കുന്നത്. കേരളത്തിലെ പത്ര പ്രവർത്തകരുടെ ആരോഗ്യ പരിരക്ഷാ പദ്ധതിക്കായി കഴിഞ്ഞ

ബഡ്ജറ്റിൽ 20 ലക്ഷം രൂപയാണ് അനുവദിച്ചത്. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യയിലാദ്യമായാണ് പത്ര പ്രവർത്തകർക്ക് ഒരു ആരോഗ്യ പരിരക്ഷാ പദ്ധതി കൊണ്ടുവന്നത്. കേരള പത്രപ്രവർത്തക ആരോഗ്യ പരിരക്ഷാ പദ്ധതിക്ക് 20 ലക്ഷം രൂപ എന്നുള്ളത് 50 ലക്ഷം രൂപയായി ഉയർത്തണം. കേരളത്തിലെ പത്രപ്രവർത്തകർ മാണിസാറിന്റെ ഏറ്റവുമടുത്ത ബന്ധുക്കളാണ് എന്നുള്ള കാര്യമറിയാം. അതുകൊണ്ട് അവരുടെ കാര്യം വിട്ടുപോകരുത്. അതുപോലെതന്നെയാണ്......

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, ശ്രീ. റ്റി. എൻ. പ്രതാപൻ, ഇതെല്ലാം അങ്ങനെ ഉയർത്തണമെന്ന് പറയുമ്പോൾ, എന്ത് ചോദിച്ചാലും ആവശ്യത്തിനുള്ളത് കൊടുത്തുകൊണ്ടിരിക്കുകയല്ലേ, എല്ലാത്തിനും അഡീഷണൽ ആതറൈസേഷൻ കൊടുത്തുകൊണ്ടിരിക്കുകയല്ലേ. 100 രൂപ പ്രൊവിഷൻ വച്ചിരുന്നാലും ആവശ്യമുണ്ടെങ്കിൽ അതിനെ 10 ലക്ഷമോ 50 ലക്ഷമോ ആയി ഉയർത്തും. ഈ ഗവൺമെന്റിനെ അളക്കേണ്ടത് ഈ ഗവൺമെന്റ് എന്തിനെങ്കിലും തടസ്സം നിൽക്കുന്നുണ്ടോ എന്നുള്ളത് നോക്കിയാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സ്പീക്കർ സാർ, ഇനി ഞാനെന്തിന് പ്രസംഗിക്കണം. ഇതുപോലെ ആരെങ്കിലും ഇത്രയും ഉദാരമായി പറയുമോ? 100 രൂപയുടെ ടോക്കൺ മണി വന്നാൽപോലും അതിന് എ.എസ്. തരാമെന്നുപറഞ്ഞു, പ്രതിപക്ഷം ഒന്ന് കയ്യടിക്ക്, നിങ്ങൾക്കും കൂടി ലഭിക്കും. മാണി സാർ പറഞ്ഞത് ഞങ്ങൾക്ക് മാത്രം തരാം എന്നല്ല. 5 കോടി രൂപയുടെ അസറ്റ് ക്രിയേഷൻ ഫണ്ട് തന്നു. ഞങ്ങൾക്ക് 5 കോടി തന്നു, നിങ്ങൾക്കും ..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റ്റി. എൻ. പ്രതാപനെപോലെയുള്ള ഭരണകക്ഷി അംഗങ്ങളെ പറ്റിക്കാൻ സമർത്ഥനാണ് മാണിസാർ. അതുപോലെ ഞങ്ങളെ പറ്റിക്കാൻ നോക്കേണ്ട.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, മാണിസാർ കഴിഞ്ഞ ബഡ്ജറ്റിൽ 5 കോടി രൂപ അസറ്റ് ക്രിയേഷന് തരാമെന്ന് പറഞ്ഞു. ആദരണീയനായ പ്രതിപക്ഷ ഉപനേതാവിനും എളിയവനായ എനിക്കും ഒരുപോലെ 5 കോടി രൂപ തന്നില്ലേ? 140 എം. എൽ.എ.-മാർക്കും ഒരുപോലെ 5 കോടി രൂപ കിട്ടി. അസംബ്ലി കഴിഞ്ഞാൽ മുഴുവൻ ആളുകളുടേയും ഈ വർഷത്തെ എ.എസ്. തരാമെന്ന് മാണിസാർ കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞു. ഇതിനെക്കാൾ വലുത് വേറെ എന്താണുള്ളത്. മാണിസാർ പറഞ്ഞാൽ പറ്റിക്കില്ല, പറയാനാണ് പ്രയാസം. പറഞ്ഞുകിട്ടിയാൽ നമുക്കത് ഉറപ്പായി ലഭിക്കും..

ഡോ. ടി. എം. തോമസ് ഐസക്: സർ, അടുത്ത വർഷവും ഈ അസറ്റ് ഫണ്ട് സ്കീം തുടരുന്നുണ്ടോ; അതിനെക്കുറിച്ച് അങ്ങ് ഒന്നും പറഞ്ഞു കേട്ടില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, കേരള പ്രാദേശിക പത്രപ്രവർത്തകരുടെ ഒരു പ്രശ്നമുണ്ട്. അവരുടെ ക്ഷേമനിധിക്കുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ ഒരുകോടി രൂപ വകയിരുത്തിയിരുന്നു. അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ സഭയിൽതന്നെ പാവപ്പെട്ട പ്രാദേശിക പത്രപ്രവർത്തകരായ ആളുകളുണ്ട്. അതുകൊണ്ട് അത് പ്രാവർത്തികമാക്കാൻവേണ്ടി മാണിസാർ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അംഗൻവാടി ജീവനക്കാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം വർദ്ധിപ്പിക്കണം. അതു

പോലെ ഒരു പ്രധാനപ്പെട്ട പദ്ധതിയാണ് "സ്നേഹപൂർവ്വം" പദ്ധതി. സാമൂഹിക സുരക്ഷാ മിഷന്റെ കീഴിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി. അച്ഛനും അമ്മയും ഇല്ലാത്ത കുട്ടികൾ അല്ലെങ്കിൽ അച്ഛൻ മരിച്ച, അമ്മ മരിച്ച അനാഥരായ കുട്ടികളുടെ വിദ്യാഭ്യാസം ഏറ്റെടുത്തുകൊണ്ട് അവരുടേയും രക്ഷിതാവിന്റേയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ധനസഹായം എത്തിക്കുന്ന സ്നേഹ പൂർവ്വം പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള 7 കോടി രൂപ 15 കോടി രൂപയായി വർദ്ധിപ്പിക്കണം എന്നഭ്യർത്ഥിക്കുന്നു. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ലീഡർ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് സ്വപ്നംകണ്ട ഒന്നാണ് മാള സ്പിന്നിംഗ് മിൽ. ആ സ്പിന്നിംഗ് മില്ലിനെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ആദരണീയനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി സി. എൻ. ബാലകൃഷ്ണനും അങ്ങുംകൂടി താൽപ്പര്യമെടുത്ത് കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മിൽ, മാള എന്നാക്കി മാറ്റി. ആ മിൽ തുടങ്ങാൻ വേണ്ടി ആദ്യ ബഡ്ജറ്റിൽ പണം നൽകിയെങ്കിലും അതുപയോഗിക്കാൻ കഴിഞ്ഞില്ല. പിന്നീട് 5 കോടി രൂപയും കഴിഞ്ഞ വർഷം 2 കോടി രൂപയും നൽകി. മിൽ പ്രവർത്തനം തുടങ്ങണമെങ്കിൽ ഈ ബഡ്ജറ്റിൽ മിനിമം 5 കോടി രൂപയെങ്കിലും കൊടുത്താൽ മാത്രമേ ലീഡറിന്റെ പേരിലുള്ള ആ മിൽ തുടങ്ങാൻ കഴിയൂ. അത് മുൻ മുഖ്യമന്ത്രി കെ. കരുണാകരന് കൊടുക്കുന്ന ഏറ്റവും വലിയ സ്മാരകമാണ്. അദ്ദേഹം സ്വപ്നം കണ്ട, അദ്ദേഹം തുടങ്ങിയ ഒരു മില്ലാണ്. അതിനാൽ കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മിൽ, മാളയ്ക്ക്, 5 കോടി രൂപകൂടി നൽകണമെന്ന് അഭ്യർത്ഥിച്ചു

കൊണ്ട്, ടോക്കൺ മണി ഉണ്ടായാൽ മതി, ചോദിച്ചതിനെല്ലാം എ.എസ് നൽകാമെന്ന് ധനകാര്യ വകുപ്പുമന്ത്രി ഞങ്ങളോട് പറഞ്ഞിരിക്കുകയാണ്. ഇതിനേക്കാൾ വലിയ ഭാഗ്യം ലഭിക്കാനുണ്ടോ. അതുകൊണ്ട് ഇത്രയും നല്ല ഉദാര മനസ്സോടുകൂടി എല്ലാം ചെയ്യാൻ തയ്യാറായി നിൽക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിസാറിന് 13-ാമത്തെ ബഡ്ജറ്റും ഇതുപോലെ, ഏറ്റവും നല്ല ബഡ്ജറ്റായി അവതരിപ്പിക്കാനുള്ള ആശംസകൾ നേർന്നുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ ശക്തിയായി എതിർക്കുകയാണ്. ബഡ്ജറ്റിനെ എതിർക്കുന്നത് വെറുതെയല്ല. കാര്യകാരണ സഹിതമാണ് എതിർക്കുന്നത്. എന്താണ് ബഡ്ജറ്റുകൊണ്ടുദ്ദേശിക്കുന്നത്? അടുത്ത ഒരു വർഷക്കാലം നമ്മുടെ സാമൂഹിക-സാമ്പത്തിക ജീവിതം ചിട്ടപ്പെടുത്താനും മെച്ചപ്പെടുത്താനും സഹായകമായ വ്യക്തമായ രൂപരേഖയല്ലേ ബഡ്ജറ്റിൽ അവതരിപ്പിക്കേണ്ടത്. അങ്ങനെ എന്തെങ്കിലും രൂപരേഖ ഈ ബഡ്ജറ്റിലുണ്ടോ; ചിട്ടപ്പെടുത്തലുമില്ല, മെച്ചപ്പെടുത്തലുമില്ല, ആകെ അലങ്കോലപ്പെടുത്തൽ മാത്രമല്ലേ ഇതിലുള്ളത്. ബഡ്ജറ്റിന്റെ എണ്ണമല്ല കാര്യം, അതിന്റെ വണ്ണമാണ്, അതിന്റെ ഉള്ളടക്കമാണ്. വ്യത്യസ്ത മേഖലകളിലെ ജനവിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്തൊക്കെ നിർദ്ദേശങ്ങളും പദ്ധതികളും ബഡ്ജറ്റിലുണ്ട് എന്നതാണ് നോക്കേണ്ടത്. നികുതി വരവിന്റെ കാര്യക്ഷമത ഉയർത്തുന്നുണ്ടോ എന്നതാണ് പ്രധാനം. അതുവഴി നികുതി

വരുമാനം വർദ്ധിപ്പിക്കുന്നുണ്ടോ എന്നുള്ളതാണ് പ്രസക്തം. വികസന പ്രവർത്തനങ്ങൾക്ക് കൃത്യമായ പണവും വ്യക്തമായ ദിശാബോധവും ബഡ്ജറ്റിലൂടെ നൽകുന്നുണ്ടോ എന്നതാണ് ശ്രദ്ധിക്കേണ്ടത്. അല്ലാതെ പന്തീരാണ്ട് കൊല്ലം ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ മേനി നടിച്ചതുകൊണ്ടു മാത്രം ഒരു പ്രയോജനവുമില്ല. ഇവിടെ എന്താണ് ശ്രീ. കെ. എം. മാണി ചെയ്തിരിക്കുന്നത്; കഴിഞ്ഞ മൂന്നുവർഷവും നികുതി സമാഹരണത്തിൽ ഒരു കാര്യക്ഷമതയും കാണിക്കാതെ മിക്കവാറും എല്ലാ മേഖലയിലും വലിയ നികുതി അടിച്ചേൽപ്പിക്കുകയല്ലേ; ആത്യന്തികമായി ഇതിന്റെ ദുരിതം പേറേണ്ടി വരുന്നത് പാവപ്പെട്ടവരും സാധാരണക്കാരുമല്ലേ; ഈ യു.ഡി. എഫ്. സർക്കാർ വന്നതിനുശേഷമുള്ള, ശ്രീ. കെ. എം. മാണിയുടെ ബഡ്ജ റ്റുകളൊന്ന് നോക്കണം, ആദ്യ വർഷം 615 കോടി രൂപയുടെ പുതിയ നികുതി കൊണ്ടുവന്നു. രണ്ടാം വർഷത്തിൽ 1512 കോടിരൂപയായി, മൂന്നാം വർഷം 1138 കോടി രൂപയായിരുന്നു അധിക നികുതി. ഇത്തവണ റിക്കാർഡ് നികുതി വർദ്ധനവാണ് – 1566 കോടി രൂപയുടെ പുത്തൻ നികുതിയാണ് ശ്രീ. കെ. എം. മാണി കേരളീയർക്ക് സമ്മാനമായി നൽകിയത്. ആദ്യ വർഷത്തേ തിന്റെ മൂന്നിരട്ടിയോളം വർദ്ധനവാണ് നികുതിയിൽ ഇത്തവണ വരുത്തിയിട്ടു ള്ളത്. ഇങ്ങനെ നികുതി ഭാരം ആവർത്തിച്ച് അടിച്ചേൽപ്പിച്ചിട്ടും എന്തെ ങ്കിലും പ്രയോജനമുണ്ടോ; നികുതി പിരിച്ചെടുക്കുന്നതിന് ഒരു നടപടിയു മുണ്ടാകുന്നില്ല. സി. & എ.ജി.-യുടെ റിപ്പോർട്ടനുസരിച്ച് നികുതി കുടിശ്ശികയി നത്തിൽ 10,022 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിന്റെ നാലിലൊന്നെ ങ്കിലും പിരിച്ചെടുക്കാൻ ശുഷ്കാന്തി കാട്ടിയിരുന്നെങ്കിൽ ഒരു നയാപൈസ യുടെ നികുതിപോലും ഇത്തവണ ഏർപ്പെടുത്തേണ്ടി വരുമായിരുന്നില്ലല്ലോ.

ബഡ്ജറ്റിൽ പദ്ധതികൾ വെറുതെ പ്രഖ്യാപിച്ചുപോയിട്ട് കാര്യമുണ്ടോ; ഇത് നടപ്പിലാക്കുന്നതിന് വല്ല ആത്മാർത്ഥയും ഈ സർക്കാരിനുണ്ടോ;

ഏറ്റവും കുറഞ്ഞ പ്ലാൻ എക്സ്പെൻഡിച്ചർ നടന്ന കാലമല്ലേ ശ്രീ. കെ. എം. മാണിയുടേത്; കേരളം സമർപ്പിച്ച 35 പദ്ധതികളിൽ ഒന്നുപോലും കേന്ദ്രം അനുവദിച്ചിട്ടില്ല. എന്തെങ്കിലും നടപടി കേന്ദ്രത്തെ പിന്താങ്ങുന്ന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായോ; സർക്കാരിന്റെ കടം ഒരു ലക്ഷം കോടിരൂപയായി കവിഞ്ഞിരിക്കുകയല്ലേ; കേരളത്തിൽ ജനിക്കാനിരിക്കുന്ന കുട്ടികളെപ്പോലും കടക്കെണിയിൽ കുടുക്കുകയല്ലേ ഈ ഗവൺമെന്റ് ചെയ്യുന്നത്; ഇതിൽ നിന്ന് എന്നാണ് കേരള ജനതയ്ക്ക് രക്ഷപ്പെടാൻ സാധിക്കുക? എല്ലാ വിഭാഗം ജനങ്ങളെയും ഒരുപോലെ ബാധിക്കുന്ന വിഷയമായ വിലക്കയറ്റം തടയാൻ മരുന്നിനെങ്കിലും ഒരു പരിപാടി ബഡ്ജറ്റിലുണ്ടോ; അരിയും ഗോതമ്പും പച്ചക്കറിയുമടക്കമുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും ഭീകരമായ വിലക്കയറ്റമാണ്. ഏറ്റവും കൂടുതൽ തവണ ബഡ്ജറ്റ് അവതരിപ്പിച്ചു എന്ന് മേനി നടിക്കുന്ന ശ്രീ. കെ.എം. മാണിക്ക് ഇനി ഏറ്റവും ഭീകരമായ വിലക്കയറ്റം സൃഷ്ടിക്കുന്ന ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ തൂവലുകൾ കൂടി തൊപ്പിയിൽ അണിയുകയല്ലേ നല്ലത്? വില നിയന്ത്രിക്കാൻ റേഷൻ കടവഴിയോ കൺസ്യൂമർ ഫെഡ് വഴിയോ ചില സാധനങ്ങൾ വിറ്റതുകൊണ്ടായില്ല, അത് ഫലപ്രദമാകണമെങ്കിൽ പൊതുവിപണിയിൽ ഇടപെടാൻ സർക്കാരിന് കഴിയണം. അതിനെയാണ് മാർക്കറ്റ് ഇന്റർവെൻഷൻ എന്ന് ഇംഗ്ലീഷിലും വിപണി ഇടപെടൽ എന്ന് മലയാളത്തിലും പറയുന്നത്. എൽ. ഡി.എഫ്. സർക്കാരുകളുടെ കാലത്ത് ഈ വിപണി ഇടപെടൽ ഫലപ്രദമായി

നടന്നിട്ടുണ്ട്. ഇതിന്റെ ഫലമായി പൊതുവിപണിയിലും വില നിയന്ത്രിക്കാനായത് ചരിത്രമാണ്. അങ്ങനെ എന്തെങ്കിലും കാര്യം ഈ ബഡ്ജറ്റിലുണ്ടോ; ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്ക് തോന്നിയ വിലയാണ് ഈടാക്കുന്നത്. ശ്രീ. കെ. എം. മാണി ഇങ്ങനെ മനോഹരമായി ചിരിച്ചുകൊണ്ടിരുന്നാൽ വില കുറയുമോ; നമ്മുടെ പൊതുവിതരണ ശൃംഖലയായ സപ്ലൈകോ അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും കൊണ്ട് ആകെ കുളം തോണ്ടിയിരിക്കുന്നുവെന്ന് പലതവണ ഞാൻ ഈ സഭയിൽത്തന്നെ വെളിവാക്കപ്പെട്ടതാണ്. കഴിഞ്ഞ ബഡ്ജറ്റിൽ നൂറുകോടി രൂപ കൊടുത്തിട്ടുപോലും സപ്ലൈകോ വല്ലാതെ മെലിഞ്ഞുണങ്ങി. ഇപ്പോഴാകട്ടെ, 65 കോടിരൂപ മാത്രമാണ് കൊടുത്തിരിക്കുന്നത്. അടുത്ത ബഡ്ജറ്റാകുമ്പോൾ ഈ സപ്ലൈകോ ഉണ്ടാകുമോയെന്നുതന്നെ കണ്ടറിയണം. ഈ പോക്കുപോയാൽ കെ.എസ്.ആർ.ടി.സി. താനേ നിന്നുപോകുമെന്ന് കുറച്ചുനാൾ മുമ്പ് ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞു. അതുതന്നെയല്ലേ ഇപ്പോൾ സപ്ലൈകോയുടെയും അവസ്ഥ; കേരളീയരുടെ ദൈനംദിന ജീവിതവുമായി പ്രത്യക്ഷത്തിൽ ബന്ധപ്പെടുന്ന ഈ സ്ഥാപനത്തെ രക്ഷിക്കാൻ കുറച്ചുകൂടി തുക നീക്കി വയ്ക്കാമായിരുന്നില്ലേ; കെ.എസ്.ആർ.ടി.സി.യെപ്പറ്റി പറഞ്ഞ ശ്രീ. ആര്യാടൻ മുഹമ്മദിന്റെ നാവ് പൊന്നാകുമോ എന്നാണ് എന്റെ സംശയം. കാരണം, അത് സ്വയം നിന്നുപോകുന്നതിന് ആക്കം കൂട്ടുന്ന മട്ടിലാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യെപ്പറ്റി പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.ക്ക് 186 കോടി രൂപ നീക്കിവച്ചു. പിന്നീട് പ്രത്യേകസഹായമായി 100 കോടി രൂപ കൂടി നൽകി. എന്നിട്ടും കഴിഞ്ഞ പലമാസങ്ങളിലും കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ മുടങ്ങി,

ഡീസൽ വാങ്ങാൻ കാശില്ലാതെ ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു. ഇത്തവണ ആകെ നൽകിയിട്ടുള്ളത് 150 കോടിരൂപയാണ്. കെ.എസ്.ആർ.ടി.സി.യുടെ മരണവാറണ്ടിൽ ശ്രീ. കെ. എം. മാണി ഒപ്പിട്ടിരിക്കുകയാണ്. കെ.എസ്.ആർ. ടി.സി. ബസ്സുകൾ ഇല്ലാതായാൽ ഓട്ടോറിക്ഷകളിൽ യാത്രചെയ്യാൻ കഴിയു മോ; പാവപ്പെട്ട ഓട്ടോറിക്ഷക്കാരുടെ കീശയിൽ നിന്ന് 25 കോടിരൂപയാണ് ശ്രീ.കെ. എം. മാണി കയ്യിട്ട് വാരിയിരിക്കുന്നത്. പുതിയ ഓട്ടോകൾക്കുള്ള ലംപ്സം ടാക്സ് പഴയവയ്ക്കുകൂടി ബാധകമാക്കിയാണ് ശ്രീ. കെ.എം. മാണി അദ്ധ്വാനവർഗ്ഗ സിദ്ധാന്തം പ്രയോഗിച്ചിരിക്കുന്നത്. ശ്രീ. കെ.എം. മാണിയുടെ അദ്ധ്വാനവർഗ്ഗ സിദ്ധാന്തം എങ്ങനെയുണ്ട്? ഓട്ടോറിക്ഷയ്ക്ക് മാത്രല്ല, എല്ലാത്തരം ടാക്സി വാഹനങ്ങളുടെയും നികുതി കുത്തനെ കൂട്ടിയിരിക്കുക യാണ്. അന്തർ സംസ്ഥാന ടാക്സി വാഹനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതി എത്ര ഭീകരമാണ്; എങ്ങനെ ടൂറിസ്റ്റുകൾ ഇങ്ങോട്ടുവരും? ടൂറിസം വികസനത്തിലൂടെ വലിയ വരുമാനമുണ്ടാകുമെന്ന് മേനി നടിക്കാറുണ്ടല്ലോ; ടാക്സി വാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചാൽ, ചാർജ് ഔദ്യോഗികമാ യൊന്നും കൂട്ടാൻ കാത്തിരിക്കാതെതന്നെ ടാക്സിക്കാർ യാത്രക്കാരിൽനിന്ന് കൂടുതൽ കാശ് വാങ്ങും. ചുരുക്കത്തിൽ ഇതിന്റെ തിക്തഫലമനുഭവിക്കേണ്ടി വരുന്നത് സാധാരക്കാരാണ്. നമ്മുടെ നിർമ്മാണമേഖലയുടെ സ്ഥിതി നോക്കു ക – മെറ്റലിന്റെ വില കൂട്ടി, എം.സാന്റിന്റെ നികുതി വർദ്ധിപ്പിച്ചു. കഴിഞ്ഞയാ ഴ്ചയാണ് കേരളത്തിലെ കരാറുകാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയത്. അവർ ചെയ്തു തീർത്ത ജോലികൾക്ക് രണ്ടായിരം കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. അതുടൻ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടായിരുന്നു ആ സമരം. ഇത്തവണ അതിനുവേണ്ടി നീക്കി വച്ചിരിക്കുന്നതാകട്ടെ 650 കോടി

രൂപ മാത്രമാണ്. എൽ.ഡി.എഫ്. സർക്കാർ ഒരു നയാപൈസപോലും കുടിശ്ശിക ഇല്ലാതെ എല്ലാ വർഷങ്ങളിലും കരാറുകാർക്ക് പണം കൊടുത്തിരുന്നു. ഇപ്പോൾ രണ്ടായിരം കോടി രൂപയുടെ കുടിശ്ശികയുണ്ട്, കരാറുകാർ എങ്ങനെ പണി നടത്തും? തുണിത്തരങ്ങൾക്കെല്ലാം നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇനി നേരെചൊവ്വേ തുണിപോലും ഉടുക്കരുതെന്നാണ് ശ്രീ. കെ. എം. മാണി പറയുന്നത്. അരി, തുണി, യാത്ര, വീടുനിർമ്മാണം അങ്ങനെ സാധാരണജനങ്ങൾക്കാവശ്യമുള്ള എല്ലാ സാധനങ്ങൾക്കും വിലകയറ്റുന്ന ബഡ്ജറ്റാണിത്. ഓരോ വർഷം കഴിയുന്തോറും ശുദ്ധജലക്ഷാമം വർദ്ധിക്കുകയാണ്. 2025 ആകുമ്പോൾ കുടിവെള്ളത്തെച്ചൊല്ലി കേരളത്തിൽ ആഭ്യന്തര കലാപമുണ്ടാകുമെന്നാണ് ഇന്റർനാഷണൽ വാട്ടർ മാനേജ്മെന്റ് അസോസിയേഷൻ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. കുടിവെള്ളക്ഷാമം പരിഹരിക്കാൻ ദീർഘവീക്ഷണത്തോടുകൂടി എന്തെങ്കിലുമൊരു പദ്ധതി ഈ ബഡ്ജറ്റിലുണ്ടോ? മാലിന്യനിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും ഇതേ നിസ്സംഗതയാണ് ബഡ്ജറ്റിൽ കാണുന്നത്. ഖരമാലിന്യം മാത്രമല്ല ഇലക്ട്രോണിക് മാലിന്യവും വർദ്ധിച്ചുവരുന്ന സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളത്. തൃശ്ശൂർ, കൊച്ചി, തിരുവനന്തപുരം നഗരങ്ങളാകെ മാലിന്യപ്രശ്നത്തിൽ എത്രയെത്ര സമരങ്ങൾക്കാണ് സാക്ഷ്യം വഹിച്ചിട്ടുള്ളത്; ശ്രീ. കെ. എം. മാണിയുടെ ബഡ്ജറ്റിൽ തലസ്ഥാനത്തെ മാലിന്യപ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ? കേരളത്തിലെ വീടില്ലാത്ത മുഴുവൻ ആളുകളുടെയും സ്വപ്നമായിരുന്നു എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഇ.എം.എസ്. ഭവനപദ്ധതി. 2015-ഓടെ ഭവനരഹിതരായി ആരും കേരളത്തിലുണ്ടാകരുതെന്ന ലക്ഷ്യത്തോടെയായിരുന്നു ഈ പദ്ധതി നടപ്പിലാക്കിയത്. എന്നാൽ ഇന്ന് അതിന്റെ

സ്ഥിതിയെന്താണ്; പാവപ്പെട്ട ആളുകൾക്കാകെ ആശ്വാസകരമായ ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ എന്തെങ്കിലും നടപടി ഈ ബഡ്ജറ്റിലുണ്ടോ; പൂട്ടിക്കിടക്കുന്നതും രോഗഗ്രസ്ഥവുമായ പൊതുമേഖലയെയാകെ പുനരുദ്ധരിക്കുകയും ലാഭത്തിലേക്ക് നയിക്കുകയുമായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ. യു.ഡി.എഫ്. ഗവൺമെന്റ് വന്നതോടുകൂടി പൊതുമേഖലാ സ്ഥാപനങ്ങളുടെ ശനിദശ തുടങ്ങി. ഒന്നൊന്നായി ക്ഷയിച്ചുതുടങ്ങി, പലതിന്റെയും പ്രവർത്തനംതന്നെ നിലച്ചു. ഈ ബഡ്ജറ്റിൽ ഇവ പുനരുദ്ധരിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; തൊഴിലവസരം സൃഷ്ടിക്കാനോ തൊഴിലില്ലായ്മ പരിഹരിക്കാനോ എന്ത് പദ്ധതിയാണുള്ളത്; നിതാഖത്തിനെ തുടർന്ന് തിരിച്ചുവരുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുവാൻ ശാസ്ത്രീയമായ ഒരു പദ്ധതി പോലും ഈ ബഡ്ജറ്റിൽ കാണുന്നില്ല. കേരളത്തിനാകെ നാണക്കേടുണ്ടാക്കിയതാണ് അട്ടപ്പാടിയിലെ ശിശുമരണം. പോഷകാഹാരക്കുറവും സർക്കാരിന്റെ അനാസ്ഥയും മൂലമാണ് ഈ ദുരന്തമുണ്ടായതെന്ന് സർക്കാർ ഏജൻസികളുടെതന്നെ പഠന റിപ്പോർട്ടുകളിൽ വ്യക്തമാക്കപ്പെട്ടതാണ്. അത് ഉണ്ടാകാതിരിക്കാൻ, ആദിവാസികൾക്ക് ആശ്വാസകരമായ ജീവിതം നയിക്കാൻ എന്ത് പദ്ധതിയാണ് ശ്രീ. കെ. എം. മാണി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? ശ്രീ. കെ. എം. മാണി ബഡ്ജറ്റ് പ്രസംഗത്തിന്റെ ആമുഖത്തിൽ കേന്ദ്രസർക്കാരിന്റെ നയങ്ങളെ വിമർശിക്കുന്നുണ്ട്, ഇത് നമ്മുടെ മുഖ്യമന്ത്രി ശ്രദ്ധിച്ചിരുന്നോ എന്നറിയില്ല. എന്തായാലും ശ്രീ. ഉമ്മൻചാണ്ടിയുടെ തോളിൽ കയ്യിട്ടുകൊണ്ട് കേന്ദ്രനയങ്ങൾ ആപത്താണെന്ന് പറഞ്ഞതിന് ശ്രീ. കെ. എം. മാണിയെ നമുക്ക് പ്രശംസിക്കാം. എന്നാൽ കേന്ദ്രനയങ്ങളെ വിമർശിച്ചതിന്റെ സ്പിരിറ്റിലല്ല ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ. കേന്ദ്രനയങ്ങളോട് കാട്ടിയ വിമർശനത്തിന്റെയടിസ്ഥാനത്തിൽ

അവയെ മറികടക്കാൻ കഴിയുന്ന നിർദ്ദേശങ്ങൾ ബഡ്ജറ്റിലാണ്ടായിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു, അതൊന്നുമില്ല. പിന്നെന്തിനാണ് ശ്രീ. കെ. എം. മാണി ഇങ്ങനെ ബഡായി പറയുന്നത്. കേരളം തട്ടിപ്പുകാരുടെ താവളമായി മാറിയെന്നാണ് കഴിഞ്ഞദിവസം ആഭ്യന്തരവകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞത്. സാമ്പത്തിക തട്ടിപ്പുകളുടെ കാര്യത്തിൽ കേരളം രണ്ടാം സ്ഥാനത്തായി എന്നാണ് അദ്ദേഹം പറഞ്ഞത്. 6506 തട്ടിപ്പുകൾ നടന്നുവെന്നാണ് കണക്ക്. ഇതിലൂടെ നഷ്ടമായത് 880 കോടിരൂപയാണ്. സരിതയും ബിജു രാധാകൃഷ്ണനും നമ്മുടെ മുഖ്യമന്ത്രിയുമൊക്കെ കൂടി നടത്തിയ തട്ടിപ്പിന്റെ കണക്ക് ഇതിൽപ്പെട്ടിട്ടില്ല. സോളാർ തട്ടിപ്പിൽ പതിനായിരം കോടി രൂപയെങ്കിലും സരിതയും സംഘവും തട്ടിയെടുത്തിട്ടുണ്ടാവുമെന്ന് സർക്കാർ ചീഫ് വിപ്പ് തന്നെയാണ് പറഞ്ഞത്. അദ്ദേഹം കള്ളച്ചിരി ചിരിച്ചുകൊണ്ട് ഇവിടെ ഇരിപ്പുണ്ട്.

മി. സ്പീക്കർ: ഇല്ല, അദ്ദേഹം ഇപ്പോൾ സഭയിലില്ല.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: ആ തട്ടിപ്പിന്റെ കണക്ക് കൂടി വരുമ്പോൾ എത്ര കോടിരൂപയാകും. ഇതൊക്കെ ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടന്നു എന്നല്ലേ ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിരിക്കുന്നത്.

പോലീസ് സേനയിൽ 850 ക്രിമിനലുകളെ വച്ചുകൊണ്ടാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇത്രയും നാൾ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്തതെന്നാണ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞിരിക്കുന്നത്. 35243 സ്ത്രീപീഡന കേസ്സുകൾ, 2950 ബലാൽസംഘ കേസ്സുകൾ – ആഭ്യന്തര വകുപ്പിന്റെ പൊടിപൂരത്തിന് ഇത്രയൊക്കെ പോരെ? ശ്രീ. കെ. എം. മാണി

രണ്ടര മണിക്കൂറും രണ്ടേമുക്കാൽ മണിക്കൂറുമൊക്കെ എടുത്താണ് ബഡ്ജറ്റ് പ്രസംഗം അവതരിപ്പിച്ചതെന്ന് പറയുന്നു. എന്തിനാണ് ശ്രീ. കെ. എം. മാണി ഇങ്ങനെ മണിക്കൂറുകളോളം ബഡ്ജറ്റ് പ്രസംഗം അവതരിപ്പിച്ച് വെള്ളം കുടിപ്പിച്ചത്; ജനങ്ങൾക്ക് പ്രയോജനകരമല്ലെങ്കിൽ എത്ര മണിക്കൂർ പ്രസംഗം വായിച്ചാലും എന്തെങ്കിലും കാര്യമുണ്ടോ? ബഡ്ജറ്റ് പ്രസംഗത്തിൽ അവസാന ഭാഗത്ത് മഹാഭാരത്തിൽ നിന്നുള്ള വിദുരവാക്യം ശ്രീ. കെ. എം. മാണി ഉദ്ധരിക്കുന്നുണ്ട്. കൊള്ളരുതായ്മ മുച്ചൂടും കാണിച്ചിട്ട് വിദുരരെയും മഹാഭാരതത്തെയുമൊക്കെ കൂട്ടുപിടിക്കുന്നതുകൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ? കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലും ഇതുപോലൊരു ചെപ്പടിവിദ്യ ശ്രീ. കെ. എം. മാണി കാണിച്ചിരുന്നു. അന്ന് ഭഗവദ് ഗീതയിൽ നിന്നുള്ള ഒരു ശ്ലോകം ഉദ്ധരിച്ചാണ് അദ്ദേഹം ബഡ്ജറ്റ് പ്രസംഗം അവസാനിപ്പിച്ചത്. നമ്മുടെ ബന്ധുക്കൾ നമ്മൾ തന്നെയാണ്, നമ്മുടെ ശത്രവും നമ്മൾ തന്നെ എന്ന് അർത്ഥം വരുന്ന ശ്ലോകമാണ് അന്ന് ശ്രീ. കെ. എം. മാണി സഭയിൽ ഉദ്ധരിച്ചത്. അന്നത് ഉദ്ധരിച്ചത് ചീഫ് വിപ്പിന് ഒരു കൊട്ടുകൊടുക്കാൻ വേണ്ടിയാണെന്ന് ചില കോൺഗ്രസ്സുകാർ പറയുകയുണ്ടായി. അത് എന്തും ആയിക്കൊള്ളട്ടെ, ഭഗവദ് ഗീതയിൽ നിന്ന് ഉദ്ധരിച്ചിട്ടും ശ്രീ. കെ. എം. മാണിയുടെ അന്നത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങളൊന്നും ഈ ജീവിതയുദ്ധത്തിൽ കേരളീയർക്ക് ശക്തി പകർന്നില്ല. എന്നിട്ടാണ് അദ്ദഹം ഇപ്പോൾ വിദുരരെ കൂട്ടുപിടിക്കുന്നത്. വിദുരവാക്യത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. എം. മാണി അവകാശപ്പെടുന്നത് യു.ഡി.എഫ്.-ന്റെ കണ്ണും മനസ്സും വാക്കും കർമ്മങ്ങളും എല്ലാം ജനങ്ങൾക്കൊപ്പമാണെന്നാണ്. ഇത് 2014-ന്റെ തുടക്കത്തിലെ ഏറ്റവും വലിയ തമാശയല്ലേ ശ്രീ. കെ. എം. മാണി പറഞ്ഞിരി

ക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ചെയ്യുന്നത് മുഴുവൻ ജനങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുകയല്ലേ; അഴിമതി, തട്ടിപ്പ്, വെട്ടിപ്പ് എന്നിവയെല്ലാം ഈ സർക്കാരിന്റെ മുഖമുദ്രയല്ലേ; പാമോലിൻ കേസ്സിൽ എന്താണുണ്ടായത്? കേസ്സിൽ മുഖ്യമന്ത്രി ഉൾപ്പെടുമെന്ന് വന്നപ്പോഴാണല്ലോ കേസ് അപ്പാടെ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചത്. തൃശ്ശൂർ വിജിലൻസ് കോടതി കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം തള്ളിക്കളയുകയല്ലേ ചെയ്തത്; എങ്ങനെയും ഈ കേസ്സിൽനിന്ന് ഊരിപ്പോകാൻ വേണ്ടി ഹൈക്കോടതിയിൽ സർക്കാർ നടത്തിയ നാടകം നാം കണ്ടതല്ലേ; ഈ കേസ്സിലെ കക്ഷിയായ എന്നെപ്പോലും ഉൾപ്പെടുത്താതെ ഒളിച്ചല്ലേ ഹൈക്കോടതിയിൽ സ്റ്റേ പെറ്റീഷൻ നൽകിയത്? അഴിമതി നിരോധനനിയമത്തിന്റെ 19(സി) വകുപ്പ് പ്രകാരം ഇത്തരം കേസുകൾക്ക് സ്റ്റേ കൊടുക്കാൻ പാടില്ല. 2001-ലെ സുപ്രീംകോടതി ഉത്തരവിൽ ഇത്തരം കേസ്സുകളിൽ സ്റ്റേ നൽകാൻ പാടില്ലെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. കോടതിയുടെ മുന്നിൽ ഇതൊക്കെ മറച്ചുവച്ചല്ലേ സ്റ്റേ വാങ്ങിയിരിക്കുന്നത്; ജനങ്ങളെ തട്ടിച്ച് പണം പിടുങ്ങാനും പാവപ്പെട്ട മനുഷ്യരുടെ ഭൂമി തട്ടിയെടുക്കാനും അരങ്ങേറിയ കേസ്സുകളിൽ മുഖ്യമന്ത്രി മാത്രമല്ല അദ്ദേഹത്തിന്റെ ഓഫീസും പ്രതിസ്ഥാനത്ത് നിൽക്കുകയല്ലേ; ഏതെങ്കിലും ഒരു മുഖ്യമന്ത്രിക്ക് ഇത്തരം നാണംകെട്ട കേസ്സുകളിൽ ആരോപണവിധേയനാകേണ്ടി വന്നിട്ടുണ്ടോ? എന്നിട്ട് എല്ലാതട്ടിപ്പുകളിൽനിന്നും രക്ഷപ്പെടാൻ പോലീസിനേയും മുഖ്യമന്ത്രി പദവിയേയും ദുർവിനിയോഗം ചെയ്യുകയല്ലേ; ഇത്രയേറെ കളങ്കിതമായ സർക്കാരല്ലേ ഇത്? ഇത്തരമൊരു സർക്കാരിന് യോജിച്ച തട്ടിപ്പ് ബഡ്ജറ്റ് തന്നെയാണ് ശ്രീ. കെ. എം. മാണി അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട്, ശ്രീ. കെ.എം. മാണി

ഉദ്ധരിച്ച വിരുദവാക്യത്തെ ഇങ്ങനെ ഭേദഗതി ചെയ്താൽ മതി – യു.ഡി. എഫ്.–ന്റെ കണ്ണും മനസ്സും വാക്കും കർമ്മങ്ങളും എന്നും അഴിമതിക്കും തട്ടിപ്പിനും ജനവഞ്ചനയ്ക്കുമൊപ്പമാണ്, ഒരിക്കലും അത് ജനങ്ങൾക്കൊപ്പമാകില്ല. എൽ.എൻ.ജി.–ക്ക് വാറ്റ് ഒഴിവാക്കുന്നത് സംബന്ധിച്ച ഒരഭ്യർത്ഥ കൂടി ഞാൻ മുഖ്യമന്ത്രിയുടെയും ധനകാര്യവകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ജനുവരി നാലിനാണ് എൽ.എൻ.ജി. ടെർമിനൽ കമ്മീഷൻ ചെയ്തത്. വൈദ്യുതി ഉൽപ്പാദനത്തിനും വ്യവസായങ്ങൾക്കുമുള്ള അസംസ്കൃത വസ്തുവാണ് എൽ.എൻ.ജി. ഗതാഗതത്തിനും പാചകത്തിനും എൽ.എൻ.ജി. ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ചെലവുകുറഞ്ഞ ഊർജ്ജസ്രോതസ്സ് എന്ന നിലയിൽ പ്രതീക്ഷിച്ചിരുന്ന എൽ.എൻ.ജി.–ക്ക് ഇപ്പോൾ അവിശ്വസനീയമായ നിലയിൽ ഉയർന്ന വിലയാണ് നിശ്ചയിച്ചിട്ടുള്ളത്. ഫാക്ട്–ന് ഇപ്പോൾ എൽ.എൻ.ജി. നൽകുന്നത് ഒരു യൂണിറ്റിന് 24.35 ഡോളർ വിലയ്ക്കാണ്. എന്നാൽ രാജ്യത്തെ മറ്റ് രാസവളശാലകൾക്ക് 4.2 ഡോളർ വിലയ്ക്കാണ് നൽകുന്നത്. എൽ.എൻ.ജി.–ക്ക് കേരള സർക്കാർ 14.5 ശതമാനം വാറ്റ് ഏർപ്പെടുത്തിയതുകൊണ്ടാണ് ഇത്രയധികം വില വർദ്ധിച്ചിരിക്കുന്നത്. കഴിഞ്ഞ നവംബർ 27–ന് ചേർന്ന മുഖ്യമന്ത്രി പങ്കെടുത്ത ഉന്നതതല യോഗം എൽ.എൻ.ജി.–ക്കുള്ള വാറ്റ് ഒഴിവാക്കണമെന്ന ആവശ്യം തത്വത്തിൽ അംഗീകരിച്ചതാണ്. കുറഞ്ഞ വിലയ്ക്ക് എൽ.എൻ.ജി. ലഭിക്കാൻ ഇപ്പോൾ ഫാക്ടിലെ തൊഴിലാളികൾ അനിശ്ചിതകാലത്തെ നിരാഹാര സമരത്തിലാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ എൽ.എൻ.ജി.–യുടെ 14.5 ശതമാനം വാറ്റ് എടുത്തുകളഞ്ഞുകൊണ്ടുള്ള പ്രഖ്യാ

പനമുണ്ടാകുമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങനെ ചെയ്യണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട്, അഴിമതിക്കും തട്ടിപ്പിനും ജനവഞ്ചനയ്ക്കുമൊപ്പം നിൽക്കുന്ന ഈ ഗവൺമെന്റിന്റെ ജനവിരുദ്ധ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. നിർത്തുന്നു, നന്ദി.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഡ്ജറ്റിന്റെ പൊതു ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ എ. പി. അബ്ദുള്ളക്കുട്ടി, കൂടുതൽ മെച്ചപ്പെട്ട സൗകര്യം ഉണ്ടാകുന്നതിനായി കണ്ണൂർ ഇ.എസ്.ഐ. ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന് വിട്ടുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. കണ്ണൂർ എം.പി. ശ്രീ. കെ. സുധാകരനും നിരന്തരമായി ഈ ആവശ്യമുന്നയിച്ചിരുന്നു. ഇതുസംബന്ധിച്ച് ഞാൻ അവിടത്തെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. കണ്ണൂരിലെ തൊഴിലാളികൾക്ക് പ്രയോജനകരമാണെന്ന് മനസ്സിലാക്കിയതിനാൽ ഈ ആശുപത്രി ഇ.എസ്.ഐ. കോർപ്പറേഷന് വിട്ടുകൊടുക്കാൻ തയ്യാറാണെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കഴിഞ്ഞ മൂന്ന് ദിവസമായി സഭയിൽ ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച നടക്കുകയായിരുന്നു. വളരെ സുദീർഘമായ ചർച്ചയാണ് നടന്നത്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും വളരെ ശ്രദ്ധേയമായ നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. ഞാൻ ആത്മാർത്ഥതയോടെ പറയട്ടെ, ഇവിടെ ഉയർന്നുവന്ന നല്ല നിർദ്ദേശങ്ങളെ ഈ ഗവൺമെന്റ് വളരെ താൽപ്പര്യത്തോടുകൂടി പരിഗണിക്കുകയും അതിന്മേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. ഇങ്ങനെയുള്ള ചർച്ചകൾ എപ്പോഴും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമാകും.

ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരും നൽകിയ മൂല്യവത്തായ സംഭാവനകൾക്ക് ഞാൻ നന്ദി പ്രകാശിപ്പിക്കുകയാണ്. നമ്മുടെ സാമ്പത്തിക വളർച്ചയെക്കുറിച്ച് പറയുമ്പോൾ, ഇന്ത്യൻ ഇക്കണോമിയിൽ വന്ന മാന്ദ്യം നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ആ മാന്ദ്യം കേരളത്തെയും ബാധിച്ചിട്ടുണ്ട്. ഇന്ത്യ വിഭാവന ചെയ്തത് 6.8 ശതമാനം വളർച്ചാനിരക്കായിരുന്നു. പക്ഷെ, ഇപ്പോൾ എത്തിനിൽക്കുന്നത് 4.8 ശതമാനം സാമ്പത്തിക വളർച്ചയിലാണ്. ഇക്കണോമിക് ആക്ടിവിറ്റിയിൽ വളരെയേറെ കുറവ് വന്നിട്ടുണ്ട്. ഇങ്ങനെയുള്ള ഒരു സാഹചര്യത്തിൽപ്പോലും കേരളത്തിൽ 17 ശതമാനം നികുതി വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചത് അഭിനന്ദനാർഹമായ ഒരു കാര്യമാണെന്ന് ഞാൻ ഓർക്കുകയാണ്. 2011-12-ൽ 18 ശതമാനമായിരുന്നു നമ്മുടെ നികുതി വരുമാനം. 2012-13-ൽ അത് 17 ശതമാനമായിരുന്നു. 2011-12-ൽ നികുതി യേതര വരുമാനം 34 ശതമാനമായിരുന്നു. 2012-13-ൽ അത് 62 ശതമാനമെന്ന നിലയിലേയ്ക്ക് വളർച്ചാനിരക്ക് കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ആ നിലയ്ക്ക് ആലോചിക്കുമ്പോൾ, ബിസിനസ് ആക്ടിവിറ്റി കുറഞ്ഞു പോയിട്ടുണ്ടെങ്കിലും അതിൽ ദു:ഖിക്കേണ്ട കാര്യമില്ല, പ്രതികൂലമായ സാഹ ചര്യത്തിനിടയിലും വരുമാനം പരിരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. എനിക്കതിൽ സന്തോഷവും സംതൃപ്തിയുമുണ്ട്. വരുമാനത്തിൽ മാർജിനലായിട്ടുള്ള ചില കുറവുകളുണ്ടെങ്കിലും ഡെവലപ്മെന്റിനെ ഒരിക്കലും അത് ബാധിച്ചിട്ടില്ല. ഡെവലപ്മെന്റൽ പദ്ധതികൾക്കെല്ലാം ആവശ്യമായ തുക അപ്പപ്പോൾ കൊടു

ത്തുകൊണ്ടിരിക്കുന്ന ഒരു ഫിസ്കൽ മാനേജ്മെന്റുണ്ട്. ഇടയ്ക്കിടക്ക് ഇന്റർവീൻ ചെയ്തുകൊണ്ട് ഞാനത് പറയുമ്പോൾ ഇത് ബഡായി അടിക്കുന്നതാണോയെന്ന് പ്രതിപക്ഷത്തിന് തോന്നിയേക്കാം. പക്ഷേ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ശ്രീ. കോടിയേരി ബാലകൃഷ്ണനോടും കണക്കുകൾ സഹിതം ഒരു കാര്യം പറയട്ടെ, എഡ്യൂക്കേഷന് 2012–13-ൽ 10532 കോടി രൂപയാണ് വകയിരുത്തിയിരുന്നതെങ്കിൽ ഈ വർഷം 11464 കോടി രൂപ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്മെന്റിന് 2012–13 ൽ 4679 കോടി രൂപ ആയിരുന്നത് ഈ വർഷം 5627 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഹെൽത്തിന് 3643 കോടി ആയിരുന്നത് ഈ വർഷം 4015 കോടി രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം ഹൗസിംഗിന് 417 കോടി രൂപയായിരുന്നത് ഈ വർഷം 1405 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം ഇൻഡസ്ട്രിക്ക് 1035 കോടി രൂപ ആയിരുന്നത് ഈ വർഷം 1069 കോടി രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ക്ക് 2013–14 -ൽ 184 കോടി രൂപ വകയിരുത്തിയതിനുപുറമെ 160 കോടി രൂപ കൂടി നൽകിയിട്ടുണ്ട്. ഇനിയും 40 കോടി രൂപകൂടി ഉടനെ കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷനായി 2013–14-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 60 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 116 കോടി രൂപ കൊടുത്തു.

കൺസ്യൂമർ ഫെഡിന് ബഡ്ജറ്റിൽ വകയിരുത്തിയത് 10 കോടി രൂപയായിരുന്നു. എന്നാൽ 80 കോടി രൂപ കൺസ്യൂമർ ഫെഡിന് കൊടുത്തു. അപ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുകയാണ് ഇങ്ങനെയുള്ള പ്രധാനപ്പെട്ട കോർ സെക്ടേഴ്സിന് കൊടുക്കുന്നതെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്. 2014–15–ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഒരിക്കലും വലിയ തുക വയ്ക്കാറില്ല, റിവൈസ്ഡ് എസ്റ്റിമേറ്റ് വരുമ്പോൾ കൂടുതൽ കൊടുക്കും. യഥാർത്ഥത്തിൽ വരുമ്പോൾ അതിനെക്കാൾ കൂടുതലായിരിക്കും. കഴിഞ്ഞ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റുമായി താരതമ്യം ചെയ്തുകൊണ്ട് ബഡ്ജറ്റ് എസ്റ്റിമേറ്റ് വയ്ക്കുന്നതിന് ചില നോംസുണ്ട്. അതുകൊണ്ട് ഈ ബഡ്ജറ്റിനെക്കുറിച്ച് ഒരു ആശങ്കയും വേണ്ട. അഗ്രിക്കൾച്ചറിനാവശ്യമായ തുക നൽകും. അക്കാര്യത്തിൽ ആശങ്കകളൊന്നും വേണ്ട. എപ്പോഴും ബഡ്ജറ്റിൽ തുക വകയിരുത്തിയതിനെക്കാൾ കൂടുതലാണ് ചെലവുകൾ വരുന്നത്. കർമ്മ പരിപാടികളൊന്നും നടത്തിയിട്ടില്ലെന്നാണ് പ്രതിപക്ഷത്തിന്റെ മറ്റൊരു വിമർശനം. മോഡൽ ഹൈടെക് ഫാം – 42 കോടി രൂപയുടെ ഒരു സ്കീം സാങ്ഷൻ ചെയ്തിട്ടുണ്ട്. ഗ്രീൻ ഹൗസ് – 45 കോടി രൂപയുടെ സ്കീം നടപ്പിലായി. ഓർഗനൈസ്ഡ് ഫാമിംഗിന് 10 കോടി രൂപയും പൈനാപ്പിൾ കൃഷിക്കായി 1 കോടി രൂപയും സാങ്ഷൻ ചെയ്തുകഴിഞ്ഞു. റൈസ് ഡെവലപ്മെന്റിനായും ഇക്കണോമിക് ഡെവലപ്മെന്റിനായും തുക സാങ്ഷൻ ചെയ്തുകഴിഞ്ഞു. തെങ്ങ്, കവുങ്ങ്, കുരുമുളക് കൃഷിക്കാരെ ടാക്സിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. കർഷകർക്ക് ഇൻകം ഗ്യാരന്റി കൊടുത്തിരിക്കുന്നു, ഇന്ത്യ

യിൽ മറ്റെവിടെയാണ് കർഷകർക്ക് ഇൻകം ഗ്യാരന്റി കൊടുക്കുന്നത്? കൃഷിക്കാരന്റെ ആത്മവിശ്വാസം ഇപ്പോൾ ആകാശത്തോളം ഉയർന്നു എന്നാണ് തോന്നുന്നത്. കൃഷി ചെയ്താൽ അവർക്ക് 20% വരെ ലാഭം ഉറപ്പായിരിക്കുന്നു. വെള്ളപ്പൊക്കമോ വരൾച്ചയോ വന്നാൽപ്പോലും വിത്തെറിഞ്ഞാൽ ഗവൺമെന്റ് സഹായിക്കുമെന്നൊരവസ്ഥ എൽ.ഡി.എഫ്-ന്റെ കാലഘട്ടത്തിലുണ്ടായിരുന്നോ? ഇല്ല. നമ്മുടെ കാലഘട്ടത്തിൽ മാത്രമേ ഇങ്ങനെ ഉണ്ടായിട്ടുള്ളൂ എന്നതിൽ അഭിമാനം കൊള്ളാം. ഇതൊക്കെ നമ്മുടെ നാട്ടിൽ വന്നിരിക്കുന്ന മാറ്റമാണ്. ഇപ്പോൾ കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിക്കുകയും 9 കോടി രൂപയുടെ സ്കീം സാങ്ഷൻ ചെയ്ത് കൊടുക്കുകയും ചെയ്തു. വെജിറ്റബിൾ കൃഷി പ്രൊമോട്ട് ചെയ്യാനായി 56 കോടി രൂപയുടെ സ്കീം സാങ്ഷൻ ചെയ്തുകഴിഞ്ഞു. ഇതെല്ലാം സാങ്ഷൻ ചെയ്തിട്ടാണ് ഞാനിവിടെ നിൽക്കുന്നത്, അല്ലാതെ വാചകമടി മാത്രമല്ല. നെല്ല് സംഭരണത്തിന് 2013–14-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 180 കോടി രൂപയാണ്. ആവശ്യത്തിനുള്ള തുക നെല്ല് സംഭരണത്തിന് കൊടുക്കുന്നുണ്ട്. റബ്ബർ, ഏലം, അടയ്ക്ക എന്നിവ സംഭരിക്കാൻ പ്രൈസ് സപ്പോർട്ട് സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്, അതിന് തുക കൊടുക്കും. കെ.എസ്.ആർ.ടി.സി.ക്ക്...........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട കെ. എം. മാണി കണക്കുകൾ പറഞ്ഞ കൂട്ടത്തിൽ ഇപ്പോൾ പറഞ്ഞതെല്ലാംകൂടി ചേർത്താൽ ഈ സാമ്പത്തിക വർഷം കെ. എസ്.ആർ.ടി.സി ക്ക് 400 കോടി രൂപയോളം കിട്ടുമെന്ന് പറയുന്നു. അടുത്ത വർഷത്തെയ്ക്ക് 150 കോടി രൂപ മാത്രമേ ഉള്ളൂവെന്ന് പറയുന്നു. കെ.എസ്.ആർ.ടി.സി യുടെ പെൻഷൻ തുക

അതാത് വർഷം ഈ ഗവൺമെന്റ് ഏറ്റെടുക്കണമെന്ന നിർദ്ദേശം വന്നിട്ടുണ്ട്. അതിന് തുക വകയിരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ.എം. മാണി: സർ, കെ.എസ്.ആർ.ടി.സി ക്ക് 2013–14 –ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 155 കോടി രൂപയായിരുന്നു. ആ സ്ഥാനത്ത് 315 കോടി രൂപയാണ് ഇപ്പോൾ കൊടുത്തിരിക്കുന്നത്. 160 കോടി രൂപ ബഡ്ജറ്റിനുപരിയായി കൊടുത്തു, ഇനിയും കൊടുക്കും. കിട്ടുമെന്ന കാര്യത്തിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് നല്ല ധൈര്യമുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുകയിൽ ഒരു റെക്ടിഫിക്കേഷൻ വരുത്തി പെൻഷൻ കൊടുക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഒരഭ്യർത്ഥനയുണ്ട്.

ശ്രീ. കെ.എം. മാണി: സർ, ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി ഈ കാര്യങ്ങളൊക്കെ നോക്കാം, ഇപ്പോൾ കൊടുക്കുമെന്നല്ല ഞാൻ പറയുന്നത്. ഈ കാര്യങ്ങളൊക്കെ ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി ചെയ്യാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി.എസ്. അച്ച്യുതാനന്ദൻ): സർ, നെല്ലിന്റെ വില കൂട്ടിയ കാര്യം പറഞ്ഞു. 1810 കോടി രൂപയുടെ കുട്ടനാട് പദ്ധതി നടപ്പിലാക്കാനുള്ള നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ? ഇടുക്കി പദ്ധതി, കുട്ടനാട് പദ്ധതി ഇവയെല്ലാം പദ്ധതികളായിത്തന്നെ തലയ്ക്കുമുകളിൽ നിൽക്കുകയല്ലേ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, കുട്ടനാട് പാക്കേജ് വളരെ നല്ല രീതിയിൽ നട

ന്നുവരുന്നുണ്ട്. അതിൽ കുറച്ച് അപാകതകളൊക്കെയുണ്ട്. കേന്ദ്രത്തിൽനിന്ന് കിട്ടേണ്ട ഫണ്ടും മറ്റു കാര്യങ്ങളുമൊക്കെയായി ബന്ധപ്പെട്ട ചില കാര്യങ്ങൾ മാത്രമേയുള്ളൂ. .......(ബഹളം) ......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങയുടെ മറുപടിയുടെ ഫ്ളോ നിന്നുപോയാൽ പിന്നെ ബുദ്ധിമുട്ടാകും.

ശ്രീ.കെ.എം. മാണി: സർ, അതുകൊണ്ട് ഞാൻ ഇനി വഴങ്ങുന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് 15 കോടി രൂപയാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 130 കോടി രൂപ ഇപ്പോൾ ചെലവഴിച്ചുകഴിഞ്ഞു. ലേറ്റസ്റ്റ് സർവേയനുസരിച്ച് ഏറ്റവും കൂടുതൽ അൺഎംപ്ലോയ്മെന്റ് (20%) കേരളത്തിലാണ്. അത് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. സാധാരണക്കാരെ സഹായിക്കുന്നതിനും ജോലി കൊടുക്കുന്നതിനും വരുമാനമുണ്ടാക്കുന്നതിനുമായി പല സ്കീമുകളും ബഡ്ജറ്റിലുണ്ട്. പ്രൈമറി സെക്ടറിന് 5 ശതമാനം പലിശ സബ്സിഡി കൊടുത്തത് വലിയ സഹായമാണ്. പ്രൈമറി സെക്ടറിന് പലിശ സബ്സിഡി കൊടുത്തതോടുകൂടി വലിയൊരു ബൂസ്റ്റ് ഇക്കോണമിയിൽ വന്നിട്ടുണ്ട്. അത് അടുത്ത വർഷം റിഫ്ളക്ട് ചെയ്യുമെന്ന കാര്യത്തിൽ സംശയമില്ല. അഗ്രിക്കൾച്ചർ, അനിമൽ ഹസ്ബന്ററി, ഫിഷറീസ് തുടങ്ങിയ മേഖലകൾക്കെല്ലാം ഉത്തേജനം ലഭിച്ചിട്ടുണ്ട്. ഫിഷറീസ് മേഖലയിൽ എംപ്ലോയ്മെന്റ് വർദ്ധിപ്പിക്കാൻ ഇപ്പോൾ നടപടികൾ സ്വീകരിക്കുന്നുണ്ട്. പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 100 ലിറ്റർ മണ്ണെണ്ണയ്ക്ക് പകരം 200 ലിറ്റർ മണ്ണെണ്ണയാണ് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതൊക്കെ വലിയ മാറ്റങ്ങ

ളാണ്. 100 കോടി രൂപ അതിനായി മാറ്റി വച്ചിട്ടുണ്ട്. ദുർബ്ബല ജനവിഭാഗങ്ങളെ സഹായിക്കാനായി ആ മേഖലകളിൽ കൂടുതൽ തുക നൽകുകയാണ്. വനിതാ സംരഭകർക്ക് 75 ശതമാനം പലിശ സബ്സിഡിയോടുകൂടിയുള്ള സ്കീം അനുവദിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടെയും ബഡ്ജറ്ററി അലോക്കഷന്റെ ഒരു ശതമാനം പുതിയ സംരംഭകർക്കുവേണ്ടി, സ്റ്റാർട്ട് അപ് കമ്പനികൾക്കുവേണ്ടി വകയിരുത്തിയിരിക്കുകയാണ്. പ്ലാൻ ഫണ്ട് 20000 കോടി രൂപയാണ്. അതിന്റെ ഒരു ശതമാനമെന്ന് പറയുമ്പോൾ 200 കോടി രൂപയാണ് ന്യൂ എന്റർപ്രണേഴ്സിനുവേണ്ടി വകയിരുത്തിയിരിക്കുന്നത്. എന്നുപറഞ്ഞാൽ, കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങൾക്ക് പലതും പഠിക്കാനുണ്ട്. ഇത് ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ്. ഏതെങ്കിലും കാലഘട്ടത്തിൽ ഇങ്ങനെയുണ്ടായിട്ടുണ്ടോ?

ഡോക്ടർ തോമസ് ഐസക് റവന്യൂ ഡെഫിസിറ്റിനെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. റവന്യു ഡെഫിസിറ്റ് ബി.ഇ 3463 ആയിരുന്നു. ആർ.ഇ 3406, ആക്ചൽ 9351. എസ്റ്റിമേറ്റൊക്കെ അയഥാർത്ഥമല്ലേ? ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ആളല്ലേ? എസ്റ്റിമേറ്റ് അങ്ങനെയാണല്ലോ. എസ്റ്റിമേറ്റ് ആദ്യത്തെ ബി.ഇ-യിൽ..... പിന്നെ ആർ.ഇ എന്തിനാണ്? ആർ.ഇ എന്നൊരു കോളം തന്നെ കൊടുത്തതിനർത്ഥം ആദ്യത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് മുഴുവൻ ശരിയല്ല, ഏതാണ്ടൊന്ന് എസ്റ്റിമേറ്റ് ചെയ്യുക. അതു കഴിഞ്ഞ് ആർ.ഇ യിലേക്കെത്തുമ്പോൾ റിയലായി. വർഷാവസാനം എത്തുമ്പോൾ ഏതാണ്ട് യാഥാർത്ഥ്യം വരുന്നത് ആർ.ഇ യിലാണ്.

പിന്നെ ആക്ചൽ വരുന്നത് അടുത്ത കൊല്ലമാണ്. ഈ നിലയിൽ വരുമ്പോൾ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ സംബന്ധിച്ച് അത്രയ്ക്ക് കടന്ന് ഒരു ക്രിട്ടിസിസം മുൻ ധനകാര്യ വകുപ്പുമന്ത്രി നടത്തിയതിൽ എനിക്ക് വലിയ വിഷമമുണ്ട്. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് അനുസരിച്ച് റവന്യൂ എക്സപെൻഡീച്ചർ ബഡ്ജറ്റ് ചെയ്തു. ഫിസ്ക്കൽ റെസ്പോൺസിബിലിറ്റി ആക്ട് വന്നപ്പോൾ അതനുസരിച്ച് എസ്റ്റിമേറ്റ് ചെയ്തു. പക്ഷേ അവിടെ കൊണ്ടെത്തിക്കാൻ പറ്റില്ല എന്ന് എല്ലാവർക്കുമറിയാം. അത് ജി.എസ്.ഡി.പി യുടെ 0.90 ശതമാനം ആക്കണമെന്നാണ് ധനകാര്യ കമ്മീഷൻ പറഞ്ഞിരിക്കു ന്നത്. കേരളത്തെ സംബന്ധിച്ച് റവന്യൂ ഡെഫിസിറ്റ് അത്രയുമാക്കി കുറ യ്ക്കാൻ കഴിയില്ലെന്ന് കേരള ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ റവന്യൂ ഡെഫിസിറ്റിനെ സംബന്ധിച്ച് ഒരാശ ങ്കയ്ക്കും വഴിയില്ലെന്നാണ് എനിക്ക് പറയുവാനുള്ളത്. കേന്ദ്ര ഗ്രാന്റിൽ കുറവു വന്നു. ഡെഫിസിറ്റ് കൂടുന്നതിനെ സംബന്ധിച്ച് വന്നിരിക്കുന്ന കാരണ ങ്ങളിലൊന്ന്, കേന്ദ്രത്തിൽ നിന്നും നമുക്ക് കിട്ടേണ്ട സംഖ്യയിൽ, വരുമാന ത്തിൽ 2245 കോടി രൂപയാണ് കുറവ് വന്നത്. അപ്പോൾ ഡെഫിസിറ്റ് കൂടും. അത് കൂടിയത് ഇവിടത്തെ മിസ്മാനേജ്മെന്റ് കൊണ്ടല്ല. കേന്ദ്രത്തിൽനിന്ന് പ്രതീക്ഷിച്ച വരുമാനം കുറഞ്ഞുപോയതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. പ്ലാൻ 25 ശതമാനം കട്ടുചെയ്യേണ്ടി വന്നു. കേന്ദ്ര ഗവൺമെന്റ് പ്ലാനിൽ കട്ട് ചെയ്തു. തൽഫലമായി കേരളത്തിന്റെ പ്ലാൻ കുറഞ്ഞു. പ്രതീക്ഷിച്ചതിനേ ക്കാൾ 2245 കോടി രൂപ കുറഞ്ഞു. ഇതൊക്കെയാണ് നമ്മുടെ കമ്മി കൂടുതൽ കുമിഞ്ഞുകൂടുവാനുണ്ടായ സാഹചര്യങ്ങൾ. 2012 നവംബർ അവസാനം വരെ റവന്യു ഡെഫിസിറ്റ് 3357 കോടി രൂപയായിരുന്നു. ആ ലെവലിലാണ്

റവന്യു കമ്മി എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. പക്ഷേ ആ എസ്റ്റിമേറ്റ് അനുസരിച്ച് നമുക്ക് അത്രയും കുറയ്ക്കാൻ കഴിയില്ലെന്ന് മാത്രമേയുള്ളു. പക്ഷേ ലാസ്റ്റ് ക്വാർട്ടറിൽ, റവന്യൂ വരുമാനത്തിൽ, ടോട്ടൽ സെൻട്രൽ കോൺട്രീബ്യൂഷൻ ആന്റ് സ്റ്റേറ്റ് റവന്യൂവിൽ 4132 കോടി രൂപ കുറഞ്ഞു. **കേന്ദ്രത്തിൽ** നിന്നും സംസ്ഥാനത്തിന് കിട്ടേണ്ട 4132 കോടി രൂപ നമുക്ക് വരുമാനത്തിൽ പല ഗഡുകളിൽ വരുമ്പോൾ കുറഞ്ഞിട്ടുണ്ട്. ഇത് എക്സ്പക്റ്റ് ചെയ്തതല്ല. ഇതുകൊണ്ടാണ് റവന്യൂ ഡെഫിസിറ്റ് കൂടാനിടവന്നത്. കേന്ദ്രത്തിൽനിന്നും 4132 കോടി രൂപയുടെ കുറവ് വരുമാനത്തിൽ വന്നു എന്ന കാര്യം ഈ സഭയെ അറിയിക്കട്ടെ. വരുമാനം കുറഞ്ഞപ്പോൾ ചെലവ് വെട്ടിക്കുറയ്ക്കേണ്ടതായിരുന്നു. ഇവിടെ വരുമാനം കുറഞ്ഞിട്ടും ചെലവ് വെട്ടിക്കുറച്ചില്ല എന്നുള്ളതാണ് പ്രധാനം. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഈ സിറ്റ്യുവേഷനെ ഫേസ് ചെയ്യാമെന്ന് കരുതി ഞാൻ ചെലവു വെട്ടിക്കുറച്ചില്ല. അത് ആ നിലയിൽ പോവുകയാണ്. ക്യാപിറ്റൽ എക്സ്പെന്റീച്ചർ കുറഞ്ഞു. ഡോക്ടർ തോമസ് ഐസക്ക് പറഞ്ഞു. 2013–14 ൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് 8635 കോടി രൂപ ആയിരുന്നു. അത് ആർ.ഇ ആയപ്പോൾ 5900 കോടി രൂപയായി. എസ്റ്റിമേറ്റിനേക്കാൾ കുറവുണ്ട്. ശരിയാണ്. പക്ഷേ കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലാണ്. 2012–13–ൽ ക്യാപിറ്റൽ എക്സ്പെന്റീച്ചർ 4603 കോടി രൂപയായിരുന്നു. 2013–14–ൽ 5900 കോടി രൂപയാണ്. 30 ശതമാനത്തിന്റെ വർദ്ധനവാണ്. ക്യാപിറ്റൽ എക്സ്പെന്റീച്ചറിലൊന്നും കേരളം പുറകിലേക്ക് പോയിട്ടില്ല. അഭിമാനത്തോടുകൂടി നോക്കി കാണാവുന്ന ഒരു കാര്യമാണ്. അതുകൂടി ഡോക്ടർ തോമസ് ഐസക് കാണേണ്ടതായിരുന്നു. അദ്ദേഹത്തിന് ഇതൊക്കെ അറിയാമെങ്കിലും അതിന്റെ മറ്റുവശം എടുത്തൂവെന്നു മാത്രം. നല്ല

വശം അദ്ദേഹം എടുത്തില്ല. പ്രതിപക്ഷത്തോട് അദ്ദേഹത്തിന് നീതി ചെയ്യേണ്ട തായിട്ടുണ്ട്. വരുമാന വളർച്ചയും ചെലവിന്റെ വളർച്ചയും ബഡ്ജറ്റ് സ്പീച്ച് ഫിഗേഴ്സ് ആർ.ഇ യും തമ്മിൽ യോജിക്കുന്നില്ല എന്ന് ഡോ. തോമസ് ഐസക് പറഞ്ഞിരിക്കുന്നു. നവംബർ മാസം വരെയുള്ള ട്രെൻഡാണ് ഞാൻ സ്പീച്ചിൽ  പറഞ്ഞത്. ഈ ട്രെൻഡ് മാറും. ടാക്സ് കളക്ഷൻ ഓഗ്മെന്റ് ചെയ്യാനുള്ള നടപടികളൊക്കെ എടുത്തിട്ടുണ്ട്. നവംബറിനെ ബെയ്സ് ചെയ്തുകൊണ്ടുള്ള ട്രെൻഡ് വച്ച് നേക്കണ്ട. ഡിസംബർ, ജനുവരി, ഫെബ്രു വരി മാസങ്ങൾ കിടക്കുകയാണ്. ഫിസ്ക്കൽ പോളിസിയിൽ പറഞ്ഞിട്ടുള്ള തത്വം 13–ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. അവരുടെ തത്വമനുസരിച്ച് പോളിസി ഫോർമുലേറ്റ് ചെയ്തു. 2014–15–ൽ റവന്യു ഡെഫിസിറ്റ് സീറോയാക്കണമെന്ന് ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച താണ്. സീറോ ആക്കാൻ ഒരിക്കലും സാധിക്കില്ല എന്ന് ഡോക്ടർ തോമസ് ഐസക്കിനും മറ്റെല്ലാവർക്കുമറിയാം.  പ്രത്യേക സാഹചര്യത്തിൽ കേരളത്തി ൽ അത് പറ്റുകയില്ലെന്ന് പതിനാലാം ധനകാര്യ കമ്മീഷൻ മുമ്പാകെ കേരള ഗവൺമെന്റ് മെമ്മോറാണ്ടത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ജി.എസ്.ഡി.പി–യുടെ ഒന്നര ശതമാനം ആക്കാമെന്നാണ് കേരളം പറഞ്ഞിരിക്കുന്നത്. റഡ്യൂസ് ചെയ്യാൻ പറ്റാത്തതിന്റെ കാരണം ചോദിച്ചാൽ എഡ്യൂക്കേഷന്റേയും ഹെൽത്തിന്റേയും കാര്യത്തിൽ  ചെലവ് ചുരുക്കാൻ സാധിക്കില്ല എന്നതാണ്. കേരളം വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യത്തിൽ Highest per capita expenditure ആണ്.  അത് നമുക്ക് കട്ട് ചെയ്യാൻ സാധി ക്കില്ല. അതുകൊണ്ട് പുതിയ ശമ്പള കമ്മീഷനെ നിയമിച്ചു. അടുത്ത രണ്ടു വർഷവും സാലറി പെൻഷൻ എക്സ്പെന്റീച്ചറിൽ വർദ്ധനവ് വരും. അതിന്

ഒരു സംശയവുമില്ല. അത് പിടിച്ചു നിർത്താനാവില്ല. ഇത് എല്ലാ ധനകാര്യ മന്ത്രിമാരും അഭിമുഖീകരിക്കാൻ പോകുന്ന ഒരു ഫിനോമിനയാണ്. വലി യൊരു പാരഡോക്സാണ്. അക്കാര്യത്തിൽ ഒരു രക്ഷയുമില്ല.

പേ കമ്മീഷൻ നിലവിൽ വന്നുകഴിഞ്ഞു, റിപ്പോർട്ട് വന്നാൽ ശമ്പളവും പെൻഷനും ഡി.എ.-യുമെല്ലാം വർദ്ധിക്കും. അങ്ങനെ വരുമ്പോൾ അരിയർ കൂടി കൊടുക്കേണ്ടതായിവരും. അതുസംബന്ധിച്ച് വലിയ പ്രവചനമൊന്നും നടത്തുന്നില്ല. ഈ ബുദ്ധിമുട്ടുകൾക്കിടയിലും എങ്ങനെ കാര്യങ്ങൾ നടത്തു ന്നുവെന്നുള്ളതാണ് പ്രധാനം. ഇതിനിടയിലും ഭംഗിയായി എല്ലാ വകുപ്പു കൾക്കും പണം കൊടുത്ത് ഒരു മുട്ടുമില്ലാതെ കേരളത്തിന്റെ ധനകാര്യ മാനേ ജ്മെന്റ് മുന്നോട്ട് നീക്കുന്നുവെന്നുള്ളതാണ് സവിശേഷത. എൽ.എസ്.ജി.ഡി. **ഡെവല്യൂഷൻ** കേരളത്തിൽ ഹയ്യസ്റ്റാണ്. അവർക്ക് കൊടുക്കുന്ന ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചർ റവന്യൂ എക്സ്പെൻഡീച്ചറായി കണക്കാക്കുന്നതുകൊ ണ്ടാണ് നമ്മുടെ റവന്യൂ ഡെഫിസിറ്റ് കൂടി നിൽക്കുന്നത്. അവർക്ക് കൊടു ക്കുന്ന റവന്യൂ ട്രാൻസ്ഫേഴ്സ് ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറായി കണക്കാ ക്കണമെന്ന് പറഞ്ഞെങ്കിലും ഇതുവരെ കേന്ദ്രഗവൺമെന്റ് സമ്മതിച്ചിട്ടില്ല. പക്ഷേ, ഇന്നല്ലെങ്കിൽ നാളെ സമ്മതിക്കേണ്ടതായി വരും. ഇഫക്റ്റീവ് റവന്യൂ ഡെഫിസിറ്റിനെ സംബന്ധിച്ചിടത്തോളം വളരെ ശോഭനവും അഭിനന്ദനാർഹ വുമായ നേട്ടമാണ്. ഇഫക്റ്റീവ് റവന്യൂ ഡെഫിസിറ്റ് ആ നിലയിൽ കണക്കാ ക്കുന്നുവെങ്കിൽ, കാരണം പഞ്ചായത്തുകൾക്ക് കൊടുക്കുന്ന ധനസഹായ മെല്ലാം ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറിൽ വരുത്തുകയാണെങ്കിൽ കുഴപ്പമില്ല. എന്നാൽ ക്യാപ്പിറ്റൽ എക്സ്പെൻഡീച്ചറിൽ വയ്ക്കാതെ നോക്കുകയാണെ ങ്കിൽ വിഷമത വരും. ഡോ. ടി.എം. തോമസ് ഐസക്, സ്കീമുകൾക്ക്

എസ്.ഡി.ജി.–യിൽ ടോക്കൺ വച്ചിട്ടുണ്ടോയെന്ന് ചോദിച്ചു. എസ്.ഡി.ജി.–യിൽ വച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം പറയുന്നത്? ഡോ. തോമസ് ഐസക് എനിക്ക് വലിയ സ്നേഹമുള്ള ആളാണെങ്കിലും പത്രക്കാരെയും പ്രസ്സുകാരേയുമൊക്കെ കാണുമ്പോൾ മറ്റെല്ലാം മറന്ന് എസ്.ഡി.ജി.–യിൽ ടോക്കൺ വച്ചിട്ടുണ്ടോയെന്ന് ചോദിക്കും. എസ്.ഡി.ജി.–യിൽ വച്ചിട്ടുണ്ട്, കഴിഞ്ഞ ജൂലൈ മാസത്തിലാണ് ആദ്യത്തെ എസ്.ഡി.ജി. ജൂലൈയിലെ എസ്.ഡി.ജി. നോക്കിയോ, അത് മുഴുവൻ വച്ചിട്ടുണ്ട്. ഇപ്പോഴത്തേത് രണ്ടാമത്തെ എസ്.ഡി.ജി. അതിൽ വയ്ക്കേണ്ട കാര്യമില്ല. ആദ്യത്തേതിൽ വച്ചിട്ടുള്ളതുകൊണ്ട് രണ്ടാമത്തേതിൽ വയ്ക്കേണ്ട കാര്യമില്ല. അദ്ദേഹം ആദ്യത്തെ എസ്.ഡി.ജി. നോക്കാതെ രണ്ടാമത്തേത് മാത്രം നോക്കി. ഇങ്ങനെ പോയാൽ എങ്ങനെ രക്ഷപ്പെടുമെന്നാണ് ഞാൻ ആലോചിക്കുന്നത്. പ്രസംഗം പാര 29–ൽ, റബ്ബറിന്റെ വില കുറഞ്ഞാൽ ഇന്റർവീൻ ചെയ്യുമെന്നും മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെ കാര്യത്തിലും സമാന നടപടി സ്വീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. കേരളത്തിലെ റബ്ബർ കൃഷിക്കാർക്ക് ആശങ്ക വേണ്ട. റബ്ബറിന്റെ വില ഇന്ന് കുറഞ്ഞിരിക്കുന്നതിനുകാരണം ആവശ്യമില്ലാതെ വമ്പിച്ച തോതിൽ റബ്ബർ ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണ്. റബ്ബറിന്റെ ഇറക്കുമതി ആവശ്യമില്ലാത്തതാണെന്നാണ് കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് പറഞ്ഞിരിക്കുന്നത്. ഇറക്കുമതി ഉണ്ടാകാൻ പാടില്ലെന്നും ഇറക്കുമതി വെട്ടിക്കുറയ്ക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കേരള ഗവൺമെന്റ് റബ്ബർ കർഷകരുടെ സഹായത്തിനായി മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ പോകുകയാണ്. ന്യായവില നിശ്ചയിച്ചുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി റബ്ബർ സംഭരണം നടത്തും. വില കുറ

യുന്ന വിഭവങ്ങൾ ഏതായാലും മാർക്കറ്റ് ഇന്റർവെൻഷൻ എന്ന വളരെ ഇഫ ക്ടീവായ പരിപാടി നടത്തുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. പണം കൊടുക്കുമെന്ന് വെറുതെ പുസ്തകത്തിൽ അച്ചടിച്ചതുകൊണ്ട് കാര്യമുണ്ടോ? കൊടുക്കുകയെന്നുള്ളതല്ലേ കാര്യം. അച്ചടിച്ചിട്ട് കൊടുക്കാതിരുന്നിട്ട് വല്ല കാര്യവുമുണ്ടോ? ഇവിടെ ഒരു കാര്യത്തിനും യാതൊരു തടസ്സവുമില്ല. എനിക്ക് സമാധാനമായി കിടന്നുറങ്ങാം, ഞാൻ ധനകാര്യവകുപ്പുമന്ത്രിയായി രുന്ന കാലഘട്ടത്തിൽ കാര്യമായ ഒരു ഫയലിലും 'No' എന്നുപറഞ്ഞിട്ടില്ല. 'Yes' എന്നുള്ളതാണ് എന്റെ ആറ്റിറ്റ്യൂഡ്. അതുകൊണ്ട് ഇവിടെ ഒരു തടസ്സ വുമില്ല, നിങ്ങൾ മറ്റൊന്നും വിചാരിക്കേണ്ട. ഇവിടെ കാര്യങ്ങളെല്ലാം സുഗമ മായി നടക്കുകയാണ്. ഒരു കാര്യത്തിലും ഒരു തടസ്സവുമില്ല. ടാക്സേഷൻ രംഗത്തേയ്ക്ക് വരുമ്പോൾ, സി.എസ്.ടി. രജിസ്ട്രേഷൻ ഉള്ളവരുടെ എല്ലാ വാങ്ങലുകളും സ്റ്റേറ്റിന് പുറത്തുനിന്നാകാൻ സാധ്യതയുണ്ട്. അങ്ങനെ വന്നാൽ കേരളത്തിൽ ബിസിനസ് കുറയും. സി.എസ്.ടി. രജിസ്ട്രേഷനുള്ള കോൺട്രാക്ടേഴ്സിന്റെ കോമ്പൗണ്ടിംഗ് നികുതി 3-ൽ നിന്നും 6 ശതമാന മായി വർദ്ധിപ്പിച്ചതുകൊണ്ട് ഇങ്ങനെ വരുമെന്നാണ് പറയുന്നത്. ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞതിൽ കാര്യമുണ്ട്, ഞാൻ അത് നിഷേധിക്കുന്നില്ല. നമുക്ക് ഇതൊരു പരീക്ഷണമായി കുറച്ച് നാളത്തേയ്ക്ക് നോക്കാം. താങ്കൾ പറഞ്ഞതു പോലെ വരികയാണെങ്കിൽ തിരുത്താമെന്ന് പ്രതിപക്ഷ ബഹുമാനത്തോടെ പറയുകയാണ്. ചിലപ്പോൾ കണ്ടിജൻസി ഉണ്ടാകാം. അങ്ങനെയുണ്ടാകുമെ ങ്കിൽ അപ്പോൾ തിരുത്താം. ഈ വിഷയം സബ്ജക്ട് കമ്മിറ്റിയിൽ വരു മ്പോൾ വിശദമായി പരിശോധിക്കാം. റീ-എക്സാമിൻ ചെയ്യണമെങ്കിൽ ചെയ്യാം. കുറയുന്നുവെങ്കിൽ കറക്ട് ചെയ്യാം. കുറയുമെന്ന് ഇപ്പോഴേ ഭയപ്പെ

ട്ടിട്ട് കാര്യമുണ്ടോ? കോക്കനട്ട് ഓയിലിനെ നികുതി വിമുക്തമാക്കിയിരുന്നു. മറ്റ് ഭക്ഷ്യ എണ്ണകളുടെ നികുതി 5 ശതമാനത്തിൽ നിന്നും ഒരു ശതമാനമായി മുമ്പ് കുറച്ചിരുന്നു. ഇപ്പോൾ കോക്കനട്ട് ഓയിൽ ഒഴിച്ച് മറ്റ് ഭക്ഷ്യ എണ്ണകളുടെ നികുതി 5 ശതമാനമായി ഉയർത്തിയത് കോക്കനട്ട് ഓയിലിനെ രക്ഷിക്കാൻ വേണ്ടിയാണ്. വെജിറ്റബിൾ ഓയിലിന്റെ നികുതി ഉയർത്തിയപ്പോൾ കോക്കനട്ട് ഓയിലിന് പ്രചാരം കിട്ടണമെന്ന നല്ല ഉദ്ദേശത്തോടുകൂടിയാണ് അത് ചെയ്തത്. അടുത്ത ദിവസങ്ങളിൽ പത്രങ്ങളിലൊക്കെ ചർച്ചയായയതാണ്...., എം.സാന്റിന്റെ കോമ്പൗണ്ടിംഗ് നികുതി കൂടുതലാണെന്നാണ് ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞത്. എം.സാന്റിന് കോമ്പൗണ്ടിംഗ് നികുതി കൊണ്ടുവന്നത് കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ച ജോയിന്റ് കമ്മീഷണർമാരുടെ കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. അത് ഇപ്പോൾ വന്നിരിക്കുന്ന മെഷീന്റെ പ്രൊഡക്ഷൻ കപ്പാസിറ്റി അനുസരിച്ച് ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്താവുന്ന ക്വാണ്ടിറ്റിയുടെ അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഈ കോമ്പൗണ്ടിംഗ് നികുതി കസ്റ്റമേഴ്സിനെ ബാധിക്കുന്നതല്ല. ഇത് ഉപഭോക്താക്കളെ ബാധിക്കുന്നതല്ല. അക്കാര്യത്തിൽ ആശങ്കയുടെ ആവശ്യമില്ല. മെറ്റൽ കർഷകന്റെ കോമ്പൗണ്ടിംഗ് നിരക്ക് മൂന്നിരട്ടിയാക്കി. ഇതുകൊണ്ട് മണൽ വില കൂടുകയില്ല. കോമ്പൗണ്ടിംഗ് നികുതിയാണ് വർദ്ധിപ്പിച്ചത്. കോമ്പൗണ്ടിംഗ് നികുതി വർദ്ധിപ്പിച്ചാൽ മണലിന്റെ വില കൂടില്ല. അത് കൺസ്യൂമറിലേയ്ക്ക് പാസ് ചെയ്യാൻ പാടില്ലെന്നുള്ളതാണ് സാധാരണ തത്വം.

ഡോ. ടി.എം. തോമസ് ഐസക് : സർ, തത്വത്തിൽ അങ്ങനെയാണ്. പക്ഷെ തുണിയുടെയായാലും എം.സാന്റിന്റെയായാലും വില നിങ്ങളുടെ

നിയന്ത്രണത്തിലല്ല. വിൽക്കുന്നവരാണ് വില തീരുമാനിക്കുന്നത്. ആകെ ഇൻസിസ്റ്റ് ചെയ്യാൻ പറ്റുന്നത്, ബില്ലിൽ ടേൺ ഓവർ ടാക്സ് എന്നോ കോമ്പൗണ്ടിംഗ് നികുതിയെന്നോ എഴുതാൻ പറ്റില്ല എന്നുള്ളതാണ്. അത് എഴുതണമെന്നില്ല, അതെഴുതാതെ തന്നെ വില കൂട്ടിയാൽ പോരെ.

ശ്രീ. കെ. എം. മാണി: സർ, നമ്മൾ എപ്പോഴും പെസിമിസ്റ്റാകാൻ പാടില്ല, ഓപ്റ്റിമിസ്റ്റായിരിക്കണം. എനിക്ക് തോന്നുന്നത് ഡോ. ടി. എം. തോമസ് ഐസക് പെസിമിസ്റ്റാണെന്നാണ്. താങ്കൾ എന്നെപ്പോലെ ഓപ്റ്റിമിസ്റ്റാകണം. അങ്ങനെയുണ്ടായേക്കാം, അങ്ങനെയുണ്ടാകുന്നുവെങ്കിൽ തീർച്ചയായും ഗവൺമെന്റ് അത് കറക്ട് ചെയ്യും. ഒരു വിഷമവുമില്ല, ചൂണ്ടിക്കാണിച്ചാൽ മതി. ഇപ്പോൾ ഉണ്ടാകാനിടയില്ല, ഉണ്ടാകുകയാണെങ്കിൽ അന്നത് കറക്ട് ചെയ്യും. ടെക്സ്റ്റൈലിന്റെ കാര്യമെടുക്കാം, തുണിക്ക് ഇപ്പോൾ VAT ഇല്ല. റെഡിമെയ്ഡ് വസ്ത്രങ്ങൾക്കുമാത്രമാണ് 5% VAT ഉള്ളത്, അത് മുമ്പേയുണ്ടായിരുന്നു. ഇപ്പോൾ കൊണ്ടുവന്നത് ടേൺ ഓവർ ടാക്സ് (TOT) ആണ്. ഒരു കോടി രൂപയ്ക്കുമേൽ ടേണോവറുള്ള സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള വസ്ത്രങ്ങളുടെ വിറ്റുവരവിന്മേലാണ് നികുതി കൊണ്ടുവന്നിരിക്കുന്നത്. ഈ നികുതി ഉപഭോക്താവിൽനിന്ന് പിരിക്കുവാൻ പാടില്ലെന്ന് ബഡ്ജറ്റ് പാരഗ്രാഫ് 343-ൽ പ്രത്യേകം പറയുന്നുണ്ട്. ഞാനെടുത്ത് വായിക്കേണ്ട കാര്യമില്ലല്ലോ. ഇതൊക്കെ മനസ്സിലാക്കിയ ഡോ. ടി. എം. തോമസ് ഐസക് പുറത്തുചെന്ന് ഇതൊന്നും കണ്ടില്ലെന്ന് പറയുകയാണ്. അത് മോശമാണ്. ഞാൻ നിങ്ങളെയെല്ലാം ബഹുമാനിക്കുന്നുണ്ട്. നമുക്ക് തമ്മിലൊരു ധാരണ വേണം. ആവശ്യമില്ലാത്തത് വെറുതെ പറയരുത്. ഇത് ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. പിരിച്ചെടുത്ത നികുതി അടയ്ക്കുവാൻ വീഴ്ച

വരുത്തിയാൽ 36% പലിശ ഈടാക്കും (പാരഗ്രാഫ് 379). ജനങ്ങളിൽ നിന്നും പിരിച്ചെടുത്ത നികുതി അടയ്ക്കാതെ കുടിശ്ശിക വരുത്തുന്നത് തെറ്റാണ്, അത് ദ്രോഹമാണ്. പിരിച്ചെടുത്ത നികുതി അടയ്ക്കുന്നില്ലെങ്കിൽ 36% പലിശ ഈടാക്കുന്നതിനെ എതിർക്കുന്ന ഡോ. ടി. എം. തോമസ് ഐസക് ആരുടെ കൂടെയാണ്; നികുതി വെട്ടിപ്പുകാരുടെ കൂടെയാണോ? അങ്ങനെ നിൽക്കാൻ പാടില്ല. വാസ്തവത്തിൽ എന്നെ അഭിനന്ദിക്കേണ്ടതല്ലേ? ഡോ. ടി. എം. തോമസ് ഐസകിന്റെ മനസ്സിൽ അദ്ദേഹം ചെയ്തത് തെറ്റായിപ്പോയി എന്നു തോന്നുന്നുണ്ട്. അദ്ദേഹത്തിന് അതിൽ ഖേദമുണ്ടെന്ന് എനിക്കറിയാം. പിരിച്ചെടുത്ത നികുതി അടയ്ക്കുന്നില്ലെങ്കിൽ 36% പലിശ നൽകണം. പാരഗ്രാഫ് 381–ൽ, 5000 രൂപയ്ക്കു മുകളിൽ ബിൽ കൊടുക്കാത്ത കേസ് ക്രിമിനൽ കുറ്റമാക്കി ഡെപ്യൂട്ടി കമ്മീഷണറുടെ മുൻകൂർ അനുമതി നേടിയതിന് ശേഷമേ പ്രോസിക്യൂഷൻ നടപടികൾ ആരംഭിക്കാൻ പാടുള്ളൂവെന്ന് പറഞ്ഞിരുന്നു. പ്രോസിക്യൂഷൻ നടപടികൾ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് വ്യാപാരി വ്യവസായികൾ പ്രതിഷേധം പ്രകടിപ്പിച്ചിട്ടുണ്ട്. ഞാൻ എന്റെ ശുദ്ധ മനഃസ്ഥിതികൊണ്ട് ബഡ്ജറ്റിൽ ചേർത്തതാണ്. പ്രോസിക്യൂഷൻ വേണ്ടെങ്കിൽ വേണ്ട. ഡോ. ടി. എം. തോമസ് ഐസകിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് എന്ത് നീക്കുപോക്ക് വേണമെങ്കിലും ഞാൻ അതിൽ കൊണ്ടുവരാം. പേടിക്കാനൊന്നുമില്ല, പ്രോസിക്യൂഷനെന്നു കേട്ടാൽ അറസ്റ്റ്, ജയിൽ അങ്ങനെയൊന്നുമില്ല. നമുക്ക് ഓപ്പൺ മൈൻഡോടുകൂടി അതിൽ എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. വ്യാപാരി വ്യവസായി സമൂഹത്തിന് അക്കാര്യത്തിൽ ആശങ്ക വേണ്ട, തുറന്ന മനസ്സോടുകൂടി അക്കാര്യം പരിശോധിക്കുന്നതാണ്. ആവശ്യമായ നീക്കുപോക്കുകൾ അക്കാര്യത്തിൽ

വരുത്താമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പുനൽകുകയാണ്. ഞാൻ സ്വർണ്ണക്കച്ചവടക്കാരെ തലോടി, സുഖിപ്പിച്ചു, സഹായിച്ചു എന്നൊക്കെ ശ്രീ. കോവൂർ കുഞ്ഞുമോൻ പറഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ നമ്മൾ ചർച്ച ചെയ്തു, സബ്ജക്ട് കമ്മിറ്റിയിൽ ഇതിനെക്കുറിച്ച് സ്റ്റഡി ചെയ്ത് ഗുലാത്തി കമ്മിറ്റിയെ നിയോഗിച്ചു. ഗുലാത്തി കമ്മിറ്റി ഇത് സ്റ്റഡി ചെയ്ത് സമർപ്പിച്ച റിപ്പോർട്ട് ഭേദഗതികളോടുകൂടി സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചു. കോമ്പൗണ്ടിംഗ് നികുതി നിരക്ക് കുറച്ചുകൂടി ഉദാരമാക്കണമെന്നാണ് സബ്ജക്ട് കമ്മിറ്റിയും ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടും നടത്തിയ പഠന റിപ്പോർട്ടിൽ പറഞ്ഞത്. നിങ്ങൾ വേണമെങ്കിൽ വായിച്ചു നോക്കിക്കൊള്ളൂ. കോമ്പൗണ്ടിംഗ് നികുതി നിരക്ക് കുറച്ച് ഹാർഡാണ്, അത് കുറച്ചുകൂടി ഉദാരമാക്കണമെന്ന് അവർ പറഞ്ഞു. കൂടുതൽ വ്യാപാരികളെ കോമ്പൗണ്ടിംഗ് സിസ്റ്റത്തിലേയ്ക്ക് കൊണ്ടുവരണം, അവരെ അതിൽനിന്ന് വിരട്ടി ഓടിക്കുകയല്ല വേണ്ടത്. അതിന് നികുതി നിരക്ക് കുറയ്ക്കണം. അതുകൊണ്ടാണ് അഞ്ച് വർഷം തുടർച്ചയായി കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിൽക്കുന്നവർക്ക് 10 ശതമാനവും മൂന്ന് വർഷം തുടർച്ചയായി കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിൽക്കുന്നവർക്ക് 5 ശതമാനവും നികുതി കുറച്ചു നൽകാനിടയായ സാഹചര്യം ഉണ്ടായത്. ശ്രീ. കോവൂർ കുഞ്ഞുമോനും ഡോ. ടി. എം. തോമസ് ഐസക്കുമെല്ലാം ആ കമ്മിറ്റിയിലെ മെമ്പർമാരായിരുന്നു. ഇതൊക്കെ അവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഓട്ടോറിക്ഷ – ലംപ്സം ടാക്സ് വർദ്ധിപ്പിച്ചു. എല്ലാവർക്കും അത് ബാധകമാക്കി. 2000 രൂപയായിരുന്നത് 2500 രൂപയാക്കി ഉയർത്തി. പുതിയതിനും പഴയതിനും ബാധകമാക്കി. 25 കോടി രൂപയുടെ വരുമാനം മാത്രമേ ഇതിൽ നിന്നും ലഭിക്കുന്നുള്ളൂ. ഈ രാജ്യത്തുള്ള മുഴുവൻ ഓട്ടോറിക്ഷക്കാരും മാന

സികമായി വിഷമിക്കുകയാണ്. നമുക്ക് അവരുടെ കരച്ചിൽ കാണേണ്ട, സർക്കാർ അത് പിൻവലിക്കുകയാണ്. ഇങ്ങനെയൊരു ഗവൺമെന്റിനെ കണ്ടിട്ടുണ്ടോ? ജനങ്ങളുടെ വികാരം ഒപ്പിയെടുത്തുകൊണ്ട്, എവിടെ വിഷമ തയുണ്ടോ അവിടെ നമ്മൾ സഹായിക്കാൻ തയ്യാറാണ്. അതുകൊണ്ട് ഗവൺമെന്റ് അത് പിൻവലിക്കുന്നു. സിഗാർ മൾട്ടിപോയിന്റിന് കേരളത്തിൽ ഇപ്പോൾ 20 ശതമാനമാണ് നികുതി. കർണ്ണാടകയിൽ സിംഗിൾ പോയിന്റിന് 17% വാറ്റും 5% എൻട്രി ഫീയുമുൾപ്പെടെ 22% ആണ് നികുതി. ഞാൻ ഒരു കാര്യം പറയാം, സിഗററ്റിന്റെ നികുതി 20%-ൽനിന്നും വർദ്ധിപ്പിക്കണം. അത് വർദ്ധിപ്പിക്കാം. അത് എത്രയാണെന്ന് പറയുന്നില്ല. ശാസ്ത്രീയമായി ഒന്നു കൂടി പഠിച്ചശേഷം ഇപ്പോഴത്തെ റേറ്റിൽ നിന്നും സിഗററ്റിന്റെ നികുതി വർദ്ധി പ്പിക്കുന്നതാണ്. കർണ്ണാടകയുടെ ഒപ്പമെത്തണമെങ്കിൽ 22% ആക്കണം. 22%-ആയാണ് വർദ്ധിപ്പിക്കുന്നതെങ്കിൽ നമുക്ക് 25 കോടി രൂപ കൂടി ലഭി ക്കും. രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കി. രജിസ്ട്രേഷൻ ഓഫീസുകൾവഴി നടത്തുന്ന രജിസ്ട്രേഷനെയാണ് ഗഹാൻ എന്നുപറയുന്ന ത്. സഹകരണ ബാങ്കിൽനിന്ന് ലോൺ എടുക്കുമ്പോൾ രണ്ട് ലക്ഷം രൂപവരെ യുള്ള കാർഷിക വായ്പയുടെ ഗഹാന് ഞാൻ 0.25 ശതമാനവും മറ്റു വായ്പ കൾക്ക് ഒരു ശതമാനവും നികുതി വച്ചിരുന്നു. ആളുകൾക്ക് ഇതു വിഷമം ഉണ്ടാക്കുന്നുണ്ടെന്നു തോന്നുന്നു, ഇത് വേണ്ടെന്നതാണ് സഭയുടെയും അഭി പ്രായം. വേണ്ട, ഇത് പിൻവലിക്കുന്നു. ജനങ്ങൾക്ക് ബുദ്ധിമുട്ടുള്ള ഒരു കാര ്യവും ഈ ഗവൺമെന്റ് ചെയ്യുകയില്ല. മത്സ്യത്തൊഴിലാളികളുടെ കടങ്ങളെ സംബന്ധിച്ച കമ്മീഷന്റെ അവാർഡ് നടപ്പിലാക്കാൻ ബഡ്ജറ്റിൽ ഒരു കോടി രൂപയാണ് വച്ചിട്ടുള്ളത്. ബഡ്ജറ്റിൽ ഒരു കോടി വച്ചാലും അതുപിന്നീട് നൂറ്

കോടിയാക്കാം. നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ ഒരു കോടി എന്നത് പത്ത് കോടി രൂപയായി വർദ്ധിപ്പിക്കുന്നു. റബ്ബർ സംഭരണത്തിന് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി പത്ത് കോടി രൂപ നീക്കിവയ്ക്കുന്നു. മാനസികവൈകല്യമുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് പ്രത്യേകസഹായം പ്രഖ്യാപിക്കുകയാണ്. ഇത്തരം സ്കൂളുകളിൽ നൂറ് വിദ്യാർത്ഥികളിൽ കൂടുതലുണ്ടെങ്കിൽ അവയെ എയിഡഡ് സ്കൂളായി പരിഗണിക്കുന്നതാണ്. അൺ-എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്ക് 1600/- രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതാണ്. അനാഥ-അഗതി മന്ദിരങ്ങളിലെ കുട്ടികളുടെ ഭക്ഷണ ഗ്രാന്റ് 800 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കുന്നു. 100 സ്ക്വയർ മീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള ഓഫീസുകളിലെ കാഷ്വൽ സ്വീപ്പേഴ്സിന്റെ വേതനം 3500 രൂപയിൽ നിന്നും 4000 രൂപയാക്കി വർദ്ധിപ്പിക്കുന്നതാണ്. കൊച്ചിയിലെ കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്ററിനുവേണ്ടി അഞ്ച് കോടി രൂപ വകയിരുത്തുന്നു. കേന്ദ്ര അംഗീകാരം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ അധികതുക വീണ്ടും നൽകുന്നതാണ്. വയനാട് ബദൽ റോഡ്, താമരശ്ശേരി ചുരം, 29-ാം മൈൽ, ചിപ്പിലിത്തോട്, മരുതിലാവ്, തളിപ്പുഴ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിക്കും. എറണാകുളത്തിന് 'ആനമുട്ട' എന്ന ഒരു വിമർശനം എങ്ങനെയോ ഒരു പത്രത്തിൽ കണ്ടു, പടമെല്ലാം വരച്ചുവച്ചിരിക്കുകയാണ്. അതുകണ്ടപ്പോൾ എനിക്ക് വലിയ ദുഃഖം തോന്നി. ഇത്രമാത്രം നമ്മൾ എറണാകുളത്തിനുവേണ്ടി ചെയ്തിട്ട്........, എറണാകുളത്തെ സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. ഇടപ്പള്ളി ഫ്ളൈ ഓവർ പണി ആരംഭിച്ചു. കൊച്ചി

ബൈപ്പാസിലെ മൂന്ന് ഫ്ളൈ ഓവറുകൾക്ക് ഭരണാനുമതി നൽകും. വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ ഒന്നാം ഘട്ടം കഴിഞ്ഞു. അത് കൂടുതൽ വികസിപ്പിക്കും. എറണാകുളം മെട്രോ റെയിൽ തൃപ്പൂണിത്തുറ വരെ നീട്ടും. നെടുമ്പാശ്ശേരി–കാക്കനാട്–വെസ്റ്റ് കൊച്ചി മെട്രോ സ്റ്റഡി ആരംഭിച്ചു. ഇതിൽ കൂടുതൽ എന്താണ് ചെയ്യുന്നത്? പാലയ്ക്ക് വല്ലതുമുണ്ടോ, ഒന്നുമില്ലല്ലോ. ഞാൻ പറഞ്ഞത് കൊച്ചി നമ്മുടെ വാണിജ്യ തലസ്ഥാനമാണ്. പ്രവാസികളുടെ പുനരധിവാസത്തിനുവേണ്ടി പ്രഖ്യാപിച്ച 10 കോടി രൂപ കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്ന ആവശ്യം വന്നിരുന്നു. അത് 50 കോടി രൂപയായി വർദ്ധിപ്പിക്കും. ഖാദി–ഗ്രാമ വ്യവസായങ്ങൾക്ക് ഇപ്പോൾ അനുവദിച്ചതിനെക്കാൾ 15 കോടി രൂപ അധികമായി അനുവദിക്കുന്നു. ഖാദി മേഖലയിലെ നൂൽനൂൽപ്പ് തൊഴിലാളികളുടെ ഇൻസെന്റീവ് ഒരു കഴി നൂലിന് 30 പൈസയിൽ നിന്നും 60 പൈസയായി ഉയർത്തുന്നു. നെയ്ത്ത് തൊഴിലാളികളുടെ ഇൻസന്റീവ് 90 പൈസയിൽ നിന്ന് 150 പൈസയായി ഉയർത്തുന്നു.

13, 000 ഖാദി തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുന്ന ഈ വർദ്ധനവ് രണ്ടരക്കോടി രൂപ വകയിരുത്തുന്നു. ആറ്റുകാൽ ടൗൺഷിപ്പിന് 10 കോടി രൂപ വകയിരുത്തിയിരുന്നു. അത് 15 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. (Man animal conflicts) വന്യമൃഗ ശല്യ ദൂരീകരണത്തിന് 10 കോടി രൂപ വകയിരുത്തിയിരുന്നത് 50 കോടി രൂപയായി വർദ്ധിപ്പിക്കുന്നു. ഗവൺമെന്റ് കോളേജില്ലാത്ത ഏക ജില്ലയായ പത്തനംതിട്ട ജില്ലയിൽ ഒരു ഗവൺമെന്റ് കോളേജ് അനുവദിക്കുന്നതാണ്. മാളയിലെ കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മിൽ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക നൽകും.

മീനടം പ്രിയദർശിനി സഹകരണ മില്ലിനും കെ. കരുണാകരൻ സ്മാരക സ്പിന്നിംഗ് മില്ലിനും കോട്ടയം ഇന്റഗ്രേറ്റഡ് പവർ ലൂം സഹകരണ സംഘത്തിനും കൂടുതൽ രൂപ നൽകും. ഓരോന്നിനും 5 കോടി രൂപ വീതം നൽകും. ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സേവനം നടത്തുന്ന പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ശമ്പളം 6,000 രൂപയിൽനിന്നും 8,000 രൂപയായി വർദ്ധിപ്പിക്കും. ശാന്തിഗിരിയിൽ കൺവെൻഷൻ സെന്ററിന് 3 കോടി രൂപ നൽകുന്നു. നിറവ് പദ്ധതി 40 മണ്ഡലങ്ങളിൽകൂടി വ്യാപിപ്പിക്കും. 5 കോടി രൂപ അതിനുവേണ്ടി വകയിരുത്തുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ സൈകോ സോഷ്യൽ കൗൺസിലേഴ്സിന്റെ ഓണറേറിയം 10,000 രൂപയിൽനിന്നും 12,500/- രൂപയായി വർദ്ധിപ്പിക്കുന്നു. തിരുവനന്തപുരം വൈകുണ്ഠ സ്വാമി അന്തർദേശീയ പഠന കേന്ദ്രത്തിന് പ്രഖ്യാപിച്ച 10 ലക്ഷം രൂപ ഗ്രാന്റ് 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു. തിരുവനന്തപുരം വിതുരയിൽ ചെറ്റച്ചൽ ജഴ്സി ഫാമിനോടനുബന്ധിച്ച് ഡയറി സയൻസ് കോളേജ് ആരംഭിക്കുകയാണ്. അതിന്റെ പ്രാരംഭചെലവുകൾക്ക് 25 ലക്ഷം രൂപ വകയിരുത്തുന്നു. നിറവ് പദ്ധതി കൂടുതൽ മണ്ഡലങ്ങളിലേക്ക് വ്യാപിപ്പിക്കും. മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യയ്ക്ക് എസ്.ഡി.ജി.യിൽ ഉൾപ്പെടുത്തിയ ഒന്നരക്കോടി രൂപയ്ക്ക് പുറമേ ഒന്നരക്കോടി രൂപയും കൂടിച്ചേർത്ത് 3 കോടി രൂപ വകയിരുത്തുന്നു. ഇലഞ്ഞിയിൽ ബെഞ്ചമിൻ ബെയ്ലി പാർക്കിന് 15 ലക്ഷം രൂപ വകയിരുത്തുന്നു. ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്കിന് 5 കോടി രൂപ വകയിരുത്തുന്നു. ആര്യങ്കാവ് വാണിജ്യ നികുതി ചെക്ക് പോസ്റ്റ് നവീകരണത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു. കണ്ണൂർ ജില്ലയിലെ

കൂത്തുപറമ്പ്, മലപ്പുറം ജില്ലയിലെ ഊരകം, വയനാട് ജില്ലയിലെ മുള്ളൻകൊല്ലി, മട്ടന്നൂർ എന്നീ സ്ഥലങ്ങളിൽ ഓരോ ഐ.റ്റി.ഐ. പാർക്ക് സ്ഥാപിക്കും. കാവാരികുളം കണ്ടൻ കുമാരൻ സ്മാരകം സ്ഥാപിക്കുന്നതിന് 2 ലക്ഷം വകയിരുത്തിയിരുന്നത് 5 ലക്ഷമായി ഉയർത്തി. കടലാക്രമണം രൂക്ഷമായ ബീമാപള്ളി പ്രദേശത്ത് ആറ് പുലിമുട്ടുകൾ സ്ഥാപിക്കുന്നതാണ്. എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിൽ ഒരു പൗൾട്രി ഫാമും പച്ചക്കറി സ്റ്റാളും സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു. പത്തനാപുരം മിനി സിവിൽ സ്റ്റേഷന്റെ രണ്ടാം ഘട്ടനിർമ്മാണ പ്രവർത്തന പരിപാടി ആരംഭിക്കുന്നതാണ്. കൃഷി വകുപ്പിന് മേഖലാ ഡയറക്ടറേറ്റുകൾ ആരംഭിക്കുന്നതിന്റെ ആദ്യ പടിയായി കണ്ണൂരിൽ ഒരു ഡയറക്ടറേറ്റ് തുടങ്ങു ന്നതാണ്. അംഗനവാടി ഓണറേറിയം 1,600 രൂപ ആയിരുന്നത് 2,000 ആയി വർദ്ധപ്പിക്കുന്നതാണ്. തിരുവനന്തപുരം പ്രസ് ക്ലബ് ഇന്റർനാഷണൽ മീഡിയാ സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപയാണ് ഞാൻ ബഡ്ജറ്റിൽ പറഞ്ഞിരുന്നത്. അത് 20 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു. ആശാ വർക്കേഴ്സിന് 1,000 രൂപയായി വർദ്ധിപ്പിക്കുന്നു. ഫയർ റെസ്ക്യൂ ഓപ്പറേഷനുവേണ്ടി ഫയർ ഫോഴ്സിന് അധികമായി 15 കോടി രൂപ അനുവദി ക്കുന്നു. മദ്യവിമുക്ത കേരളം പദ്ധതിക്ക് ഒരു കോടി രൂപ വകയിരുത്തുന്നു. സ്റ്റേറ്റ് എക്സൈസ് അക്കാഡമിയുടെ അടിസ്ഥാന വികസനത്തിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. എരുമേലി, പന്തളം കൊട്ടാരം, ചെങ്ങന്നൂർ, പമ്പ ബന്ധിപ്പിച്ചുകൊണ്ട് ഒരു പിൽഗ്രിം ടൂറിസ്റ്റ് സർക്യൂട്ട് വികസിപ്പിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തുന്നു. മുണ്ടക്കയം കമ്മ്യൂണിറ്റി ഹെൽത്ത്

സെന്റർ താലൂക്കാശുപത്രിയായി ഉയർത്തുന്നതാണ്. എരുമേലി മുനിസിപ്പാലിറ്റിയായി ഉയർത്തും.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ : സർ, മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. പ്രിന്റിംഗിൽ വിട്ട് പോയതാണ്.

ശ്രീ. കെ. എം. മാണി : കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂരിൽ ഒരു സബ് ട്രഷറി സ്ഥാപിക്കും. അതിനുവേണ്ടി അഞ്ച് ലക്ഷം രൂപ വകയിരുത്തും. ഇടുക്കി ജില്ലയിൽ മരിയാപുരം പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കാൻ 2 ലക്ഷം രൂപ വകയിരുത്തുന്നു. കുറുപ്പന്തറ പബ്ലിക് ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ അനുവദിക്കുന്ന നടപടിക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്നു. ശതാബ്ദി ആഘോഷിക്കുന്ന തൃശ്ശൂർ എസ്. ആർ. വി. സംഗീത വിദ്യാലയം ഒരു കോളേജായി ഉയർത്തുന്നതിന് 2 ലക്ഷം രൂപ അനുവദിക്കും. സാമൂഹ്യ പരിഷ്കർത്താവായിരുന്ന അയ്യങ്കാളിയുടെ 150 –ാം ജന്മവാർഷികം കൊണ്ടാടുന്ന ഈ അവസരത്തിൽ കൊല്ലം ജില്ലയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങുവാൻ കെ.പി.എം.എസ്.– ന് അനുമതി നൽകുന്നതാണ്. അതിലേക്ക് രണ്ട് ലക്ഷം രൂപ അനുവദിക്കുന്നു. പനമ്പിള്ളി നഗറിലെ അവന്യൂ റോഡ് വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്ക് 5 ലക്ഷം രൂപ വകയിരുത്തും. കോളേജ് ഇല്ലാത്ത മണ്ഡലങ്ങളിൽ ഒരു കോളേജ് അനുവദിക്കുമെന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയം ആണ്. മലപ്പുറത്ത് ഒരു വനിതാ കോളേജ് അതിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയാണ്. രണ്ട് തവണ ഷെഡ്യൂൾ റിവൈസ് ചെയ്തു. 60% വർദ്ധനവ് ഉണ്ടായി. പഴയ ഒരു കോടി രൂപയുടെ സ്ഥാനത്ത് വരണമെന്നുണ്ടെങ്കിൽ ഇപ്പോൾ 1,60,00,000/- രൂപ ഉണ്ടെങ്കിൽ മാത്രമേ എം.എൽ.എ. ഫണ്ട് താതാത്മ്യം പ്രാപിക്കൂ. അതുപോലെതന്നെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് ഇപ്പോൾ അഞ്ച് കോടി രൂപയാണ്. രണ്ട് തവണ ഷെഡ്യൂൾ റിവൈസ് ചെയ്തു. 7.5 കോടി രൂപ ഉണ്ടെങ്കിൽ മാത്രമേ പഴയ അഞ്ച് കോടി രൂപയുടെ മൂല്യം ഉണ്ടാവുകയുള്ളു. ഈ രണ്ട് കാര്യങ്ങൾ ദയവായി അങ്ങ് എല്ലാവർക്കും വേണ്ടി പരിഗണിക്കണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഇപ്പോൾ ഞാൻ ഇവിടെ നിന്നുകൊണ്ട് ഇത്ര തുക എന്നുപറയുന്നില്ല. ഞാൻ അത് തത്വത്തിൽ അംഗീകരിക്കുന്നു. എത്രയെന്നുള്ളത് ആലോചിച്ചിട്ട് പിന്നീട് പ്രഖ്യാപിക്കാം. എല്ലാ ക്ഷേമ പെൻഷനുകളും 100 രൂപ കൂടി വർദ്ധിപ്പിക്കും. ഗുരു ചെങ്ങന്നൂരിന്റെ പേരിൽ ഒരു കലാസാംസ്കാരിക കേന്ദ്രം സ്ഥാപിക്കുവാൻ 2 ലക്ഷം രൂപ അനുവദിക്കുന്നു. പുതുതായി രൂപീകരിച്ച വർക്കല താലൂക്കിന് ഒരു മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രാരംഭച്ചെലവുകൾക്ക് 5 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. കൊടുങ്ങല്ലൂർ അന്നമനട കേരളത്തിലെ ആദ്യ വാദ്യ കലാ ഗ്രാമമായി ഉയർത്തും. അതിന് 15 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. തിരുവനന്തപുരത്ത് കാട്ടാക്കടയിൽ ഗവൺമെന്റ് പോളിടെക്നിക്ക് സ്ഥാപിക്കും. ബഡ്ജറ്റ് പ്രസംഗത്തിൽ സ്റ്റാർ ഹോട്ടലുകളിൽ ഭക്ഷണ നികുതി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. അതുകഴിഞ്ഞ് എനിക്ക് ധാരാളം നിവേദനങ്ങൾ കിട്ടുക

യുണ്ടായി. സ്റ്റാർ ഹോട്ടൽ എന്നുപറഞ്ഞത് ഫൈവ് സ്റ്റാർ ഹോട്ടലായി പരിമിതപ്പെടുത്തും. ഫൈവ് സ്റ്റാർ ഹോട്ടലുകളിലെ ഭക്ഷണത്തിന്മേൽ മാത്രമേ നികുതി ഉണ്ടായിരിക്കുകയുള്ളൂ. മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി പ്രഖ്യാപിച്ച ഒരുകോടി രൂപ അപര്യാപ്തമാണ്. അതുകൊണ്ട് അത് 10 കോടി രൂപയായി ഉയർത്തുന്നു. മങ്കട കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുവാൻ 5 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു. പാനൂരിൽ ഒരു മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കുവാൻ 10 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു. കോന്നി ബൈപാസ് നിർമ്മിക്കുന്നതിന് ഒരു കോടി രൂപ മാറ്റി വയ്ക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, നീലേശ്വരത്ത് ഇ.എം.എസ്. സ്റ്റേഡിയം പണിയാൻവേണ്ടി ജന്മശതാബ്ദിക്ക് 2 കോടി രൂപ മാറ്റിവച്ചതാണ്. അത് ഇ.എം.എസ്.-നോട് കാണിക്കുന്ന നീതികേടാണ്. ഇ.എം.എസ്.-നെപ്പോലെയൊരാളിനെ അവഗണിക്കാൻ കഴിയുമോ? പ്രത്യേകിച്ച് അങ്ങയെപ്പോലുള്ള മഹാനായ ഒരു നേതാവിന്.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ഇ.എം.എസ്. മന്ത്രിസഭയിലെ ഒരംഗം കൂടിയായിരുന്നു. ഞാൻ ആദരിക്കുന്ന ഒരു നേതാവാണ് ഇ.എം.എസ്. അതുകൊണ്ട് 2 കോടി എന്നത് 5 കോടി രൂപയായി വർദ്ധിപ്പിക്കുന്നു.

ശ്രീ. സി. കൃഷ്ണൻ: അങ്ങ് കഴിഞ്ഞ തവണ ബഡ്ജറ്റ് ചർച്ചയ്ക്കിടയിലാണ് 12 താലൂക്കുകൾ പ്രഖ്യാപിച്ചത്. പ്രയോറിറ്റി ലിസ്റ്റിലുണ്ടായിരുന്ന പയ്യന്നൂർ അന്ന് ഒഴിവാക്കി. പിന്നീട് ആ വർഷം അവിടെ ചർച്ച ചെയ്തപ്പോൾ ഇനിയും താലൂക്കുകൾ ആകാം എന്ന് അങ്ങ് പറഞ്ഞിരുന്നു. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി പയ്യന്നൂരിൽ വന്നപ്പോൾ പതിനായിരങ്ങളെ സാക്ഷി നിറുത്തിക്കൊണ്ട് പറഞ്ഞു പയ്യന്നൂർ താലൂക്കിന്റെ കാര്യം 101 ശതമാ

നവും പരിഗണിക്കേണ്ടതാണ്. ആ കാര്യം ഞങ്ങൾ പരിഗണിക്കുമെന്ന് പയ്യന്നൂരിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും സമ്മതിച്ച ഒരു കാര്യമാണ്. ഇവിടെ സർവ്വകക്ഷി നിവേദക സംഘം വന്നപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമെല്ലാം സമ്മതിച്ച കാര്യമാണ്. അത് ഈ ബഡ്ജറ്റിൽ ഉണ്ടാകുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. അതുണ്ടായില്ല. ഇപ്പോഴെങ്കിലും അങ്ങ് പ്രഖ്യാപിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

ശ്രീ. കെ. എം. മാണി: .......(ബഹളം)..... ബഹുമാനപ്പെട്ട മെമ്പർമാർ ഒന്നു കോ-ഓപ്പറേറ്റ് ചെയ്യണം. ഞാൻ ഇതിന് ഉത്തരം പറഞ്ഞിട്ട് ബാക്കിയുള്ളവർക്ക് വഴങ്ങാം. ഗവൺമെന്റ് അതിൽനിന്ന് പിന്നോട്ട് പോകുന്നില്ല. താലൂക്ക് പുനഃസംഘടന പുനഃപരിശോധിക്കുമ്പോൾ പയ്യന്നൂരിന്റെ കാര്യം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്. 50 ബ്ലോക്കുകളിൽക്കൂടി അഗ്രോ സയൻസ് സെന്റർ വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. പാലോട് രവി: സർ, അങ്ങ് അവതരിപ്പിച്ച 4 ബഡ്ജറ്റിലും പോത്തൻകോട് കേന്ദ്രമാക്കി ഒരു മിനി സിവിൽ സ്റ്റേഷൻ തുടങ്ങാൻവേണ്ടി ഞാൻ നിവേദനം തന്നിരുന്നു. ഈ ബഡ്ജറ്റിലത് പ്രഖ്യാപിക്കണമെന്ന് പറഞ്ഞ് മൂന്നുമാസത്തിനുമുമ്പ് അങ്ങേയ്ക്ക് ഞാൻ എഴുതിത്തന്നു. ഈ ബഡ്ജറ്റിലുമുണ്ടായില്ല. ഇന്ന് മറുപടി പറയുമ്പോൾ പറയാമെന്ന് സാർ പറഞ്ഞു. നാല് പഞ്ചായത്തുകളുടേയും ഒരാസ്ഥാനമാണ് പോത്തൻകോട്. സാർ പറഞ്ഞതനുസരിച്ച് ഞാനവിടെപ്പോയി പ്രഖ്യാപിച്ചുപോയി. അവിടെയൊരു മിനി സിവിൽ സ്റ്റേഷൻ സാർ ഇപ്പോൾ അനൗൺസ് ചെയ്യണം.

ശ്രീ. കെ. എം. മാണി: സർ, ഒരിക്കലും ഞാൻ വാക്ക് മാറ്റിപ്പറയില്ല. ഈ ഗവൺമെന്റിന് ഒരു വാക്കുവ്യത്യാസവുമില്ല. പോത്തൻകോട് ഒരു മിനി സിവിൽ സ്റ്റേഷൻ പണിയട്ടെ. തീർച്ചയായും ഗവൺമെന്റ് സഹായിക്കാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ മാത്രമാണ് മിനി സിവിൽ സ്റ്റേഷനില്ലാത്തത്. മാണിസാർ അങ്ങനെയൊരു അനീതി കാണിക്കരുത്. ഞാൻ പലതവണ നിവേദനം തന്നു.

ശ്രീ. കെ. എം. മാണി: ഞാൻ ഒരു കാര്യം പറയാം. പലഭാഗത്തുനിന്നും ഇതിനുള്ള ഡിമാന്റ് വരികയാണ്. അതുകൊണ്ട് മിനി സിവിൽ സ്റ്റേഷൻ ആവശ്യമായ സ്ഥലങ്ങളിൽ മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുവേണ്ടി ജനങ്ങളും അവിടത്തെ ലോക്കൽ ബോഡീസും മുന്നോട്ടു വന്നാൽ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കകത്ത് ഒതുങ്ങി നിന്നു കൊണ്ട് ചെയ്യാവുന്ന സഹായം ഗവൺമെന്റ് ചെയ്യുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക്: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി, അങ്ങ് ഇപ്പുറത്തിരുന്നപ്പോൾ എന്റെ ആദ്യത്തെ ബഡ്ജറ്റിൽ ചോദിച്ച ചോദ്യം ഞാൻ അങ്ങയോട് ചോദിക്കുകയാണ്. എന്താണ് ടൈ; ബഡ്ജറ്റ് ടൈ ഫൈനൽ എന്താണ്?

ശ്രീ. കെ. എം. മാണി: അത് പറയാം, എന്റെ സെക്രട്ടറിമാർ അത് കാൽക്കുലേറ്റ് ചെയ്യുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അതിനകത്ത് ഒരുപാട് മാറ്റമുണ്ടായിട്ടുണ്ട്. ഇന്ന് പറഞ്ഞില്ലെങ്കിലും കുഴപ്പമില്ല. നാളെ പറഞ്ഞാൽ മതി.

ശ്രീ. കെ. എം. മാണി: നിങ്ങൾ അവിടെനിന്ന് പറയുന്ന സെൻസ് വച്ച് ഞാൻ പ്രഖ്യാപിക്കാം. ഇതെല്ലാം കൂടി എനിക്ക് ഇപ്പോൾ കണക്കുകൂട്ടാൻ

കഴിയുമോ? ഇപ്പോൾ പ്രഖ്യാപിച്ച അധിക തുകകൾ എല്ലാംകൂടി കൂട്ടി നാളെ നിയമസഭയുടെ മുമ്പിൽ വെളിപ്പെടുത്തുന്നതാണ്.

മി. സ്പീക്കർ: ഇത് വർദ്ധിപ്പിക്കാനുള്ള അവകാശം സഭയ്ക്കുണ്ട്. അങ്ങ് ഫൈനൽ ഫിഗർ നാളെ സഭയെ അറിയിച്ചാൽ മതിയാകും.

ശ്രീ. കെ. എം. മാണി: ഗവൺമെന്റിന് ചെയ്യാവുന്നതിന്റെ പരമാവധി ഉദാരമായ ഒരു സമീപനമാണ് സ്വീകരിച്ചത്. വളരെയേറെ ഇളവുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു. ആശ്വാസ നടപടികൾ കൊടുത്തുകഴിഞ്ഞു. ഇനിയും പോരാത്ത മേഖലകൾ ഉണ്ടെങ്കിൽ പിന്നീട് അത് പരിശോധിക്കാം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ചട്ടം 236(2) സസ്പെൻഡ് ചെയ്യുന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2014–15 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾക്കുമേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മ പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236–ാം ചട്ടത്തിന്റെ ഉപചട്ടം 2 അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ..... ഓർഡർ. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജനുവരി മാസം 30–ാം തീയതി രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി വൈകുന്നേരം 4.49–ന് പിരിഞ്ഞു.)